Mr. Speaker: The discussion is digressing far away from the scope of the point of order raised by the member. The Hon'ble member's conduct on a previous occasion and how it was dealt with are not matters now before the House.

Sri. M. I. Paul: I want to ascertain a fact.

Mr. Speaker: Facts which have a bearing on matters before the House can only be ascertained.

LEGISLATIVE BUSINESS

The Industrial Disputes Bill

Clause 1

വിദ്യാഭ്യാസവും, തൊഴിലും, ഭക്ഷ്യവകുപ്പും മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:) സർ, ഒന്നാമത്തെ ഭേദഗതി ഈ ബില്ല് ഇന്നു പാസാക്കാൻ കഴിഞ്ഞില്ലെങ്കിൽ മാത്രം ആവശ്യമുള്ള ഒന്നാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടനുസരിച്ച് ഇന്നിവിടെ മുന്നു ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾ പ്രവത്തനം നടത്തുന്നുണ്ട്. ഈ ബില്ല് ഇന്നതന്നെ പാസ്സായി നിയമമാകുന്നില്ലെങ്കിൽ ആ ട്രൈബ്യൂണലുകൾക്ക് അടിസ്ഥാനമില്ലാതെ വരുമല്ലൊ എന്നു കരുതിയാണ് ഈ ഭേദഗതി ഹാജരാക്കിയിട്ടുള്ളത്. ഈ ബിൽ ഇന്നതന്നെ പാസ്സാകുകയാണെങ്കിൽ അതിന്റെ ആവശ്യമില്ല. അതുകൊണ്ട് ആവശ്യമാണെങ്കിൽ ഈ ഭേദഗതി ബില്ലിന്റെ മൂന്നാം വായനസമയത്തു അവതരിപ്പിക്കാമെന്നാണുദ്ദേശിക്കുന്നതു.

Sri. K. P. Nilakanta Pillai: There is an Act (XIV) of 1947 passed by the Central Government and I understand, I am subject to correction that an amendment has been moved in the Central Legislative that it applies throughout India. If that be so, I want to know from the Hon'ble Member whether there is any use in the present Bill.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു ഭേദഗതി മൂവ് ചെയ്യുന്നുണ്ടെന്നുകേട്ടു. എന്നാൽ അതു പാസ്സായോ എന്നറിഞ്ഞുകൂടാ.

Sri. K. P. Nilakanta Pillai: I heard that the amendment has been passed that the Act will apply throughout India.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പാസ്സായാൽ ഇവിടെയും നടപ്പിൽ വരും. എന്നാൽ പാസ്സായില്ലെങ്കിൽ ഇടയ്ക്കു കുറച്ചുസമയത്തേക്കു നിയമമൊന്നുമില്ലാത്ത ഒരവസ്ഥയുണ്ടാകും. അതു വരുത്തെന്നുകരുതിയാണ് ഈ ബിൽ ഇവിടെ പാസാക്കണമെന്നുദ്ദേശിച്ചിട്ടുള്ളതു.

Sri. K. P. Nilakanta Pillai: May I know whether he is sure that it has not been passed?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നല്ല നിശ്ചയമില്ല. പാസ്സായിട്ടില്ലെന്നാണ് അറിവു.

Sri. K. P. Nilakanta Pillai: I heard that it has been passed and is in force throughout India.

Mr. Speaker: As the Hon'ble Minister has stated that the amendment to this clause given notice of by him will become necessary only if the Bill is not passed today, I think it may be postponed for consideration at the end.

Clause 2.

Sri. A. K. Patchu Pillai: Sir, I Move:

"In clause 2, sub-clause (g), delete 'or' after 'Tribunal', in line 4 and substitute 'nor' and delete in the same line, the words 'with any industry affected by such dispute' and substitute 'having any interest in any industry affected by such disputed"

എന്റെ ഭേദഗതിയനുസരിച്ചു ഇതിലെ 'ഇൻഡിപ്പെൻഡന്റ്' എന്ന വാക്കിന്റെ സ്ഥിരവചനം "unconnected with the iudustrial dispute referred to such Board, Court or Tribunal nor having any interest in any industry affected by such dispute" എന്നാകുന്നതാണ്. ഈ ഭേദഗതിയുടെ ആവശ്യമെന്താണെന്നു ഞാനൊന്നു വിശദമാക്കാം. ഏതെങ്കിലും ഒരു തൊഴിൽതക്കം ഉണ്ടാകുന്നതായ അവസരത്തിൽ അതിനെ സംബന്ധിച്ചു തീരുമാനിക്കുന്നതിനായിട്ടുണ്ടു പല ഉപാധികളും സ്വീകരിച്ചിട്ടുണ്ട്. ആ ഉപാധികളനുസരിച്ചു ഈ ബില്ലിൽ ആറും എഴും വകുപ്പുകൾ പ്രകാരമുള്ള നിയമനങ്ങളിലേക്കാണു സ്വതന്ത്രരായ, ആളു

LIBRARY ARCHIVES Kerala Legislative Assembly

കളെ നിയമിക്കണമെന്ന ഉദ്ദേശിച്ചിരിക്കുന്നതു്. അങ്ങനെ നിയമിക്കപ്പെടുന്ന ആളുകൾ തൊഴിലാളികളുടെ വിശ്വാസം ആർജ്ജിക്കണമെന്നുണ്ടെങ്കിൽ 'ഇൻഡിപ്പെൻഡന്റ്' എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥവും വ്യാപ്തിയും ഒന്നുകൂടെ വിപുലീകരിക്കേണ്ടതു് ആവശ്യമാണു്. ആ ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഭേദഗതി ഹാജരാക്കിയിരിക്കുന്നതു്. കേവലം ഇൻഡിപ്പെൻഡന്റ്' എന്നു മാത്രം പറഞ്ഞാൽ ആ തൊഴിൽ തർക്കത്തിൽ ഉൾപ്പെടാതിരിക്കുന്നവരെന്നോ അല്ലെങ്കിൽ അതിലെ ഒരു കക്ഷിയായ മുതലാളിയല്ലെന്നോ മാത്രം സംകുചിതമായ ഒരർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടുന്നതാണു്. എന്നാൽ നീതിനിർവ്വഹണം നിഷ്പക്ഷമായി നടക്കണമെങ്കിൽ മുതലാളിയൊ മുതലാളിയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു താല്പര്യമുള്ള മറ്റാരെങ്കിലുമോ അതിലുണ്ടാകരുതു്. അതുകൊണ്ടാണു് മുതലാളിയോടൊ, ആ മുതലാളി നടത്തുന്ന തൊഴിലിനോടൊ താല്പര്യമുള്ള ഒരാൾ പോലും അതിൽ കടന്നുകൂടാതിരിക്കത്തക്കവിധം 'ഇൻഡിപ്പെൻഡന്റ്' എന്നതിന്റെ നിർവ്വചനം ഇപ്രകാരം വിപുലമാക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്. ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് സാരമായ മാറ്റങ്ങളൊന്നും ഉണ്ടാകുന്നില്ല. എന്നാൽ അതേസമയം തൊഴിലാളികളുടെ വിശ്വാസം സമാർജ്ജിക്കാൻ സാധിക്കുകയും ചെയ്യും. ഒരു ചെറിയ ഉദാഹരണംകൊണ്ടു് ഞാൻ ഇതൊന്നുകൂടെ വിശദമാക്കാം. ഒരു തേയിലത്തോട്ടത്തിലെ ജോലിസമയത്തെപ്പറ്റിയോ, വേതനത്തെസംബന്ധിച്ചോ ഒരു തർക്കമുണ്ടായി എന്നു വിചാരിക്കുക. തോട്ടം മുതലാളി അതിന്മേൽ ഗവണ്മെണ്ടിലേക്കു് ഏതെങ്കിലും ഒരു ഫർജികൊടുക്കുന്നു എന്നും വിചാരിക്കുക. അതിനു് കോടതിമുഖാന്തിരമൊ, ട്രൈബ്യൂണൽ മുഖാന്തിരമൊ, ബോർഡു മുഖാന്തിരമോ പരിഹാരമുണ്ടാക്കാൻ ഗവണ്മെണ്ടു് ആവശ്യപ്പെടുന്നു. അതിലേയ്ക്കു് സ്വതന്ത്രരായ ആളുകളെ ഗവണ്മെണ്ടു് തിരഞ്ഞെടുക്കുമെന്നാണു് പറയുന്നതു്. എന്നാൽ ഇപ്പോൾ 'ഇൻഡിപ്പെൻഡന്റ്' എന്ന വാക്കിനുള്ള അർത്ഥവ്യാപ്തിയനുസരിച്ചു് ആ തോട്ടത്തിലെ തൊഴിലാളികളിലൊ മുതലാളികളിലൊ ഉൾപ്പെട്ട ആരും ട്രൈബ്യൂണലിലേയ്ക്കു് തിരഞ്ഞെടുക്കാൻ പാടില്ലെന്നമാത്രമേ അർത്ഥമാകുന്നുള്ളു. എന്നാൽ അതേസമയം അതിന്റെ അയൽപക്കത്തെ ഒരു തോട്ടത്തിലെ മുതലാളിക്കു്, അതായതു്, തർക്കമുള്ള തോട്ടത്തിലെ തീരുമാനത്തിന്റെ പ്രത്യാഘാതം തന്റെ തോട്ടത്തിലും ഉണ്ടാകുമെന്നു വിചാരമുള്ള ഒരു മുതലാളിക്കോ അയാളിൽ താല്പര്യമുള്ള ആർക്കെങ്കിലുമോ ട്രൈബ്യൂണലിൽ അംഗമാകാനുള്ള സാദ്ധ്യതകളുണ്ടു്. തർക്കമുള്ള തോട്ടത്തിൽ തർക്കത്തിന്റെ ഫലമായി കൂലി കൂട്ടണമെന്നോ, ജോലിസമയം ചുരുക്കണമെന്നോ ഒരു തീരുമാനമുണ്ടാകുന്നപക്ഷം തന്റെ തോട്ടത്തിലും അതുപോലെ ചെയ്യേണ്ടിവരുമെന്നും അതു് തനിക്കു് ദോഷകരമായിരിക്കുമെന്നും കരുതുന്ന ഒരു മുതലാളിയോ. മുതലാളിയിൽ താല്പര്യമുള്ള ഒരുവനോ അതിൽ കടന്നുകൂടുന്നപക്ഷം നീതിനിർവ്വഹണം ശരിയായും നിഷ്പക്ഷമായും നടത്തുന്നതിനു് സാധിക്കുകയില്ലെന്നു മാത്രമല്ല, ആ ട്രൈബ്യൂണലിൽ തൊഴിലാളികൾക്കു് വിശ്വാസമില്ലാതെവരികയും തൻമൂലം അതിന്റെ തീർപ്പു തൊഴിലാളികൾക്കു് സ്വീകാര്യമല്ലാതെ വരികയും ചെയ്യും. അതിന്റെ പരിഹാരത്തിനുവേണ്ടിയാണു് ഞാൻ ഈ ഭേദഗതി ഹാജരാക്കിയിരിക്കുന്നതു്. ഇതു സ്വീകരിക്കുന്നതുകൊണ്ടു് യാതൊരു വിഷമതയുമുണ്ടാകാനില്ല. അതുകൊണ്ടു് ഇതു് സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. മിസ്റ്റർ പാച്ചുപിള്ള പറഞ്ഞിട്ടുള്ള വിഷയമായിട്ടു് യോജിപ്പില്ലാഞ്ഞിട്ടല്ല ഞാൻ ഇതിനെ എതിർക്കുന്നതു്. ഈ ഭേദഗതി സ്വീകരിക്കുന്നതായാൽ ഈ ക്ലാസു് താഴെ പറയുന്ന വിധത്തിലായിരിക്കും.

"(g) a person shall be deemed to be 'independent' for the purpose of his appointment as the chairman or other member of a Board, Court or Tribunal, if he is unconnected with the industrial dispute referred to such Board, Court or Tribunal *nor having any interest in any industry affected by such dispute.*"

ഇതു് വലിയ വ്യാകരണപ്പിഴയും വാചകങ്ങളുടെ ഘടനയ്ക്കു് വളരെ ദോഷവും ഉണ്ടാക്കുന്ന ഒരു ഭേദഗതിയാണു്. ഇതു് വായിച്ചുനോക്കിയാൽത്തന്നെ ഈ വാചകത്തിനു് അർത്ഥമുണ്ടാകുന്നതല്ലെന്നു് അറിയാവുന്നതാണു്. അതു വേണ്ടിടത്തോളം ശ്രദ്ധചെലുത്താത്തതുകൊണ്ടായിരിക്കണം എന്നു ഞാൻ വിശ്വസിക്കുന്നു.

Sri. A. K. Patchu Pillai: "nor having any interest in any industry affected by such dispute", എന്നു പറഞ്ഞതുകൊണ്ടു് വ്യാകരണപ്പിഴയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്നമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

The Amendment was put and lost.

Sri. Ponnara G. Sreedhar : In clause 2, delete (v) of sub-clause (i).

അതായതു്,

(v) any industry specified in the Schedule which Government may, if satisfied that public emergency or public interest so requires, by notification in the Gazette declare to be a public Utility Service for the purposes of this Act, for such period as may be specified in the Notification.

ഇതാണു് ഡിലീറ്റ്ചെയ്യണമെന്നു ഞാൻ പറയുന്നതു്. ഇതിന്റെ ഷെഡ്യൂൾതന്നെ ഡിലീറ്റ്ചെയ്യണമെന്നു് ഞാൻ ഒരു അമെൻഡ്മെന്റ് ഫാജരാക്കിയിട്ടുണ്ടു്. വ്യവസായങ്ങളെ പ്രധാനമായിട്ടു് രണ്ടായിട്ടാണു് തരംതിരിച്ചിരിക്കുന്നതു്. ചില വ്യവസായങ്ങളെ പബ്ലിക്കു് യൂട്ടിലിറ്റി സർവീസായി പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു. ഈ വകുപ്പിൽപ്പെട്ട തൊഴിലാളികൾക്കു് അവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനു് എന്താണു് നിവർത്തിമാർഗ്ഗമെന്നു് ചോദിച്ചാൽ ഇന്നത്തെനിലയിൽ ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ഗവണ്മെണ്ടിന്റെ ഒയാളേഷ്യിയൊന്നുമില്ലാതെ മറ്റൊന്നും അവർക്കില്ല. അവരുടെ സംഘടനകൊണ്ടു് അവരുടെ ആവശ്യങ്ങൾ സാധിക്കുവാൻ സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുകയാണു്. പണിമുടക്കു നടത്തുന്നതിനു് ചില വ്യവസ്ഥകളെല്ലാം പരിപാലിച്ചിരിക്കണമെന്നു് നിയമം ഉണ്ടു്. ആ നിയമങ്ങൾക്കു വിരോധമായി പണിമുടക്കു നടത്തുകയാണെങ്കിൽ അപ്രകാരമുള്ള പണിമുടക്കു് നിയമവിരുദ്ധമാണു്. പബ്ലിക്കു് യൂട്ടിലിറ്റി സർവീസുകളിൽ നിയമപരമായ ഒരു പണിമുടക്കു് നടത്തുക എന്നുള്ളതു് മിക്കവാറും അസാദ്ധ്യമാക്കിയിട്ടുണ്ടു്. ഈ വിധത്തിൽ നോക്കിയാൽ പബ്ലിക്കു് യൂട്ടിലിറ്റി സർവീസു് എന്ന ഈ വ്യവസായങ്ങളിൽപ്പെട്ട തൊഴിലാളികൾക്കു് യാതൊരു രക്ഷയും ഇല്ലാതാണു് വന്നുചേർന്നിരിക്കുന്നതു്. പബ്ലിക്കു് യൂട്ടിലിറ്റി സർവീസു് എന്നയിനത്തിൽ ഏതെല്ലാം തരത്തിലുള്ള വ്യവസായങ്ങൾ പെടുമെന്നതിനെപ്പറ്റി പ്രത്യേകം മറ്റൊരുദ്യോഗത്തു വിവരിച്ചിട്ടുണ്ടു്. ഈ ഒരുവാചകംകൊണ്ടുതന്നെ ഇവിടെയുള്ള ഒരുമാതിരി വ്യവസായങ്ങളെല്ലാംതന്നെ പബ്ലിക്കു് യൂട്ടിലിറ്റി എന്നയിനത്തിൽ പെടുത്താവുന്നതാണു്. കൂടാതെ അഞ്ചൽ അല്ലെങ്കിൽ പോസ്റ്റു്, ടെലഫോൺ സർവീസു് എന്നിവകളും പബ്ലിക്കു് യൂട്ടിലിറ്റി സർവീസു് എന്നയിനത്തിൽ പെടുത്തിയിട്ടുണ്ടു്. പവ്വറും പാട്ടവും സപ്ലൈചെയ്യുന്ന വ്യവസായങ്ങളും പബ്ലിക്കു് യൂട്ടിലിറ്റി സർവീസിൽപ്പെടുത്തിയിരിക്കുകയാണു്. ഇതിനെല്ലാംപുറമെ ഗവണ്മെണ്ടിനു തോന്നുന്നപക്ഷം ഏതു വ്യവസായത്തെയും പബ്ലിക്കു് യൂട്ടിലിറ്റി സർവീസായി ഡിക്ലയർചെയ്യാമെന്നും ഒരു ക്ലാസ്സു് ഉണ്ടു്. പബ്ലിക്കു് യൂട്ടിലിറ്റി സർവീസുകളിൽ പണിമുടക്കുന്നതിനെ സംബന്ധിച്ചിടത്തോളം ചില നിയന്ത്രണങ്ങൾ ഉണ്ടായിരിക്കേണ്ടതാണെന്നുള്ള വസ്തുത ഞാനും സമ്മതിക്കുന്നു. എന്നാൽ അതോടുകൂടി അവരുടെ അവശതകളും പരിഹരിക്കുന്നതിനു് ചില സൗകര്യങ്ങളും അവർക്കു ചെയ്തുകൊടുക്കേണ്ടതുണ്ടു്. ആവിധ സൗകര്യങ്ങളും ഒന്നും ഈ നിയമത്തിൽ ഇല്ല. ടാൻസ്പോർട്ടു്, കോട്ടൻ ടെക്സ്റ്റയിൽസു്, ഫുഡ്സ്റ്റഫ് ഈ മൂന്നു വ്യവസായങ്ങളെക്കൂടി പബ്ലിക്കു് യൂട്ടിലിറ്റി സർവീസായി ചേർക്കാമെന്നു് തീച്ചയാക്കിയിരിക്കുന്നതിന്റെ ഉദ്ദേശമെന്താണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. പബ്ലിക്കു് യൂട്ടിലിറ്റി എന്നതിന്റെ വിവരണത്തിലൊന്നുംതന്നെ പെടാത്തതും, ആവിധത്തിലുള്ള ഒരു വ്യവസായവുമായി യാതൊരു ബന്ധവുമില്ലാത്തതാണു് ടാൻസ്പോർട്ടു്. ആവിധത്തിലുള്ള ടാൻസ്പോർട്ടിനെ പബ്ലിക്കു് യൂട്ടിലിറ്റി സർവീസിന്റെ കൂട്ടത്തിൽ പെടുത്തുകയും റെയിൽവേ അതിൽനിന്നും ഒഴിവാക്കുകയുമാണു് ചെയ്തിരിക്കുന്നതു്. കൂടാതെ കോട്ടൻ ടെക്സ്റ്റയിൽസു്, ഫുഡ്സ്റ്റഫ് ഇവകളേയും പബ്ലിക്കു് യൂട്ടിലിറ്റി സർവീസു് എന്നയിനത്തിൽ ആവശ്യമുണ്ടെങ്കിൽ ചേർക്കാമെന്നു് തീരുമാനിക്കേണ്ട വല്ല ആവശ്യവുമുണ്ടോ എന്നു ഞാൻ ഗവണ്മെണ്ടിനോടു ചോദിച്ചുകൊള്ളുന്നു. അല്പം മാസങ്ങൾക്കുമുമ്പു് ഈ ഗവണ്മെണ്ടുതന്നെ ടാൻസ്പോർട്ടു ഒരു എസൻഷ്യൽസർവീസായിട്ടുമാത്രമാണു് ഡിക്ലയർചെയ്തുകയുണ്ടായതു്. അല്ലാതെ ഒരു പബ്ലിക്കു യൂട്ടിലിറ്റിസർവീസായി ഡിക്ലയർചെയ്തുകയുണ്ടായില്ല. അക്കാലത്തു ടാൻസ്പോർട്ടുസർവീസിൽ ഒരു സ്ട്രൈക്കു നടക്കുകയും ആയിരുന്നു. ആവിധം എസൻഷ്യൽസർവീസായി ഡിക്ലയർചെയ്യുന്നതിനു് അന്നു ഗവണ്മെണ്ടിനെ പ്രേരിപ്പിച്ച കാരണങ്ങളിൽ കൂടുതലായ ഏതെങ്കിലും കാരണമുണ്ടായാലാണോ പബ്ലിക്കു്യൂട്ടിലിറ്റിസർവീസായി ഡിക്ലയർചെയ്യാമെന്നു് വച്ചിരിക്കുന്നതെന്നു് നോക്കിയാൽ അല്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നു് കാണാവുന്നതാണു്. ടാൻസ്റ്റോർട്ടു് ഒരു ധനാഗമമാർഗ്ഗമാണെന്ന കണ്ടിട്ടുമാത്രം ഗവണ്മെണ്ടു് ഏറെറടുത്തിട്ടുള്ളതാണു്. ക്രടാതെ ആവിധമുള്ള രാജ്യവ്യാപകമായ ഒരു കീ ഇൻഡസ്ട്രി ഗവണ്മെണ്ടിന്റെ നോട്ടിള്ള നിയന്ത്രണത്തിലും ഉടമസ്ഥതയിലും ഇരിക്കേണ്ടതു് ഏകശാസനാഭരണകത്താക്കാംക്ക അത്യാവശ്യമാണെന്ന കണ്ടിട്ടുംകൂടെയാണു് ഏറെറടുത്തതു്. ചുരുക്കത്തിൽ ഫാസിസ്റ്റരാഷ്ട്രങ്ങം വ്യവസായങ്ങം ഏറെറടുക്കുന്ന ഉദ്ദേശത്തോടുമാത്രംതന്നെയാണു് നമ്മുടെ ഗവണ്മെണ്ടും ടാൻസ്റ്റോർട്ട ഏറെറടുത്തതു്. ആ ഉദ്ദേശസാദ്ധ്യങ്ങൾക്കായിത്തന്നെയാണു് കൈവശംവെച്ചുകൊണ്ടിരിക്കുന്നതും. ആ സ്ഥിതിക്കു് ടാൻസ്റ്റോർട്ടു് ഒരു പബ്ളിക്കു് യൂട്ടിലിറ്റി സ്വീസാക്കാമെന്ന തീരുമാനിച്ചിരിക്കുന്നതു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ദുഷ്യമാണു്. പിന്നെ കോട്ടൺ ടെക്സ്റ്റയിൽ സാണെങ്കിൽ, നാട്ടിൽ വളരെ അധികം ഒരു കുടിൽവ്യവസായമായിട്ടും ചെറുതരം വ്യവസായമായിട്ടും നടത്തിവരുന്ന ഒന്നായതിനാൽ ആ വ്യവസായത്തെ ഒരു പബ്ലിക്കു് യൂട്ടിലിറ്റിസ്വീസാക്കുന്നതുകൊണ്ടു തൊഴിലാളികൾക്കു ദുഷ്യമല്ലാതെ ഗുണമുണ്ടാകുകയില്ല, എന്നു മാത്രവുമല്ല; ആവിധം ആക്കേണ്ട ആവശ്യവുമില്ല. തൊഴിലാളികൾക്കു അഭിവൃദ്ധിയുണ്ടാകണമെന്ന കരുതിയായിരിക്കാം പല നിയമനിർമ്മാണങ്ങളും ഇന്നത്തെ മന്ത്രിമാർ നടത്തുന്നതു്. ഇന്നുള്ള മന്ത്രിമാർ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടിയായിരിക്കാം ഈ വ്യവസ്ഥ ഈ ബില്ലിൽ ചേർത്തിട്ടുള്ളതു്. പക്ഷെ ഫലം മറിച്ചാണു്. ഇത്തരം ക്ലാസുകൾകൊണ്ടു വലിയ ബുദ്ധിമുട്ടുകൾ തൊഴിലാളികൾക്കുണ്ടാകുന്നതാണു്. ഈവിധത്തിൽതന്നെ നിയമം പാസ്സായാലും, ഒരുപക്ഷെ ഇന്നത്തെ മന്ത്രിമാർ തൊഴിലാളികൾക്കു ദുഷ്യമായി അവയെ ഉപയോഗിക്കുകയില്ലായിരിക്കാം. പക്ഷെ ഈ മന്ത്രിമാർപോയിവേറെ മന്ത്രിമാർ വരുമ്പോം ഇതേനിയമംതന്നെ അവർ തൊഴിലാളികളുടെ നേക്കു് അവക്കുദുഷ്യമായി പ്രയോഗിച്ചേക്കാനിടയുണ്ടു്. അതുകൊണ്ടു ഒരു കോട്ടേജു് ഇൻഡസ്ട്രിയായ കോട്ടൺ ടെക്സ്റ്റയിൽസിനെ പബ്ളിക്കു് യൂട്ടിലിറ്റി സ്വീസാക്കുവാൻ ഒരിക്കലും പാടില്ലാത്തതാണു്. ഗവണ്മെണ്ടിനാവശ്യമെന്നു തോന്നുമ്പോം പബ്ളിക്കു് യൂട്ടിലിറ്റി സ്വീസാക്കാവുന്ന വ്യവസായങ്ങളിൽ മൂന്നാമതായി കൊള്ളിച്ചിരിക്കുന്ന 'ഫസ്റ്റ്സ്റ്റഫ്സു' ആണു്. കഷ്ടകതൊഴിലാളികൾക്കു ഗുണം ചെയ്യാനാണു ആ വ്യവസായംകൂടി ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിൽ, ഈവിധം ഗുണംചെയ്യാതിരുന്നാൽ മതിയെന്നേ അവക്കപേക്ഷയുള്ളു. അല്ലാ അവരെ ഉപദ്രവിക്കാനാണുദ്ദേശമെങ്കിൽ അതു സൂക്ഷിച്ചുവേണമെന്നേ എനിക്കു പറയാനുള്ളു.

കർഷകതൊഴിലാളികളുടെ ജീവിതത്തിനുപോലും മതിയാകാത്ത കൂലി കൊടുത്തിട്ടു അവരെക്കൊണ്ടു എല്ലുമുറിയെ പണിയെടുപ്പിക്കുന്ന കുട്ടനാട്ടെ ജന്മികളെ സഹായിക്കാനാണു ഇതുകൊണ്ടു ഉദ്ദേശമെങ്കിൽ അതു വലിയ അബദ്ധമായിപ്പരിണമിക്കുമെന്നാണു് എനിക്കു് ഈയവസരത്തിൽ പറയുവാനുള്ളതു്. ഈ വ്യവസായത്തെകൂടെ പബ്ളിക്കു് യൂട്ടിലിറ്റി സ്വീസാക്കുന്നതുകൊണ്ടു യാതൊന്നും കൈവരുവാൻപോകുന്നില്ല. ഉൽപാദനങ്ങളൊന്നും വർദ്ധിക്കുവാൻപോകുന്നില്ല. ഈ സ്ഥിതിക്കു ഈ മൂന്നു വ്യവസായങ്ങളേയും പബ്ളിക്കുയൂട്ടിലിറ്റി സ്വീസുകളാം എന്ന ഇനത്തിൽ ഒരിക്കലും ചേർക്കുവാൻപാടില്ലാത്തതാണു്. അതുകൊണ്ടു് ഈ സബ് സെക്ഷൻ ഈ ബില്ലിൽനിന്നു എടുത്തു മാററണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഇതു ഒരു പുതിയ നിയമമല്ല. ഈ നിയമം ഫസ്റ്റ് മുതൽ മൂന്നുകൊല്ലം ഇൻഡ്യയിലും, ഫ്രഫർ മുതൽ ഒന്നിലധികം കൊല്ലം തിരുവതാംകൂറിലും ഇരുന്നിട്ടുണ്ടു്. ഫ്രാഞ്ചൈസ്-നമ്പർ ആക്ടു് കൊച്ചി ലേജിസ്ലേച്ചർ കൂടി ഏർപ്പെടുത്തുന്നതിനുവേണ്ടിമാത്രമാണു് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതു്. അന്നത്തേതിൽനിന്നു യാതൊരു മാററവും ഈ വകുപ്പിനു വരുത്തിയിട്ടില്ല. ശ്രീ. ശ്രീധർ കൊണ്ടുവന്ന വാദം സെലക്ടകമ്മിററിയിലും അദ്ദേഹം കൊണ്ടുവരികയുണ്ടായി. സെലക്ടകമ്മിററിയിലും ഈ നിലയിൽതന്നെ ആ വകുപ്പു ഇരിക്കട്ടെ എന്നാണു് തീർച്ചയാക്കിയതു്. ഇതിന്റെ ഗുണദോഷത്തെപ്പററി നോക്കിയാൽ ചില കാര്യങ്ങം പൊതുജനങ്ങളെ ബാധിക്കുന്നതാണു്. പബ്ളിക്കുയൂട്ടിലിറ്റി സ്വീസാക്കേണ്ട ചില കാര്യങ്ങം ഈ സെക്ഷനിൽതന്നെ പറഞ്ഞിട്ടുണ്ടു്. കൂടാതെ മറെറ ചില കാര്യങ്ങം ഒരു ഗവണ്മെണ്ടു നോട്ടിഫിക്കേഷൻമൂലം പബ്ളിക്കു് യൂട്ടിലിറ്റി സ്വീസായി പ്രഖ്യാപനം ചെയ്യാവുന്നതാണെന്നു പറയുന്നുണ്ടു്. അങ്ങിനെയാണു ടാൻസ്റ്റോട്ടു സ്വീസു പബ്ളിക്കുയൂട്ടിലിറ്റി സ്വീസായി ഗണിക്കപ്പെടുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ: ട്രാൻസ്പോർട്ടിനെ തിരുവിതാംകൂർ ഗവണ്മെണ്ട് ഇതുവരെ പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസായി ഡിക്ലയർചെയ്തിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫ ഫ ഫ ഫ-ലെ ന-ാം ആക്ടപ്രകാരം സന്ദർഭവും ആവശ്യവുമനുസരിച്ച് ഗവണ്മെണ്ടിനു് ചില ഇൻഡസ്ട്രീസിനെ പബ്ലിക്ക്യൂട്ടിലിറ്റി സർവ്വീസായി ഡിക്ലയർചെയ്യാമെന്നുപറഞ്ഞിട്ടുണ്ട്. കർഷകത്തൊഴിലാളികളെ ഈ ആക്ട് ബാധിക്കുകയില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ട്രാൻസ്പോർട്ട എന്നു പറഞ്ഞിരിക്കുന്നതിൽ പ്രൈവറ്റ ട്രാൻസ്പോർട്ട സർവ്വീസുകൂടി ഉൾപ്പെടുകയില്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉൾപ്പെടും.

ശ്രീ. എ. കെ. പാച്ചുപിള്ള: ആ നിലയ്ക്ക് പ്രൈവറ്റ് ട്രാൻസ്പോർട്ടസർവ്വീസിലുള്ള തൊഴിലാളികൾ സ്ട്രൈക്കുചെയ്യുന്നതുകൂടി കുറ്റകരമാക്കിത്തീർക്കാമല്ലൊ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില ഗൗരവസന്ദർഭങ്ങൾ വരുമ്പോൾ ഈ നാട്ടിലെ പ്രൈവറ്റ ട്രാൻസ്പോർട്ട ഉൾപ്പെടെ എല്ലാ ട്രാൻസ്പോർട്ടസർവ്വീസുകളും പബ്ലിക്ക്യൂട്ടിലിറ്റി സർവ്വീസായി പരിഗണിക്കേണ്ടതായിവരും. ഈ ആക്ട് ഫ ഫ ഫ-ൽ തന്നെ ഇവിടെ പാസായി. അതു കൊച്ചിയെക്കൂടി ബാധിക്കുവാൻവേണ്ടിയാണ് ഇപ്പോൾ ഈ നിയമം പാസാക്കുന്നതു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഫുഡ് ഇൻഡസ്ട്രീസ് എന്നു പറഞ്ഞിരിക്കുന്നതു് എന്തിനെ ഉദ്ദേശിച്ചാണ്? ആഹാരസാധനങ്ങൾ കച്ചവടം ചെയ്യുന്നവരെ ഉദ്ദേശിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആഹാരസാധനങ്ങൾ സംബന്ധിച്ച ഇൻഡസ്ട്രീസ് എന്നേയുള്ളൂ. അല്ലാതെ കച്ചവടക്കാരെ സംബന്ധിച്ചല്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: അതിലേക്കു ഒരു ഉദാഹരണം പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അരി വിതരണംചെയ്യുന്നതിനുവേണ്ടി സർക്കാർ ഏർപ്പെടുത്തുന്ന മില്ലുകൾ ഇതിൽ ഉൾപ്പെടും.

Sri. P. S. Nataraja Pillai: Will not coolies who are engaged in loading and unloading work be included?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും പെടും.

ശ്രീ. എ. കെ. പാച്ചുപിള്ള: സെക്ഷൻ ഫ ഫ അനുസരിച്ച് പബ്ലിക്ക്യൂട്ടിലിറ്റി സർവ്വീസാക്കുന്നതിനുമുമ്പ് ഒരു മാസത്തെ നോട്ടീസ് കൊടുക്കണ്ടെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുക്കണം. പബ്ലിക്ക് യൂട്ടിലിറ്റിസർവ്വീസായി ഡിക്ലയർചെയ്തകഴിഞ്ഞാൽ അതുസംബന്ധിച്ചുള്ള സകല വ്യവസ്ഥകളും ഉടനെ നടപ്പിൽവരും. പൊതുജനങ്ങളുടെ ആവശ്യവും തൊഴിലാളികളുടെ ആവശ്യവും തമ്മിൽ ഒരു സംഘട്ടനം വരുമ്പോൾ ജനസാമാന്യത്തിന്റെ ആവശ്യങ്ങൾക്കു മുൻഗണന കൊടുക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം.

ശ്രീ. സി. സി. പ്രസാദ്: ഫ ഫ ഫ-ൽ ഇവിടെ ഒരു ജനകീയമന്ത്രിസഭയാണോ ഉണ്ടായിരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

The amendment was put and lost.

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

Clauses 3 and 4

The question that Clauses 3 and 4 stand part of the Bill was put and carried.

Clauses 3 and 4 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 5

Sri. A. K. Patchu Pillai : Sir, I move the following: "In clause 5, sub-clause (3) proviso between the words 'such' and 'persons', add 'independent'".

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, 5-ാംവകുപ്പു് ഉദ്ദേശിച്ചിരിക്കുന്നതു കൺസിലിയേഷൻ ബോർഡിനെ നിയമിക്കുന്നതിനായിട്ടാണു്. കൺസിലിയേഷൻ ബോഡർ് ഗവമ്മെണ്ടു ഉണ്ടാക്കുമ്പോൾ അതിന്റെ ചെയർമാൻ ഇൻഡിപെൻഡൻറ ആയ ഒരാളായിരിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ബാക്കിയുള്ള അംഗങ്ങളും തൊഴിലാളികളുടേയും മുതലാളിയുടേയും തുല്യനിലയിലുള്ള നാമനികളായിരിക്കണമെന്നു പറയുന്നുണ്ടു്. അങ്ങനെ ഏതെങ്കിലും ഒരു കക്ഷി നാമനികളെ ശുപാർശചെയ്യാതിരിക്കുന്നപക്ഷം ഗവമ്മെണ്ടിനു ഒരാളെ നിയമിക്കാം എന്നു മാത്രമേ പറയുന്നുള്ളു. ഇരുകക്ഷികളിലുമുള്ള ആളുകളെ കിട്ടാതെ വരികയാണെങ്കിൽ, മുൻപെ നിർദ്ദേശിച്ചതുപോലെ ഇൻഡിപ്പെൻഡൻറായ ആളുകളെ ആയിരിക്കണം നിയമിക്കുവാൻ എന്നുമാത്രമേ ഞാൻ ഈ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളു. രണ്ടു കക്ഷികളുംതമ്മിൽ തർക്കം ഉണ്ടാകുമ്പോൾ തീരുമാനം ചെയ്യണ്ടതു സ്വാഭാവികമായിനോക്കുമ്പോൾ ഇരുകക്ഷികളിലും പെടാത്ത ആളുകൾതന്നെയായിരിക്കണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വകുപ്പിൽ ബഹുമാനപ്പെട്ട മെംബർ നിർദ്ദേശിച്ച ഭേദഗതി സ്വീകരിക്കുന്നപക്ഷം ഇൻഡിപ്പെൻഡൻറ് എന്ന വാക്കിന്റെ അർത്ഥവ്യാപ്തിതന്നെ എത്രകണ്ടു ശരിയാകുമെന്നുള്ളതിൽ സംശയമുണ്ടു്. ഇതിൽ പറയുന്നതു ചെയർമാൻ ഇൻഡിപ്പെൻഡൻറ് ആയിരിക്കണമെന്നാണു്. പിന്നീടുള്ള അംഗങ്ങൾ പാർട്ടിയെ റപ്രസൻറചെയ്യുന്നതായിരിക്കണം. പാർട്ടിയെ റപ്രസൻറചെയ്യുക എന്നു പറയുമ്പോൾ, അയാൾ ഇൻഡിപ്പെൻഡൻറകൂടി ആയിരിക്കണമെന്നു പറയുന്നതു ഒരുപക്ഷെ വിരോധാഭാസമായിരിക്കും. അതുകൊണ്ടു ഗവമ്മെണ്ടു നാമനിറചെയ്യുന്ന ആൾ മാത്രമേ ഇൻഡിപ്പെൻഡൻറ ആയിരിക്കാവൂ.

ശ്രീ. എ. കെ. പാച്ചുപിള്ള: മുതലാളിപക്ഷത്തിനു അനുകൂലമാകുന്നതിരിക്കാൻവേണ്ടി ഇൻഡിപ്പെൻഡൻറ് എന്ന പദം ഉപയോഗിക്കുന്നതിൽ വിരോധമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുതലാളിതാല്പര്യത്തിനും തടസ്സമുണ്ടാക്കിക്കൂടാ തൊഴിലാളികളുടെ താല്പര്യത്തിനും വിഘാതം വന്നുകൂടാ. എന്നതന്നെയല്ല, ഈവക കുഴപ്പങ്ങളിൽ ഗവമ്മെണ്ടു അസംബന്ധം പ്രവർത്തിക്കുകയില്ല എന്ന പ്രതീക്ഷയോടുകൂടിവേണം നിയമനിർമ്മാണം നടത്തുവാൻ. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The question that clause 5 stand put of the Bill was put and carried.

Clause 5 Bill was added to the Bill.

Clause 6

Sri. A. K. Patchu Pillai: Sir, I move the following amendment.

"In clause 6 (1), line 1, delete 'as occasion arises' and add "when both the parties to an Industrial dispute demand it." ഈ ഭേദഗതി ഞാൻ ഹാജരാക്കുന്നതോടുകൂടി ഒരു വിശദീകരണംകൂടി നൽകേണ്ടതായിവന്നിരിക്കുന്നു. ഒരു കോർട്ടു് ഓഫ് എൻകയറിയുടെ കാര്യമാണു ഇവിടെ പറയുന്നതു്. തർക്കം തീർക്കുന്നതിനു കൺസിലിയേഷൻബോർഡു കൂടാതെ ഒരു കോടതിയെ നിയമിക്കുന്നതിനുള്ള അവകാശംകൂടി കൊടുത്തിരിക്കുകയാണു്. അങ്ങനെയൊരു കോടതിയെ നിയമിക്കുന്നതുകൊണ്ടു ഉണ്ടാകാവുന്ന ഗുണങ്ങളും ദോഷങ്ങളും എന്തെല്ലാം, തൊഴിൽത്തർക്കങ്ങൾ തീർക്കുന്നതിനു ഇതു എത്രത്തോളം സഹായകമായിരിക്കും, തീരുമാനത്തിനു കാലതാമസമുണ്ടാകുമോ, അതിനു നിവാരണമാർഗ്ഗം വല്ലതുമുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങൾകൂടി ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട മന്ത്രി ദയാപൂർവം ആലോചിക്കേണ്ടതാണു്. ഇന്നു നിലവിലിരിക്കുന്ന സമ്പ്രദായം അനുസരിച്ചു് "Government may as occasion arises constitute a court" ഗവമ്മെണ്ടാണു് ഇങ്ങനെ ഒരു കോടതി സ്ഥാപിക്കേണ്ടതു്. ഏതെങ്കിലും കക്ഷി അതിന്റെ ഇനിഷ്യേറ്റീവ് എടുത്തിട്ടായിരിക്കും കോടതിയെ നിയമിക്കുന്നതു്. ഒരു തൊഴിൽ ഉടമസ്ഥനോ, അല്ലെങ്കിൽ തൊഴിലാളികളോ ഇതിന്റെ ഇനിഷ്യേറ്റീവു് എടുത്തുവെന്നുവരാം. ആവശ്യമുള്ളേടത്തോളമേ ഈ കോടതി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. കോടതിയുടെ അധികാരത്തെപ്പറ്റി പറഞ്ഞാൽ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഷ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

തന്നെ ഉപയോഗിക്കുന്നപക്ഷം അതു ഒരു 'വിരോധാഭാസമാണ്'. കോടതി എന്നുള്ള ഒരു 'ആക്ഷേപപദം' അവിടെ വച്ചിരിക്കുന്നുവെന്നല്ലാതെ യാതൊരധികാരവും ആ കോടതിക്കില്ല. ഒരു കോടതിക്കു ആ കോടതിയുടെ തീർച്ച നടപ്പിൽവരുത്താനുള്ള എക്സിക്യൂട്ടിവ് അധികാരം കൂടിയുണ്ടായിരിക്കണം. ഇവിടെ ഗവണ്മെണ്ടാണ് ആ അധികാരമുള്ളതു്. ഗവണ്മെണ്ടിനു ഈ കോടതിയുടെ തീർച്ച ഇഷ്ടംപോലെ സ്വീകരിക്കുകയോ നിഷേധിക്കുകയൊചെയ്യാം. അങ്ങനെയുള്ള ഒരു കോടതി, ഫങ്ക്ഷൻചെയ്യുതുടങ്ങിയതുമുതൽ ആറുമാസംവരെ പ്രവർത്തിക്കുന്നതുകൊണ്ടു എന്തുപ്രയോജനമാണുണ്ടാകാൻപോകുന്നതു്? വളരെ ദീർഘകാലം തർക്കത്തിൽ ഏർപ്പെട്ടതിനുശേഷം ഒരു കോടതിയെ ഏർപ്പെടുത്തുകയും കോടതി അതിന്മേൽ ഒരു തീരുമാനം ഉണ്ടാക്കുക യും ചെയ്യുവെങ്കിൽതന്നെ ആ തീർച്ചയെ ഗവർമ്മെണ്ടിന്റെ ഇഷ്ടം പോലെ സ്വീകരിക്കുകയോ, സ്വീകരിക്കാതിരിക്കുകയോ ചെയ്യാം എന്നു വയ്ക്കുന്നതുകൊണ്ടു എന്തുപ്രയോജനമാണുണ്ടാവുക? പിന്നെ ഈ കോടതിയുടെ ആവശ്യമെന്താണു്? അതിനു വളരെ സൂക്ഷ്മപരമായ ഒരു നിർദ്ദേശമാണു് ഞാൻ ഇവിടെ കൊടുത്തിരിക്കുന്നതു്. "When both party to an industrial dispute demand it." ഇരുകൂട്ടരും ആ തൊഴിൽതർക്കം തീർക്കുന്നതിനുവേണ്ടി ഗവണ്മെണ്ടിനെ സമീപിക്കണം. ഓരോ കക്ഷിയുടേയും ആവശ്യമാണു അതു തീർക്കണമെന്നുള്ളതു്. ന്യായമായ ഉപാധിയിൽകൂടി ഈ തർക്കത്തിനു ഒരു പര്യവസാനം വരുത്തണമെന്നു ഈ കക്ഷികൾക്കു താല്പര്യമുണ്ടായിരിക്കണം. അങ്ങനെ ഗവണ്മെണ്ടിനെ ഇവർ സമീപിക്കുമ്പോൾ ഇതു പര്യവസാനിപ്പിക്കണമെന്നുള്ള ജാഗ്രതയോടുകൂടി ഗവണ്മെണ്ടിനു പ്രവർത്തിക്കാവുന്നതാണു്. അങ്ങനെ ചെയ്താൽ അങ്ങനെ ഗവണ്മെണ്ടു ഇരുകക്ഷികളുടേയും ആവശ്യപ്രകാരം ഒരു കോടതിയെ നിയമിക്കുന്നപക്ഷം, പിന്നെ ഇരുകക്ഷികൾക്കും അതു എളുപ്പം പുറകോട്ടു പോകാൻ സാദ്ധ്യമല്ല. ഇതുസംബന്ധിച്ചു യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക, ആസ്ട്രേലിയ, ഇംഗ്ലണ്ടു് മുതലായ സ്ഥലങ്ങളിൽ അനേകനിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. ഇങ്ങനെ നിർബന്ധിതമായി കൊണ്ടുവന്ന നിയമങ്ങൾ എല്ലാം അപ്രായോഗികമാണെന്നുകണ്ടിട്ടു് ഈ നിയമങ്ങൾ ഒന്നും ആവശ്യമില്ല എന്നു തീരുമാനിക്കുകയാണുണ്ടായതു്. ഇതുപോലെ ഒരു നിയമം കൃാനഡായിൽ ഫസ്റ്റ് ഫ്ര്-ൽ ഉണ്ടാക്കി. പത്തുപതിനൊന്നു വർഷം ആ നിയമം അവിടെ പ്രവർത്തനം നടത്തി. ഒടുവിൽ ഫൻഫർ-ൽ ഇതിനെപ്പറ്റി പ്രിവികൗൺസിലിൽ ഒരാം അപ്പീൽ കൊടുത്തു. ഈ നിയമം മഴലികാവകാശങ്ങൾക്കു വിരുദ്ധമായ ഒരു സംഗതിയാണു്, അതനുവദിക്കാൻ പാടില്ല, നിയമം പാടെ തെറ്റാണു് എന്നു പ്രിവികൌൺസിൽ വിധിച്ചു. അതിനുശേഷമാണു കൃാനഡായിൽ ആ നിയമം മാറ്റിയതു്. അതുപോലെ വിക്ടോറിയാ, ന്യൂസിലണ്ടു് എന്നീ രാജ്യങ്ങളിലും നിയമം മാറ്റിയിട്ടുണ്ടു്. ന്യൂസ്ലണ്ടിൽ ഈ നിയമം മാറ്റിയതിന്റെ ഫലമായി അവിടെ തർക്കംതന്നെ അധികമുണ്ടാകുന്നില്ല. "പണിമുടക്കു് ഇല്ലാത്ത രാജ്യം" "The land of no strike" എന്തെന്നാൽ തൊഴുകക്ഷികളുംകൂടി യോജിച്ചു തീരുമാനിച്ചുകൊണ്ടാണു് തർക്കം തീർക്കുന്നതിലേക്കായി ഗവണ്മെണ്ടിനെ സമീപിക്കുന്നതു്. ഇരുകക്ഷികളുടെയും പ്രേരണകൊണ്ടാണു് ഒരു കോടതിയെതന്നെ നിയമിക്കുന്നതു്. ഇതുസംബന്ധിച്ചു് പല രാജ്യങ്ങളിലും ഇന്നു നിലവിലിരിക്കുന്ന നിയമങ്ങളും നടപടിക്രമങ്ങളും എന്റെ മുമ്പിൽ ഇരിക്കുന്നതു ഞാൻ സമയച്ചുരുക്കത്താൽ ഇപ്പോൾ ഉദ്ധരിക്കുന്നില്ല. ഇങ്ങനെ കോടതിയെ ഇവിടെ നിയമിച്ചാൽതന്നെയും കേസുകൾ തീരുമാനിക്കുന്നതിനു് വളരെ കാലതാമസം നേരിടുന്നതാണു്. എന്തെന്നാൽ കോടതിക്കു കൊടുത്തിരിക്കുന്ന പൗവ്വർ അനുസരിച്ചു് അല്ലെങ്കിൽ കോടതി ചട്ടപ്രകാരം കേസുകളിലെ തീരുമാനത്തിനുവേണ്ടി അതിനൊരു തെളിവു ശേഖരിക്കുന്നതിനായി സാക്ഷികളെ വിസ്തരിക്കുകയും മുഴുവൻ പ്രമാണങ്ങളും വരുത്തി പരിശോധിക്കുകയും മറ്റും ചെയ്യേണ്ടിയിരിക്കുന്നു. സിവിൽ പ്രൊസീഡർ വ്യവസ്ഥകൾ അനുസരിച്ചുമാത്രമേ കേസു് തീരുമാനിക്കാൻ സാധിക്കയുള്ളൂ. ചിലപ്പോൾ കക്ഷികളോ അല്ലെങ്കിൽ സാക്ഷികളിൽ ആരെങ്കിലുമോ കോടതിയിൽ ഹാജരായില്ലെങ്കിൽ കേസു് വളരെക്കാലത്തേക്കു നീട്ടിവച്ചുകൊണ്ടുപോകാൻ ഇടവരുന്നതുമാണു്. ആ വിധത്തിലുള്ള കാലതാമസം ഉണ്ടാകാതിരിക്കാൻ വേണ്ടിയാണു് ഇരുകക്ഷികളുംകൂടി യോജിച്ചു ഗവണ്മെണ്ടിനെ സമീപിക്കുകയോ അതെല്ലെങ്കിൽ അവർ തങ്ങളിൽ ഒരു ഒത്തുതീർപ്പിൽ അവസാനിപ്പിക്കുകയോ ചെയ്യണമെന്നു് ഞാൻ പറയുന്നതു്. ഗവണ്മെണ്ടിനു് ഈ വിഷയത്തിൽ ഇഷ്ടംപോലെ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നിടത്തോളം കാലം ഈമാതിരി കഴപ്പുള്ള

LIBRARY ARCHIVES Kerala Legislative Assembly

ളെ സംബന്ധിച്ചിടത്തോളം അവ കോടതിക്ക അയച്ചുകൊടുക്കേണ്ടിവരുന്നതു്, വിശേഷിച്ചും ഒരു സ്ട്രൈക്കുമൂലം ജോലിയിൽനിന്നും ബഹിഷ്കരിക്കപ്പെട്ട ഒരു തൊഴിലാളിയും അവന്റെ കുടുംബവും പട്ടിണി കിടക്കേണ്ടിവരുമ്പോൾ, ഒരു കോടതിയുടെ അവസാന തീരുമാനംവരെ ഇവനും ഇവന്റെ കുടുംബാംഗങ്ങളും പട്ടിണികിടന്നു് കഷ്ടപ്പെടുകതന്നെ ചെയ്യും. അപ്രകാരം സംഭവിക്കാതിരിക്കാൻ വേണ്ടിയാണു് ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഞാൻ മുമ്പുപറഞ്ഞവിധം നിയമം അംഗീകരിച്ചിരിക്കുന്ന യു. എസ്സ്. എ. യിലെ 8 സ്റ്റേറ്റുകളിൽ പന്ത്രണ്ടു രാജ്യംമാത്രമാണു് ഇരുകക്ഷികളും ചേരാതുള്ള തീരുമാനം നിർബന്ധിതമാക്കിയിരിക്കുന്നതു്. എന്നാൽ തൊഴിലാളികളുടെ ദൈനംദിന രക്ഷകളെ ആസ്പദമാക്കി വേണം നാം ബില്ലിൽ വ്യവസ്ഥ ചെയ്യാനുള്ളതു്. ഈ സംഗതിയെ മുൻനിറുത്തിയാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അതുകൊണ്ടു് എന്റെ ഭേദഗതിയെ സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മി. എ. കെ. പാച്ചുപിള്ളയുടെ ഭേദഗതിയെ ഞാൻ എതിർക്കുന്നു. തൊഴിൽ തർക്കങ്ങളും കോടതിയുമായി യാതൊരു ബന്ധവുമില്ല. തൊഴിൽ തർക്കങ്ങൾ ഉണ്ടായാൽ അവയെ തീർക്കുന്നതു കൺസിലിയേഷൻ ആഫീസർ, കൺസിലിയേഷൻ ബോർഡു്, ട്രിബ്യൂണൽ എന്നിങ്ങനെ മൂന്നു ഉപാധികൾ മൂലമാണു്. ഇവയെപ്പറ്റി നാലാമത്തെ വകുപ്പിൽ പറയുന്നതു് ഞാൻ വായിക്കാം.

"Government may, by notification in the Gazette, appoint such number of persons as they think fit, to be conciliation officers, charged with the duty of mediating in and promoting the settlement of industrial disputes."

അഞ്ചാമത്തെ വകുപ്പിൽ പറയുന്നതും ഞാൻ സഭയുടെ അറിവിലേയ്ക്കായി വായിക്കുന്നു.

"Government may as occasion arises, by notification in the Gazette constitute a Board of Conciliation for promoting the settlement of an industrial dispute."

ഇതുകൂടാതെ ബില്ലിന്റെ ഏഴാംവകുപ്പിൽ പറയുന്നതു ഇപ്രകാരമാണു്.

"Government may constitute one or more Industrial Tribunals for the adjudication of industrial disputes in accordance with the provisions of this Act."

തൊഴിൽതർക്കം തീർക്കുന്നതിനു് ഇത്രയും വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. അതല്ലാതെ കോടതിയിൽനിന്നും ഒരു അനേഷണം എന്ന നിലക്ക ഒന്നുംതന്നെയില്ല. ഉദാഹരണമായി പറയുകയാണെങ്കിൽ ഈ ബില്ലിലെ പത്താംവകുപ്പു്, മൂന്നാം ഉപവകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥ വായിച്ചുനോക്കിയാൽ കോടതിക്ക വലിയ ബന്ധം ഒന്നും ഇതുസംബന്ധിച്ചു് ഇല്ലെന്നു കാണാവുന്നതാണു്. ആ ഭാഗം ഞാൻ ഇവിടെ വായിക്കാം.

"Where an industrial dispute has been referred to a Board or Tribunal under this Section Government may by order prohibit the continuance of any strike or lock out....."

കോടതിയിൽനിന്നും തൊഴിൽ തർക്കങ്ങളെപ്പറ്റി ഒരു അനേഷണം വച്ചാൽതന്നെയും തൊഴിലാളികളും മുതലാളികളും തമ്മിലുണ്ടാകുന്ന സ്ട്രൈക്കോ ലാക്കൗട്ടോ നിറുത്തിവക്കാനുള്ള അധികാരം കോടതിക്ക നൽകിയിട്ടില്ല. അവ എപ്രകാരമാണു് നിവർത്തിക്കേണ്ടതു എന്നുള്ളതിലേക്കു് പത്താംവകുപ്പു് ഞാൻ വായിക്കട്ടെ.

"No workman who is employed in any industrial establishment shall go on strike in breach of contract and no employer or any such workman shall declare a lock-out—

(*a*) during the pendency of conciliation proceedings before a Board and seven days after the conclusion of such proceedings ;

(*b*) during the pendency of proceedings before a Tribunal and for six weeks after the conclusion of such proceedings; or

(c) during any period in which a settlement or award is in operation, in respect of any of the matters covered by the settlement or award."

ഈ വകുപ്പുകളിൽനിന്നും തെളിയുന്നതു കൺസിലിയേഷൻ ബോർഡിനെപ്പോലെയോ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനെപ്പോലെയുള്ള ഒരു സ്ഥാപനമല്ലാ കോട്ട് ഓഫ് എൻക്വയറി. എന്നാൽ വ്യവസായ സ്ഥാപനങ്ങളെപ്പറ്റി വല്ല സ്ട്രൈക്കോ ലോക്കൗട്ടോ ഉണ്ടായാൽ അവയുടെ തെളിവുകളും സ്വഭാവങ്ങളും ശേഖരിക്കുന്നതിനും നിശ്ചയിക്കുന്നതിനുമുള്ള ഒരു സ്ഥാപനമാണു്.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: May I refer the Hon'ble Minister to clause 10 (1) (b) "If any industrial dispute exists or is apprehended, Government may by order in writing—(a).....; or (b) refer any matter appearing to be connected with or relevant to the dispute to a Court of enquiry;.....?

Sri. PanampIli Govinda Menon: That relates to Court of enquiry.

കോട്ട് ഓഫ് എൻകയറിയുടെ ആവശ്യം വരുന്നതു ശമ്പളം ബോണസു് അവധി മുതലായ പ്രശ്നങ്ങളെ സംബന്ധിച്ചാണു്. ബോണസിന്റെ കാര്യംതന്നെ നമുക്കു ഇവിടെ ഉദാഹരണമായിട്ടെടുക്കാം. തൊഴിലാളി ബോണസു് വേണമെന്നു മുതലാളിയോടു് ആവശ്യപ്പെട്ടപ്പോൾ മുതലാളി പറയും, വ്യവസായത്തിൽ ലാഭമൊന്നുമില്ല അതുകൊണ്ടു് ബോണസു് തരുവാൻ നിവർത്തിയില്ലായെന്നു്. അതുപോലെതന്നെ തൊഴിലാളി പറയുന്നതു അനാവശ്യമായ പണച്ചെലവുകൊണ്ടാണു് മുതലാളിക്കു ബോണസു് തരാൻ സാധിക്കാത്തതെന്നും അതല്ലെങ്കിൽ ഞങ്ങൾക്കു ശമ്പളത്തിനുംപുറമെ ബോണസു് കിട്ടാനുള്ള പരിതഃസ്ഥിതിയും മുതലാളിക്കുണ്ടായിരുന്നുയെന്നാണു്. ഇതു കേൾക്കുമ്പോൾ മുതലാളി പറയുന്നതു് തൊഴിലാളി വേല ചെയ്യുന്നില്ലായെന്നും ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്നുയെങ്കിൽ അവർക്കു ബോണസു് കൊടുക്കാൻ സാധിക്കുമായിരുന്നുമെന്നുമാണു്. ഈ തർക്കങ്ങൾ തീർക്കുന്നതിനു വേണ്ടിയാണു് കോട്ട് ഓഫ് എൻകയറി വച്ചിരിക്കുന്നതു്. അതു എങ്ങിനെയെന്നു് ഞാൻ വായിച്ചു കേൾപ്പിക്കാം.

"If any industrial dispute exists or is apprehended, Government may by order in writing—

(*a*) .....

(*b*) refer any matter appearing to be connected with or relevant to the dispute to a Court for inquiry;....."

ഈ വ്യവസ്ഥ അനുസരിച്ചുനോക്കുകയാണെങ്കിൽ ഒരു കോട്ട് ഓഫ് എൻകയറി വച്ചതുകൊണ്ടു് ബഹു. മെമ്പർ പറയുന്നതുപോലെ തൊഴിലാളിയുടെ യാതൊരു കാര്യങ്ങൾക്കും സ്വന്തമായി സംഭവിക്കാൻ പോകുന്നില്ല. തൊഴിലാളിയും മുതലാളിയും തമ്മിലുള്ള സ്പർദ്ധകൾ തീർക്കാനുള്ള അവകാശം ഒരു കോടതിക്കില്ല. നേരത്തെമറിച്ചു് ഞാൻ മുമ്പുപറഞ്ഞ കാര്യങ്ങളിൽ കോടതിക്കു അവകാശമുണ്ടായിരിക്കുന്നതാണു്. അതുകൊണ്ടു് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment moved by Sri. A. K. Patchu Pillai was put and lost.

Clause 8

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞാൻ അവതരിപ്പിക്കുന്ന ഭേദഗതി ഇതാണു്.

"In clause 6, proviso to sub-clause (3) be deleted."

എന്റെ ഭേദഗതിയുടെ ഉദ്ദേശംതന്നെ, തൊഴിലാളിയും മുതലാളിയും തമ്മിലുള്ള തർക്കങ്ങളുടെ യാഥാർത്ഥ്യങ്ങൾ എത്രയുംവേഗത്തിൽ അറിയുകയും അതിനു പരിഹാരമുണ്ടാക്കുകയും ചെയ്യണമെന്നുള്ളതാണു്. ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു്. തൊഴിൽ തർക്കം പെട്ടെന്നു് തീരുന്നതിനുള്ള ഉപാധിയില്ലെന്നു കാണുന്നു. വിശേഷിച്ചും ഇതിന്റെ സബ്സെക്ഷൻ നു-ൽ പറയുന്നതു് ഞാൻ ഇവിടെ വായിക്കാം.

"A Court, having the prescribed quorum, may act notwithstanding the absence of the chairman or any of its members or any vacancy in its number:

ഈ സ്ഥിതിക്കു ഇതിലേക്കു് നിയമിക്കപ്പെട്ടിട്ടുള്ള കോടതി അംഗങ്ങളിൽ ഒന്നോ രണ്ടോ ആളുകൾ ഇല്ലാതിരുന്നാലും കമ്മിറ്റിയുടെ കോറം തികയുമെന്നു കാണുന്നു. ഈ ഒരു അവസ്ഥ തൊഴിലാളികൾക്കു പ്രതികൂലമായി വന്നേക്കാനിടയുണ്ടു്. ഒരുപക്ഷെ തൊഴിലാളികളുടെ പ്രതിനിധികളിൽനിന്നും തെളിവു ശേഖരിക്കാൻ ഇടകൊടുക്കാതെ കമ്മിറ്റിക്കു ഒരു തീരുമാനമുണ്ടാക്കാൻ സൗകര്യമുണ്ടാകും. അതുകൊണ്ടു് എന്റെ ഭേദഗതിയനുസരിച്ചു ബില്ലിൽ വ്യത്യാസപ്പെടുത്തണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ബില്ലിലെ നു-ാം വകുപ്പിന്റെ ഉ-ാം ഉപവകുപ്പിൽ ഒരു ചെയർമാൻ വേണമെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്. എന്നാൽ ചെയർമാൻ ഇല്ലെങ്കിലും പ്രവർത്തനം നടത്താമെന്നും പറഞ്ഞിട്ടുണ്ടു്. അതായതു് ചെയർമാൻ ഒരുപക്ഷെ രാജി സമർപ്പിച്ചേക്കാം. അല്ലെങ്കിൽ മരിച്ചുപോയേക്കാം. ഇങ്ങനെയുള്ള കാലഘട്ടത്തിൽ തീരുമാനിക്കപ്പെടേണ്ട സംഗതികളെ നീട്ടിവയ്ക്കുന്നതു നന്നല്ല. അതുകൊണ്ടാണു് ചെയർമാൻ ഇല്ലെങ്കിലും കമ്മിറ്റി പ്രവർത്തനം നട

LIBRARY ARCHIVES Kerala Legislative Assembly

ത്താമെന്ന ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ആ കാരണത്താൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that clauses 6, 7 and 8 stand part of the Bill was put and carried. Clauses 6, 7 and 8 were added to the Bill.

Clause 9

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ ഞാൻ താഴെ പറയുന്ന ഭേദഗതി സഭയുടെ അനുവാദത്തിനായി സമർപ്പിക്കുന്നു:

"Clause 9, to be deleted and consequential changes in the numbers effected".

ബില്ലിലെ ഒൻപതാമത്തെ വകുപ്പിൽ, തൊഴിൽ തർക്കങ്ങൾ തീർക്കുന്നതിലേക്കു് നിയമിക്കപ്പെടുന്ന ആളുകളെപ്പറ്റിയാണു് പറഞ്ഞിരിക്കുന്നതു്. അവർ ആരെല്ലാമാണെന്നും അവരുടെ യോഗ്യതകൾ എന്തെല്ലാമാണെന്നും ഉള്ള യാതൊരുവിധമായ ചോദ്യങ്ങൾക്കും ആക്ഷേപം അവകാശമില്ലെന്നാണു് ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു്. ഈ വിധം ഗവൺമെണ്ടു് നടത്തുന്ന നിയമനങ്ങൾ ശരിയാണോ അല്ലയോ എന്നുള്ള കാര്യം തൊഴിലാളികളുടെ പ്രതിനിധികൾക്കോ മുതലാളിമാരുടെ പ്രതിനിധികൾക്കോ ചോദിക്കാൻ അവകാശം ഉണ്ടായിരിക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. സെക്ഷൻ എഴിൽ മൂന്നാം വകുപ്പിൽ പറയുന്നതുകൂടി ഇവിടെ വായിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

"Every member of the Tribunal shall be an independent person.—

(*a*) who is or has been a Judge High Court or a District Judge, or

(*b*) who is qualified for appointment as a Judge of the High Court;"

ഇതിലേക്കു് നിയമിക്കപ്പെടുന്ന അംഗങ്ങൾ ഒരു കക്ഷിയിലും പെടാത്തവർ ആയിരിക്കണമെന്നു് ഇതിൽ പറഞ്ഞിരിക്കുന്നു. ഇതിനും പുറമെ അവരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാമായിരിക്കുമെന്നും അതായതു് ഒരു ഹൈക്കോടതി ജഡ്ജിയൊ അല്ലെങ്കിൽ ഒരു ജില്ലാക്കോട്ടു് ജഡ്ജിയൊ അതു് അല്ലെങ്കിൽ ആ ഉദ്യോഗങ്ങൾ വഹിക്കാൻ യോഗ്യതയുള്ള ഏതെങ്കിലും വ്യക്തികളൊ ആയിരിക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ടു്. എന്നാൽ ഗവൺമെണ്ടിൽനിന്നും നിയമനം നടത്തുന്ന അവസരത്തിൽ മുതലാളിമാരുടെ പാർശ്വവത്തികളായ വക്കീലന്മാരെയൊ അല്ലെങ്കിൽ ഏതെങ്കിലും കക്ഷിയിൽ താല്പര്യമുള്ള ഏതെങ്കിലും ആളിനേയൊ നിയമിച്ചാൽ തൊഴിലാളികൾക്കു് ന്യായമായ തീരുമാനം കിട്ടുന്നതിനു് സാധ്യമല്ല. അതുകൊണ്ടു് തൊഴിലാളികൾക്കും മുതലാളികൾക്കും ഉള്ള താല്പര്യങ്ങൾക്കു് അതീതമായി നില്ക്കുന്ന വ്യക്തികളെ മാത്രമെ നിയമിക്കാൻ പാടുള്ളു എന്നാണു് എന്റെ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്. അതല്ലാതെ ആരെ നിയമിച്ചാലും ചോദ്യം ചെയ്യാൻ പാടില്ലായെന്നുള്ള ഒരു വ്യവസ്ഥ ബില്ലിൽ ചേർത്തുകൊണ്ടു് ഗവൺമെണ്ടിന്റെ ഇഷ്ടംപോലെ വല്ലവരേയും നിയമിക്കുന്നതുകൊണ്ടു് തൊഴിലാളികളുടെ സങ്കടത്തിനു് പരിഹാരമില്ലെന്നുകൂടി ഞാൻ ഈ അവസരത്തിൽ ഗവൺമെണ്ടിനു് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. കെ. പാച്ചുപിള്ള: സർ, മി. പൊന്നറ ശ്രീധർ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ അനുകൂലിച്ചു് രണ്ടു വാക്കു് പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ വകുപ്പിന്റെ വ്യാപ്തി നോക്കുകയാണെങ്കിൽ നിയമവിരുദ്ധമായിട്ട ഗവൺമെണ്ടു് ബോർഡിലൊ, കോട്ടിലൊ, ട്രിബ്യൂണിലിലൊ ഏതെങ്കിലും ഒരാളെ നിയമിക്കുകയാണെങ്കിൽ അതിനെ സംബന്ധിച്ചു് ആക്ഷേപം പുറപ്പെടുവിക്കാൻ പാടില്ലെന്നു പറയുന്ന ഒരു ഭയാനകമാണു് ഗവൺമെണ്ടിനു് കൊടുക്കുന്നതു്. ഈ ഗവൺമെണ്ടു് ചെയ്യുന്ന ഒരു തീരുമാനത്തെ സംബന്ധിച്ചു് ഈ നിയമസഭക്കുപോലും ചോദ്യം ചെയ്യാൻ പാടില്ലെന്നായിരിക്കും ഈ വകുപ്പു് പാസാക്കുന്ന പക്ഷം വരുന്നതു്. അയോഗ്യനായ ഒരാളെ ഗവൺമെണ്ടു് നിയമിക്കുന്ന പക്ഷം അതു തെറ്റാണെന്നു് ഒരു ഉപക്ഷേപം ഫാജരാക്കുന്നതിനൊ അല്ലെങ്കിൽ ഒരു ചോദ്യം ചോദിക്കുന്നതിനൊ പാടില്ലാത്ത ഈ വകുപ്പു് വളരെ വളരെ സൂക്ഷിച്ചു വേണം നാം പാസാക്കാൻ. മി. ശ്രീധർ പറഞ്ഞ കാരണങ്ങൾക്കു പുറമെ ഈ നിയമസഭയ്ക്കു് സിദ്ധമായിരിക്കുന്ന അവകാശങ്ങൾക്കുപോലും ന്യൂനത സംഭവിക്കാൻ ഇടയാകുന്ന ഒരു വകുപ്പായതുകൊണ്ടു് അതിനെ എടുത്തുകളയണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Sri. D. Gananasigamony: I support the amendment moved by Mr. Sreedhar. Sir, it appears to me that this provision practically negatives the beneficial provisions made in the previous Sections. This Section practically says that the appointment made by Government shall not be questioned by any man whatever. Clause 7 practically prescribes the qualifications of a person who is eligible for appointment to the Tribunal. In respect of the persons who are appointed to the Board and the Court, no doubt, there may be some justification for a clause like this. To that extent, I can agree with Government. But in respect of persons appointed to the Tribunal the necessary qualification has been prescribed, so that a person who is or has been a Judge of the High Court or a District Judge or one who is qualified for appointment as a Judge of the High Court alone can be appointed. If he has not got any of the qualifications it can be done only in consultation with the High Court.

Suppose this imperative provision has been violated by Government. Should there not be a provision under which it can be called in question? It appears to me, Sir, that even with this provision, it can be called in question because this is practically a violation of the rule accepted by the Government itself. Government itself by clause 7 accepts a particular principle and it is bound by it. And this clause, it appears to me, will not save the Government or enable the Government to plead that a suit is not even maintainable. It appears to me that even with this clause a suit is maintainable. So it is better that the clause is deleted.

In respect of the other matter, no doubt, some justification may vest with Government for appointing an independent person. No doubt in some cases it may so happen that the independent person may be directly concerned with the dispute. It will not be proper to appoint such a person either to the Board or to the Court. Even in such a case—there may arise such an extreme case—then there must be power vested with the persons interested to move the appropriate authorities for proper remedies. But in respect of clause 7, in any event, I submit it is obnoxious.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഇങ്ങനെയൊരു വകുപ്പ് ഇല്ലെങ്കിൽ വളരെ വേഗത്തിൽ തൊഴിലാളികൾക്ക് ഗുണങ്ങൾ കിട്ടേണ്ട വകുപ്പുകൾ നടപ്പിൽ വരികയില്ലെന്ന വിചാരിച്ചാണ് ഇതു് ഇവിടെ ചേർത്തിട്ടുള്ളതു്. Called in question എന്നു വച്ചാൽ ഈ നിയമസഭക്ക് ചോദ്യം ചോദിക്കാനൊ അടിയന്തിരപ്രമേയം കൊണ്ടുവരാനൊ അല്ലെങ്കിൽ ഒരു അവിശ്വാസപ്രമേയം കൊണ്ടുവരാനൊ തടസമൊന്നുമുള്ളതല്ല. അതിനു് സാങ്കേതികമായ ഒരർത്ഥമാണുള്ളതു്. ഇൻഡിപ്പെൻഡൻറ് പേഴ്സൻ ആയിരിക്കണം നിയമിക്കുന്ന ആൾ എന്നു പറയുന്നുണ്ടു്. അങ്ങനെ പറയുന്നതു് അപ്പീലുകൾക്കും മറ്റും തടസ്സം വരാതിരിക്കാനാണു്. ഗവൺമെണ്ടു് അങ്ങനെയൊരു നിയമം പാസാക്കിയതിനുശേഷം അതിനു എതിരായി ഒരു നിയമനം നടത്തുമെന്നു വിചാരിക്കാൻ ന്യായമില്ല. അതുകൊണ്ടു് ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that clause 9 stands part of the Bill was put and carried.

Clause 9 was added to the Bill.

Clause 10

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, എന്റെ ഭേദഗതി ഇതാണു്.

"In clause 10, sub-clause (1) (d) in the first proviso, that part of the sentence beginning withe 'unless it considers' and ending with the words 'so to do', be deleted".

എതെങ്കിലും ഒരു വ്യവസായശാലയിൽ ഒരു തൊഴിൽത്തക്കം ഉണ്ടാകുമ്പോൾ അതു് തൊഴിലാളിയും മുതലാളിയും തമ്മിൽ യോജിച്ചു തീർക്കുന്നതിനൊ അല്ലെങ്കിൽ തൊഴിലാളികൾക്കു് കഴിവുള്ള ആയുധങ്ങളെല്ലാം ഉപയോഗിച്ചു തീർക്കുന്നതിനൊ സാധിക്കാത്ത തരത്തിലാണു് ആർബിട്രേഷൻ എന്നും കൺസിലിയേഷനെന്നും രണ്ടായുധങ്ങളും ഗവൺമെണ്ടിന്റെ കൈയ്യിൽ വച്ചിരിക്കുന്നതു്. ഏതെങ്കിലും ഒരു തൊഴിൽ തർക്കം ഉണ്ടായി എന്നു കേൾക്കുമ്പോൾ ഗവൺമെണ്ടിനു് ഈ വകുപ്പനുസരിച്ചു് ആ തർക്കം തീർക്കുന്നതിനു് ഒരു ബോർഡിനെ ചുമതലപ്പെടുത്താം. അതുപോലെതന്നെ ഒരു കോർട്ടു് ഓഫ് എൻക്വയറി മുമ്പാകെ അതിന്റെ യാഥാർത്ഥ്യങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനൊ അല്ലെങ്കിൽ ഒരു ട്രിബ്യൂണലിന്റെ മുമ്പാകെ അഡ്ജൂഡിക്കേഷനു് അയക്കുന്നതിനൊ ഗവൺമെണ്ടിനു് അധികാരമുണ്ടെന്നാണു പറഞ്ഞിരിക്കുന്നതു്. ലോകത്തിൽ ഒരു ഭാഗത്തും കാണാത്ത ഒരു നടപടി

LIBRARY ARCHIVES Kerala Legislative Assembly

യാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. തൊഴിലാളിവർഗ്ഗത്തിനു് എതിരുള്ള ഒരു കാര്യമാണിതു്. ലോകത്തിൽ ഒരിടത്തും തന്നെ കമ്പൽസറി ആർബിട്രേഷൻ നടപ്പിലില്ല. യാതൊരു രാഷ്ട്രീയകക്ഷികളുമായി ബന്ധമില്ലാത്ത ട്രേഡ് യൂണിയൻ കക്ഷിപോലും ഈ മാതിരിയുള്ള കമ്പൽസറി ആർബിട്രേഷൻ നടപടിയെ അനുവദിച്ചുകൊടുക്കുന്നില്ല. ബോർഡിന്റെ മുമ്പാകെയോ അഡ്ജൂഡിക്കേറ്ററുടെ മുമ്പാകെയോ ഏതെങ്കിലും സംഗതികൾ അന്വേഷണത്തിൽ ഇരിക്കുന്ന അവസരത്തിൽ തൊഴിലാളികൾക്കു് അവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനു് മറ്റൊരു പരിപാടിയും കൈക്കൊള്ളാൻ അധികാരവുമില്ല. ബോർഡിന്റെ തീരുമാനം അനുസരിച്ചു് തൊഴിലാളികൾ പ്രവർത്തിപ്പാൻ കടപ്പെട്ടിരിക്കുന്നു. ഈ വിധമുള്ള ഒരു കമ്പൽസറി അഡ്ജൂഡിക്കേഷൻ വരികയാണെങ്കിൽ തൊഴിലാളികളുടെ ആവശ്യങ്ങൾ നേടിക്കൊണ്ടുവരുന്നതിനു് എന്താണു മാർഗ്ഗം. അതിനു് ഒരു മാർഗ്ഗവുമില്ല. ഈ നിയമംകൊണ്ടു് ഏറ്റവും ഭയങ്കരമായ ഉപദ്രവം അനുഭവിക്കാൻ പോകുന്നതു് പബ്ലിക്കു് യൂട്ടിലിറ്റി സർവ്വീസിൽ ഉള്ളവരാണു്. അവർക്കു് സ്ട്രൈക്കു ചെയ്യുന്നതിനു് അവകാശമുണ്ടെന്നു ഇവിടെ പറയുകയുണ്ടായി. ആ സെക്ഷൻ വരുമ്പോൾ ഞാൻ അതിനെപ്പറ്റി പറയാം. അവർക്കു് സ്ട്രൈക്കു ചെയ്യാൻ പാടില്ലാത്ത തരത്തിലുള്ള നിയന്ത്രണങ്ങളാണു് ആ സെക്ഷനിലുള്ളതു്. ആ വിധത്തിലുള്ള നിയന്ത്രണങ്ങളും വച്ചിരിക്കുന്ന സ്ഥിതിക്കു് യാഥാർത്ഥത്തിൽ തൊഴിൽത്തർക്കമുണ്ടാകുമ്പോൾ ഗവർമ്മെണ്ടിൽനിന്നു ബോർഡിന്റെ മുമ്പാകെ അയച്ചു് ഒരു തീരുമാനം വരുത്തുന്നതിനും ആ തീരുമാനം ഗവർമ്മെണ്ടു് അംഗീകരിക്കുന്നതിനും, വേണ്ട നിയമം വേണ്ടതായിരുന്നു. അതില്ലാ. നോട്ടീസ് കൊടുത്തു കഴിഞ്ഞാൽ, ഞാൻ എന്റെ ഭേദഗതികൊണ്ടു് ആവശ്യപ്പെട്ടിരിക്കുന്നതു് ആ തർക്കം ഉടൻ തന്നെ ഒരഡ്ജൂഡിക്കേറ്ററുടേയോ ആർബിട്രേറ്ററുടേയോ മുമ്പാകെ അയക്കണമെന്നാണു്. അങ്ങനെ അയക്കാതിരിക്കുന്നതിനു് ഒരു സൌകര്യം ഗവർമ്മെണ്ടു് വച്ചുകൊണ്ടിരിക്കുന്നതു് ഇതാണു്.

"Provided that where the dispute relates to a public utility service and a notice under Section 22 has been given, Government shall, unless it considers that the notice has been frivolously or vexatiously given or it be inexpedient to do so...."

ഇതിൽ "frivolously or vexatiously" എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം കണ്ടുപിടിക്കാൻ പ്രയാസമാണു്. ഒരു ദിവസത്തെ കൂലിയായി പത്തും, നൂറും രൂപാ വേണമെന്നു പറയുന്നവർക്കു്, ഒരണ കൂലി കൂടുതൽ വേണമെന്നു ആവശ്യപ്പെടുന്നതു് ഫ്രിവിലസ് ആയിതോന്നും. അതുമാതിരിതന്നെയാണു് vexatious എന്നു പറയുന്നതും. Inexpedient എന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്നു മനസിലാകുന്നില്ല. പബ്ലിക്കു് യൂട്ടിലിറ്റി സർവ്വീസുകൾ മിക്കതും ഗവർമ്മെണ്ടിന്റെ കൈയ്യിലിരിക്കുകയാണു്. അവകളിൽ എത്രകൊള്ളരുതായ്മകൾ കാണിച്ചാലും സ്ട്രൈക്കു് ഉണ്ടാകാതിരിക്കുന്നതിനും, അവിടെയുണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ "കോട്ടു് ഓഫ് എൻക്വയറി" മുൻപാകെയോ "ബോർഡു്" മുൻപാകെയോ അയക്കാതിരിക്കുന്നതിനു വേണ്ടി മാത്രമാണു് മേൽ ഉദ്ധരിച്ച പദങ്ങൾ ചേർത്തിരിക്കുന്നതു്. ആ പദങ്ങൾ എടുത്തു കളയുന്നതുകൊണ്ടു് യാതൊരു ദോഷവും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു

ശ്രീ. ആർ. കെ. രാമൻ: സെക്ഷൻ 22 പ്രകാരം നോട്ടീസ് കൊടുത്താൽ, അതു വിനോദമില്ലാമലോ, പൊരുത്തമില്ലാമലോ കാണപ്പെട്ടാൽ എന്നു പറയേണ്ടിയ അവസ്ഥയും അന്തരീക്ഷത്തിൽ ഇല്ലെന്നു തന്നെ കരുതുകയാണു്. അപ്രകാരമാണെങ്കിൽ സെക്ഷൻ 22 പ്രകാരം നോട്ടീസ് കൊടുത്താലും, എന്നു മാത്രമല്ലാതെ അതു തൃപ്തികരമല്ലെന്നു കാണപ്പെട്ടാൽ എന്നിരിക്കുന്നതിനാൽ നോട്ടീസ് കൊടുക്കേണ്ടതായിട്ടില്ലെ. സെക്ഷൻ 22 പ്രകാരം നോട്ടീസ് കൊടുക്കുന്നതിലും, എന്തെന്തെല്ലാം മാതിരി നോട്ടീസ് കൊടുക്കേണ്ടും. ഒരു മാസക്കാലാവധി വേണ്ടുമെന്നുമൊക്കെയും അനേകം കടമ്പകൾ അതിൽ വിധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു്, നോട്ടീസ് കൊടുക്കപ്പെട്ടതിനുശേഷവും, അതിനു വേറെ കടമ്പകൾ വേണ്ടിയിരിക്കുന്നില്ലെ. പിന്നീടു് തീർപ്പു വരുമ്പോൾ നോട്ടീസ് തരപ്പെടുന്നതോ, അല്ലെങ്കിൽ അതു ശരിയാണോ ഇല്ലയോ എന്നു പറയുന്നതിനുള്ള ഉദ്ദേശമിരിക്കുന്നു. തീർപ്പു പറയുന്നതിനു മുൻപായി അതു അങ്ങനെ അങ്ങനെയുള്ളവരാകുന്നു, K. N. കുഞ്ഞുകൃഷ്ണപിള്ളയെപ്പോലെ, ഒരു പാർട്ടിയിൽ ചേർന്നവർക്കു് വന്നുപെട്ടാൽ, ആ നോ

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. K. Ram]

ட்டீஸ் கொடுத்தாலும், அப்படிப்பட்டவர்களுக்கு விருப்பமில்லாத ஒரு மனிதனிட மிருந்தோ, கட்சியிடமிருந்தோ, வந்தால் அந்த நோட்டீஸை செல்லத்தக்கதல்லவென்று, அதை தள்ளுவதற்குள்ள உரிமையை அளிக்கிறது இந்த வகுப்பு. மேலும் எந்த Tribunal ஐ இருந்தாலும், அதைக் கேள்வி கேட்க உரிமையில்லை என்று சொல்லப்படுகிறது. ஆகலால இப்படிப்பட்ட வார்த்தைகளையும் கூடச் சேர்த்தால்தொழிலாளிகளுக்கு இதிலிருந்து கிடைக்கும் நியாயம் ஒன்றுமே இருக்காதென்ற காரணத்தால். ஸ்ரீதர் அவர்களின் திருத்தத்தை நான் ஆமோதிக்கிறேன்.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മി. ശ്രീധർ ആവത്തിച്ചാവത്തിച്ചു പറയുന്നു, നിബ്ബന്ധിച്ചു അഡ്ജൂഡിക്കേഷൻ വക്കരുതെന്നു്. അങ്ങിനെ ഒരു നിബന്ധന ഈ ക്ലാസിലില്ല. പത്താംവകുപ്പിൽ പറയുന്നതു ഗവമ്മെണ്ടു് മേ റഫർ എന്നാണു്. അതായതു് ഗവമ്മെണ്ടിനു വളരെ പ്രധാനമെന്നു തോന്നിയാൽ റെഫർ ചെയ്യാം എന്നാണു്. ഒമ്പതാമത്തെ വകുപ്പിൽ പറയുന്നതു് ഒരു നോട്ടീസുകൂടാതെ സ്ട്രൈക്ക ചെയ്യരുതെന്നാണു്. എന്നാൽ പത്താം വകുപ്പിൽ പറയുന്നതു പബ്ലിക്കു് യൂട്ടിലിറ്റി സർവ്വീസാണെങ്കിൽ ഒരു സ്ട്രൈക്കുണ്ടാകുന്നപക്ഷം അതിന്റെ ഗൌരവമനുസരിച്ചു് അഡ്ജൂഡിക്കേഷനു റെഫർ ചെയ്യണമെന്നാണു്. അങ്ങിനെ ഒരു വ്യത്യസ്ത ഉള്ളതെടുത്തുകളയണമെന്നാണു് മി. ശ്രീധർപറയുന്നതു്. അതു് അദ്ദേഹത്തിന്റെ വാദത്തിനെതിരായിട്ടുള്ളതാണു്. ഗവമ്മെണ്ടിനു് ഏതെങ്കിലും കാര്യങ്ങളിൽ ഈ സ്ട്രൈക്കു് "frivolous, Vexations, Inexpedient" അല്ലാത്തതായി തോന്നിയാൽ അതു് അയക്കാം എന്നു പറയുന്നതു് അദ്ദേഹത്തിനു് സന്തോഷം ഉണ്ടാകുന്നതുപോലെയാണു്. എന്താണെന്നു വച്ചാൽ അതുമൂലം സ്ട്രൈക്ക ചെയ്യാനുള്ള സൌകര്യം അവിടെ ഉണ്ടാകുന്നു. അതുകൊണ്ടാണു് ആ ഭേദഗതിയെ ഞാൻ എതിർക്കുന്നതു്.

The amendment was vote and lost.

Sri. Ponnara G. Sreedhar: I move:

In clause 10, sub-clause (1) (*d*), second proviso, the words 'of the order' found at the end, be deleted, and in its place the words 'on which the matter in dispute first arose' be substituted.

സർ, ഇനിയും ബഹുമാനപ്പെട്ട മന്ത്രി പറയും, ഞാൻ ആദ്യം പറഞ്ഞതിനു വിപരീതമായിട്ടാണു് രണ്ടാമതും പറയുന്നതു് എന്നു്. അദ്ദേഹം രണ്ടാമതല്ല ആയിരം തവണ പറഞ്ഞാലും ഇതു കമ്പൽസറി ആർബിട്രേഷനുവേണ്ടി മാത്രമാണു് ഈ വ്യവസ്ഥാകരം വച്ചിരിക്കുന്നതെന്നു്, കമ്പൽസറി ആർബിട്രേഷൻ തത്വംതന്നെയാണു് ഈ ബിൽകൊണ്ടുദ്ദേശിച്ചിരിക്കുന്നതെന്നു്, ഞാൻ പറയും. ഈ ബില്ലിന്റെ ഓരോ വകുപ്പു നോക്കിയാലും അതു മനസ്സിലാക്കാൻ കഴിയുകയും ചെയ്യും. അതു് ഓരോന്നായി എടുത്തു കാണിക്കുവാൻ എന്നെ അനുവദിക്കുകയില്ല എന്നുള്ളതിനാൽ, ഞാൻ തുനിയുന്നില്ല. ഇനി സൌകര്യം കിട്ടുന്ന അവസരത്തിൽ അതേപ്പറ്റി പറയുന്നതാണു്. പബ്ലിക്കു് യൂട്ടിലിറ്റി സർവ്വീസുകളെ സംബന്ധിച്ചിടത്തോളം കമ്പൽസറി ആർബിട്രേഷൻ സമ്മതിക്കാമെങ്കിലും പബ്ലിക്കു് യൂട്ടിലിറ്റി സർവ്വീസുകളിൽ സ്ട്രൈക്കുചെയ്യുന്നതിനു യാതൊരു നിവൃത്തിയുമില്ലാതിരിക്കുന്നതിനെ പ്രതിഷേധിക്കാതിരിക്കുവാൻ നിവൃത്തിയില്ല. സ്ട്രൈക്കു നിരോധിച്ചിരിക്കുന്ന സ്ഥിതിക്കു് "ഗവമ്മെൻറ് ഷാൽ" എന്നു ചേർക്കണമെന്നാണു് എന്റെ അഭിപ്രായം.

അതുപോലെതന്നെ ഈ ഭേദഗതിയിൽ ഞാൻ ആവശ്യപ്പെടുന്നതു ക്ലാസ്സു് നു അനുസരിച്ചു ചില അധികാരങ്ങളെല്ലാം ഗവമ്മെണ്ടിനുള്ളതിനെ ഉപയോഗിക്കുന്നതു സംബന്ധിച്ചാണു്. ഒരു ആർഡർ ഉണ്ടാക്കുന്ന അവസരത്തിൽ ആ ആർഡർ ഉണ്ടാകുന്നതിനു മുന്നു മാസത്തിനുമുമ്പു് തൊഴിലാളികൾക്കു് എത്തെല്ലാം തരത്തിലുള്ള സൌകര്യങ്ങളും വേതനങ്ങളും കിട്ടിക്കൊണ്ടിരുന്നോ അതിൽ കുറവായ വേതനങ്ങളും സൌകര്യങ്ങളും നൽകുന്നതിനു മതിയായോടാവശ്യപ്പെടാൻ നിവൃത്തിയില്ല എന്നുള്ളതാണു്. സാധാരണയായി അങ്ങിനെയുള്ള തൊഴിൽത്തർക്കങ്ങളുണ്ടായിക്കഴിഞ്ഞാൽ തൊഴിലാളിയുടെ ശമ്പളം വെട്ടിക്കുറയ്ക്കുക, അവരെ വീട്ടിൽ പറഞ്ഞയയ്ക്കുക ഇങ്ങനെയെല്ലാമാണു് നടക്കുന്നതു്. പിന്നീടു കൺസിലിയേഷൻ ബോർഡു് എന്നു് ഒരുകൂട്ടർ അതിൽ ഇടപെട്ടും അതിനുശേഷം ബോർഡു് ആഫ്

LIBRARY ARCHIVES Kerala Legislative Assembly

എൻകൂയറിയോ, കോട്ട് ആഫ് എൻകൂയറിയോ എല്ലാം നടന്നുകഴിയുമ്പോൾ മുന്നുമാസം കഴിഞ്ഞിരിക്കും. ആ സ്ഥിതിക്ക് ഈ ഡോറ് ആഫ് ആർഡർ എന്നുള്ളതിനു പകരം എന്നാണോ തൊഴിൽത്തർക്കത്തിനു കാരണമായ സംഭവങ്ങൾ ഉണ്ടായത് അതിനു മുന്നുമാസത്തിനുമുമ്പു കിട്ടിക്കൊണ്ടിരുന്ന സൗകര്യങ്ങൾ ക്രമമായി കൊടുക്കാൻ ആവശ്യപ്പെടണം എന്നാണ് എന്റെ ഭേദഗതി. ഇതിനു ബഹുമാനപ്പെട്ട മന്ത്രിക്ക് വിരോധമുണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിൽ എനിക്കു വിരോധമില്ല. പക്ഷെ ഇതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ക്ലാസ് 4 (ബി) യിൽ പറയുന്നതു് Refer any matter appearing to be connected with or relevant to the dispute to a court of enquiry എന്നാണു്. ഇപ്പോൾ ഇന്നയിന്നവിധത്തിലുള്ള വ്യവസ്ഥകൾ നിലനിത്തിക്കൊള്ളണം എന്നു നിർബ്ബന്ധിക്കാൻ ഗവണ്മെണ്ടിനധികാരമില്ല. ഇതു് ആദ്യത്തെ ആക്ടിൽ ഉണ്ടായിരുന്നില്ല. അപ്പോൾ ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണു് കൂട്ടിച്ചേർത്തിട്ടുള്ളതു. അങ്ങിനെ ആർഡർ പാസ്സാക്കുമ്പോൾ ഈ കാര്യംകൂടി നിർബ്ബന്ധിക്കാൻ പാടില്ലായെങ്കിലും ആവശ്യമെന്നു തോന്നുമ്പോൾ ഗവണ്മെണ്ടു ന്യായമായി ചെയ്യുന്നതാണു്. അതുകൊണ്ടു് ഈ ഭേദഗതിയുടെ ആവശ്യം ഇവിടെയില്ല. അതുകൊണ്ടു് ഇതിനെ എതിർക്കുന്നു.

The amendment was put and lost.

Sri. Ponnara G. Seedhar: I move: In clause 10, sub-clause (2), the words 'the parties to an Industrial Dispute' found in the first sentence, be deleted, and in its place the words 'a Trade Union of a particular industry wherein an industrial dispute exists or is apprehended' be substituted; and the words, 'whether jointly or separately' be also deleted; and the words 'persons' found in the third line be deleted and the words 'Trade Union' be substituted, and also the words 'each party' found in the last sentence be deleted and in its place the words 'the workers in that particular industry' be substituted.

The clause, as amended, would read thus: "(2) Where a trade union of a particular industry wherein an industrial dispute exists or is apprehended apply in the prescribed manner for a reference of the dispute to a Board, Court, or Tribunal, Government, if satisfied that the trade union applying represent the majority of the workers in that particular industry, shall make the reference accordingly."

ബില്ലിൽ ഇപ്പോൾ ഇരിക്കുന്നമാതിരി ഈ സെക്ഷൻ ഇരിക്കുകയാണെന്നുണ്ടെങ്കിൽ ഈ റഫറൻസു നടത്തുന്നതിനു ബോർഡിന്റെ അടുത്തു കൊണ്ടുപോകണമെന്നുണ്ടെങ്കിൽ അതിനു പാർട്ടിസ് ഒന്നായോ പ്രത്യേകമായോ അപേക്ഷകൊടുക്കണമെന്നാണു്. സാധാരണയായി തൊഴിൽത്തർക്കം ഉണ്ടാകുന്നതു് ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിയും മുതലാളിയും തമ്മിലായിരിക്കും. പാർട്ടിസുതന്നെ—തൊഴിലാളികൾതന്നെ—അപേക്ഷകൊടുക്കണമെന്നു വന്നിരിക്കുന്നതു തൊഴിലാളികൾക്കു കൂടുതൽ വിഷമതകരമാക്കുന്നതാണു്. അതുകൊണ്ടു് ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന ട്രേഡ് യൂണിയൻ അപേക്ഷകൊടുക്കുന്നതിനു് അധികാരമുണ്ടായിരിക്കണമെന്നാണു് ഞാൻ ഭേദഗതികൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. ഇതിനെങ്കിലും അദ്ദേഹത്തിനു വലിയ വിരോധമുണ്ടാകുമെന്നു തോന്നുന്നില്ല. മുതലാളിക്കു മാത്രം ഈ വിധത്തിലുള്ള അവകാശങ്ങൾ കൊടുക്കുന്നതിൽ ഇഷ്ടമില്ലാത്തതുകൊണ്ടാണു് അതു ട്രേഡ് യൂണിയനു കൊടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ ഈ ബില്ലിലുള്ള വാക്കുകൾക്കു കുറച്ചുകൂടി വ്യാപ്തിയുണ്ടു്. എന്നാൽ മി. ശ്രീധരൻ അമെൻഡ്മെൻറ് സ്വീകരിച്ചാൽ വല്ല സംഗതിവശാലും ഒരു ട്രേഡ് യൂണിയൻ ഇല്ലാത്ത സ്ഥലങ്ങളിൽ തൊഴിൽത്തർക്കമുണ്ടാകുകയാണെങ്കിൽ അതു വളരെ വിഷമങ്ങൾക്കു കാരണമായിത്തീരും. അതുകൊണ്ടു ഞാൻ ഭേദഗതിയെ എതുക്കുന്നു.

The amendment was put and lost.

Sri. Ponnara G. Sreedar: I move:

In clause 10 (sub-clause (3), third line, between the words section, Government and the words 'may by order' the words 'shall insist that the same shall be disposed of within a prescribed period' be inserted,

LIBRARY ARCHIVES Kerala Legislative Assembly

[Ponnara G. Sreedhar]

ഈ ബോർഡിന്റെ മുമ്പാകെ അയയ്ക്കുന്നതായ തൊഴിൽത്തർക്കങ്ങളും തീരുമാനിക്കുന്നതിനു കാലതാമസം നേരിടുന്നു എന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ള ഒന്നാണു. ഇന്നു തിരുവിതാംകൂറിൽ രണ്ടു ട്രിബ്യൂണൽ ഉണ്ടായിരുന്നിട്ടുകൂടിയും വളരെയധികം കേസുകളും ഇനിയും തീരുമാനിക്കാതെ കിടക്കുകയാണു. തൊഴിലാളിത്തർക്കങ്ങളും തീരുമാനിക്കുന്നതിനു് എട്ടോ പത്തോ മാസമാണു് ഇന്നു നിലവിലിരിക്കുന്ന ട്രിബ്യൂണലുകളും എടുത്തുവരുന്നതു്. ഇന്നത്തെ നിലയിൽ ഗവൺമെണ്ടിനു് അവരെ നിയന്ത്രിക്കാൻ യാതൊരധികാരവുമില്ലാതെയാണിരിക്കുന്നതു്. ആ സ്ഥിതിക്കു് ഗവൺമെണ്ടിൽനിന്നും ഏതെങ്കിലും റെഫർ ചെയ്യുന്ന അവസരത്തിൽതന്നെ ഇത്രനാളിനകം ഈ കേസിനെപ്പറ്റി തീരുമാനം ചെയ്യണമെന്നു് ഒരു വ്യവസ്ഥ ഈ ബില്ലിൽ കാണിക്കേണ്ടതാണു് എന്നാണു് എന്റെ ഭേദഗതി. ഇതു സംബന്ധിച്ചാണെങ്കിൽ ഫ്രാഞ്ചൈസ്-ൽ ഈ ബിൽ പാസ്സാക്കിയതാണെന്നു പറയുന്നു. ഫ്രാഞ്ചൈസ്-ൽ ഇതുപോലെ അമെൻഡ്മെന്റ് കൊണ്ടുവന്നിരുന്നു. ഇന്നു് അന്നത്തേതിൽനിന്നു വലിയ വ്യത്യാസമൊന്നുമില്ല. അന്നത്തേക്കാൾ ഇന്നു കുറെ അളുകൾ കൂടി എന്നൊരു വ്യത്യാസമേയുള്ളു. എന്നാൽ അന്നത്തേക്കാൾ വലിയ വ്യത്യാസം ഒന്നുംതന്നെ ഇന്നു കാണുന്നില്ല. ഇന്നുള്ള മന്ത്രി തൊഴിലാളികളുമായി കൂടുതൽ അടുത്തു പരിചയമുള്ള ആളാണെന്നു വിചാരിക്കുന്നു. അതുകൊണ്ടു് അദ്ദേഹം ഈ ഭേദഗതിയെ കൂടുതൽ താല്പര്യത്തോടുകൂടി വീക്ഷിക്കണമെന്നു മാത്രമേ എനിക്കു പറയാനുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബോർഡിനെ സംബന്ധിച്ചു പതിമ്മൂന്നാം വകുപ്പു് അഞ്ചാം ഉപവകുപ്പിൽ ഇതിനെ സംബന്ധിച്ചു പറയുന്നുണ്ടു്. അക്കാരണത്താൽ ഈ ഭേദഗതി ബോർഡിനെ സംബന്ധിച്ചാവശ്യമില്ല. ട്രിബ്യൂണലിനെ സംബന്ധിച്ചാണെങ്കിൽ ട്രിബ്യൂണൽ ഒരു കോട്ടു് എന്നാണു് ഈ ബില്ലിൽ വിവക്ഷചെയ്തിരിക്കുന്നതു്. ഇപ്പോൾ സെൻട്രൽ അസംബ്ലിയിലുള്ള ബിൽ പാസ്സായിക്കഴിഞ്ഞാൽ ഓവർ ആൾ ഇൻഡ്യാ അടിസ്ഥാനത്തിൽ ഒരു നിയമം ഉണ്ടാകുന്നതും അതനുസരിച്ചു് ആവശ്യമായ നിബന്ധനകളും ഈ ഗവൺമെണ്ടും സ്വീകരിക്കുന്നതാണു്.

ഇപ്പോൾ തിരുവിതാംകൂറിൽ ഒരു ട്രിബ്യൂണലിന്റെ സ്ഥാനത്തു രണ്ടു ട്രിബ്യൂണൽ ഏർപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു് അധികം കാലതാമസം കൂടാതെ തൊഴിൽത്തർക്കങ്ങളും തീരുമാനംചെയ്യുന്നതാണു്. അതു മാത്രമല്ല ഞാൻ നേരത്തേ പറഞ്ഞതായ തത്വം ലംഘിക്കണമെന്നു ഗവൺമെണ്ടിനോടാവശ്യപ്പെടുകയുമരുതു്. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

Sri. K. Karunakaran: I move:

In clause 10 (4) (*a*), add after the words 'such reference' in line 3, the words 'if a joint petition praying for such withdrawal is made to the Government stating the reasons in detail for making such prayer'.

സർ, ഞാൻ എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ഗവൺമെണ്ടിനു് അങ്ങിനെയുള്ള അധികാരം ആവശ്യമില്ലെന്നാണു്. ഇൻഡ്യാഗവൺമെണ്ടിനുപോലും അങ്ങിനെ ഒരു അവകാശം ഇല്ലാത്തതുകൊണ്ടു് ആ ഭാഗം നീക്കംചെയ്യുവാൻ ഗവൺമെണ്ടു തയ്യാറാകണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കോടതികളിലേക്കു റഫർ ചെയ്യുന്ന കേസുകളും പിൻവലിക്കുവാൻ ഗവൺമെണ്ടിനു് ഇങ്ങനെ ഒരു വകുപ്പുമൂലം അധികാരം കൊടുക്കുന്നതു ശരിയല്ലെന്നു് എനിക്കും അഭിപ്രായമുണ്ടു്. മുമ്പിലത്തെ ബില്ലിൽ ഇതില്ലായിരുന്നു. പക്ഷെ തൊഴിലാളികൾക്കു് ഇതു ഗുണകരമായിരിക്കുമെന്നു വിചാരിച്ചാണു് ഇപ്രകാരം ചേർത്തിട്ടുള്ളതു്. പക്ഷെ ബഹുമാനപ്പെട്ട മെമ്പർ പറയുന്നവിധത്തിൽ കക്ഷികൾ ആവശ്യപ്പെട്ടാലും പിൻവലിക്കുന്നതു ശരിയല്ലെന്നാണു് ഗവൺമെണ്ടിന്റെ അഭിപ്രായം. അതുകൊണ്ടു് ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കുന്നപക്ഷം ക്ലാസ്സ് 10 (4) (എ) റിമൂവുചെയ്യുവാൻ ഒരു ഭേദഗതി അവതരിപ്പിക്കുന്നതിൽ എനിക്കു വിരോധമില്ല. അങ്ങിനെ ഒരു ഭേദഗതി ഇപ്പോൾ തയ്യാറാക്കുന്നുണ്ടു്.

Sri. D. Gnanasigamony: Is there not a very same provision in the new Bill introduced in the Central Assembly ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിപ്പോൾ വേഗത്തിൽ നടപ്പിൽ വരും. അപ്പോൾ അതു നോക്കിയാൽ മതി.

Sri. D. Gnanasigamoni: I oppose the amendment proposed by the Hon'ble Minister. In any case we are going to have an Appellate Tribunal. The Industrial Relations Bill will become law very soon. There this clause occurs word for word. The Select Committee thought that this power is necessary because otherwise there would be much waste of money and time. If the party wants a case to be withdrawn, it must be withdrawn. This provision is therefore absolutely necessary.

Mr. Speaker : There is an amendment moved by the Hon'ble Member Sri. Karunakaran. Is the Member opposing it or supporting it ?

Sri. D. Gnanasigamoni: Mr. Karunakaran's amendment does not cover the point raised by the Hon'ble Minister. The Hon'ble Minister wanted permission to delete the whole sub-clause. It is that I oppose.

Sri. K. Karunakaran: I do not press my amendment.

The amendment was, by leave, withdrawn.

Mr. Speaker : Amendment standing in the name of the Hon'ble Minister will be moved only later as due notice thereof has not been given. Further consideration of clause 10 will stand over.

The question that Clause 11 do stand part of the Bill was put and carried
Clause 11 was added to the Bill.

Clause 12

Sri. A. K. Patchu Pillai : In clause 12(2) line 2, after 'delay' add 'take statements from the parties'.

സർ, പ്രായോഗികമായി ടെയിഡ് യൂണിയൻ പ്രവർത്തനത്തിൽ ദീർഘകാല മായി പരിചയിച്ചിട്ടുള്ളവർക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ഒരുവൈഷമ്യത്തെ നീക്കംചെയ്യുവാൻ വേണ്ടിയാണ് ഈ ഭേദഗതി ഞാൻ മൂവ്ചെയ്തിരിക്കുന്നത്. കൺസിലിയേഷൻ ആഫീസർക്ക് ഈ ബില്ലിലെ പ്രൊവിഷനുകളനുസരിച്ചു കൊടുത്തിരിക്കുന്ന അവകാശങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൺസിലിയേഷൻ ആഫീസർ അന്വേഷണങ്ങൾ നടത്തിയതിനുശേഷം ഫർ ദിവസത്തിനകം ഗവൺമെണ്ടിലേക്കു റിപ്പോർട്ടുചെയ്യണമെന്നാണ് ഈ വകുപ്പ് അനുശാസിക്കുന്നത്. അങ്ങിനെയുള്ള അന്വേഷണങ്ങളുടെ പരിധി എന്തെല്ലാമാണെന്നും ഏതെല്ലാം സംഗതികളെക്കുറിച്ചാണ് അന്വേഷിക്കേണ്ടതെന്നും ഇവിടെ വിവരിച്ചിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ സാധാരണയായി കണ്ടുവരാറുള്ള പരിപാടി എന്താണെന്നുവച്ചാൽ, വിശിഷ്യ വളരെ ദൂരസ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന തോട്ടങ്ങളിൽ, വാഹനങ്ങൾമൂലമുള്ള സഞ്ചാരസൗകര്യങ്ങൾ വേണ്ടത്രയില്ലാത്ത സ്ഥലങ്ങളിൽ, ഏതെങ്കിലും ഒരു തക്കത്തെപ്പറ്റി അന്വേഷിക്കാൻ ഗവൺമെണ്ടിൽ നിന്നും ഉത്തരവു കിട്ടിയാൽ കൺസിലിയേഷൻ ആഫീസർ അവിടെച്ചെന്ന്, തൊഴിലാളികളുടെ അധിവാസകേന്ദ്രങ്ങളിൽ ചെന്ന് അന്വേഷിക്കുന്ന പതിവു സാധാരണയല്ല. പലസംഗതികളിൽ ഈ വസ്തുത അനുഭവപ്പെട്ടിട്ടുള്ളതാണ്. വിശേഷിച്ചു് ഫ ൪ വർഷത്തോളം തിരുവിതാംകൂറിലേയും കൊച്ചിയിലേയും ടെയിഡു യൂണിയൻ പ്രവർത്തനങ്ങളിൽ ഉത്സുകനായി പ്രവർത്തിച്ചുകൊണ്ടിരുന്ന എന്റെ ഒരു ബഹു. സ്നേഹിതൻ ഞാൻ ഈ ബില്ലിനു ഭേദഗതി അവതരിപ്പിക്കുന്ന അവസരത്തിൽ എന്നോടു് ഇതേപ്പറ്റിയുള്ള ന്യായാന്യായങ്ങൾ പറഞ്ഞതിന്റെ ഫലമായിട്ടാണ് ഞാൻ ഇതവതരിപ്പിക്കുവാൻ ഇടയായിട്ടുള്ളതു്. പല കൺസിലിയേഷനാഫീസറന്മാരും ഫർ ദിവസത്തിനകം എങ്ങിനെയെങ്കിലും ഗവൺമെണ്ടിലേക്കു റിപ്പോർട്ടയച്ചു് ഭാരം തീർക്കണമെന്ന ഉദ്ദേശത്തോടുകൂടി തോട്ടമുടമസ്ഥന്മാരുടെ ബംഗ്ലാവുകളിലും ആഫീസുകളിലും ചെന്ന് എന്തെല്ലാമാണ് കുഴപ്പങ്ങളെന്നും മറ്റുമുള്ള വിവരങ്ങൾ ചോദിച്ചു് അതിന്റെ സംക്ഷിപ്തമായ ചില കുറിപ്പുകൾ എടുത്തു വീട്ടിൽ പോയി മനോധർമ്മമനുസരിച്ചു് ഒരു റിപ്പോർട്ട തയ്യാറാക്കുകയാണ് സാധാരണയുള്ള പതിവു്. തൊഴിൽത്തർക്ക സംഗതികളിൽ ഗവൺമെണ്ടു വളരെ ഉത്തരവാദിത്വമുള്ളതായിരിക്കുന്നു എന്നുള്ള സംഗതി തൊഴിലാളികളെ വിശ്വസിപ്പിക്കത്തക്കവണ്ണം ഉള്ള ഒരു വ്യവസ്ഥയാണ് ഇതു്. പക്ഷേ കൺസിലിയേഷനാഫീസറന്മാർ സാധാരണയായി പ്രവർത്തിക്കുന്നതു് ഇങ്ങനെയാണ്. കുഴപ്പങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Patchu Pillai]

സംബന്ധിച്ചു തൊഴിലാളികളിൽനിന്നും ആവശ്യമുള്ള മുഴുവൻ വിവരവും ശേഖരിക്കുവാൻ സാധിച്ചില്ലെങ്കിൽ ടെയിഡു യൂണിയൻ പ്രവർത്തകന്മാരെ വരുത്തി യഥാർത്ഥവിവരങ്ങൾ രേഖപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അങ്ങിനെ ചെയ്യാത്തപക്ഷം തൊഴിലാളിയും മുതലാളിയും തമ്മിലുള്ള തർക്കങ്ങൾ പിന്നേയും ഉത്ഭവിക്കുന്നതിനു കാരണമാകും. ഗവ ൺമെണ്ടിനു പൂർണ്ണമായ പരിഹാരം കണ്ടുപിടിക്കുവാൻ സാധിക്കാതെയും വരും. മാത്രവുമല്ല അതു് ഒന്നുകൂടി ക്ലാറിഫൈചെയ്യുന്നതിനുവേണ്ടി തിരിച്ചു കൺസിലിയേഷൻ ആഫീസറന്മാർക്കു് അയക്കേണ്ടതായും വരും. ഏതായാലും തൊഴിൽകുഴപ്പങ്ങളെപ്പറ്റി അന്വേഷണം നടത്താൻ ഗവൺമെണ്ടു തയ്യാറായിരിക്കുന്ന സ്ഥിതിക്കു് ചുമതലപ്പെട്ട ആ ജോലി കൺസിലിയേഷൻ ആഫിസറന്മാർ സ്ഥലത്തുചെന്നു് പാട്ടികളുടെ മൊഴികൾ രേഖപ്പെടുത്തി അദ്ദേഹത്തിന്റെ റിപ്പോർട്ടോടുകൂടി അവ ഗവൺമെണ്ടിലേക്കു് അയച്ചാൽ കേസു് എന്താണെന്നും മറ്റും ഗവൺമെണ്ടിനു മനസ്സിലാക്കി ഉചിതമായ നടപടികൾ നടത്തുവാൻ സഹായകമായിരിക്കും. കക്ഷികളുടെ മൊഴി വാങ്ങാതെ റിപ്പോർട്ടു സമർപ്പിക്കുന്നപക്ഷം പ്രായോഗികമായ പല വൈഷമ്യങ്ങളും ഉണ്ടാകുന്നതാണു്. എന്റെ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഈ പ്രായോഗികവിഷമതകൾക്കു് ഒരു പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നതാണു്. തൊഴിലാളികളുടെ അഭ്യന്തരിയിൽ ആകാംക്ഷയുണ്ടെന്നു ഞാൻ വിശ്വസിക്കുന്ന തൊഴിൽ വകുപ്പുമന്ത്രി എന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, കൺസിലിയേഷൻ ആഫീസറന്മാർ സ്റ്റേറ്റുമെൻറു് എടുക്കണമെന്നു് നിർബന്ധിക്കുന്ന ഭേദഗതി ആവശ്യമുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ കൺസിലിയേഷൻ ഉദ്യോഗസ്ഥന്മാർ സ്ഥലത്തുപോകാതെയും വേണ്ടവിധം അന്വേഷിക്കാതെയും റിപ്പോർട്ടു് അയച്ചിട്ടുണ്ടെന്നു കാണുന്നപക്ഷം ഉടൻതന്നെ സ്ഥലത്തുപോയി അന്വേഷിച്ചു് യഥാർത്ഥവിവരങ്ങൾ റിപ്പോർട്ടുചെയ്യണമെന്നു് എക്സിക്യൂട്ടീവ് ആർഡർ അയക്കുന്നതാണു്. But shall take a statement എന്നു് അതിൽ പറഞ്ഞാൽ ചില വിഷമങ്ങൾ ഉണ്ടാകും. രണ്ടായിരംമുതൽ മൂവ്വായിരംവരെ കൺസിലിയേഷൻ കേസ്സുകൾ ഫ്രൻ ർ-ൽ ഉണ്ടായിട്ടുണ്ടെന്നാണു് കാണുന്നതു്. ഈ കേസ്സുകൾക്കെല്ലാം രണ്ടു കക്ഷികളിൽനിന്നും സ്റ്റേറ്റുമെൻറു് എടുക്കണമെന്നു് ഒരു വ്യവസ്ഥചെയ്താൽ വളരെ അധികം കാലതാമസം ഉണ്ടാകുന്നതാണു്. ചില കേസ്സുകൾ വളരെ ചെറുതാണു്. അവ പെട്ടെന്നു് പറഞ്ഞുതീർക്കാവുന്നതുമാണു്. അങ്ങിനെ പറഞ്ഞുതീർത്തും പല റിപ്പോർട്ടുകൾ അയച്ചിട്ടുണ്ടു്. എന്നാൽ ഗൗരവതരമായ കേസ്സുകൾക്കല്ലാതെ സ്റ്റേറ്റുമെൻറു് എടുക്കണമെന്നു് കൺസിലിയേഷൻ ആഫീസറന്മാരെ നിർബന്ധിക്കാവുന്നതല്ല. അതുകൊണ്ടു് ഈ ഭേദഗതി ആവശ്യമില്ലെന്നു് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

The amendment was put and lost.

Sri. Ponnara G. Sreedhar: Sir, I move:

"In clause 12, sub-clause (5), between the words sub-section (4) and the words 'Government are', the words 'and the views of the workers in the particular industry expressed through their Trade Union' be inserted; and at the end of the second sentence, a new sentence i. e., 'Provided that in no case the Government shall act against the expressed wish of the Trade Union concerned'—is to be added.

ഭേദഗതിയോടുകൂടി ഈ ക്ലാസ്സു് ഇങ്ങനെ വായിക്കാം.

"(5) If, on consideration of the report referred to in sub-section (4) and the views of the workers in the particular industry expressed through their Trade Union, Government are satisfied that there is a case for reference to a Board or Tribunal, they may make such reference. Where Government do not make such a reference they shall record and communicate to the parties concerned their reasons therefor.

Provided that in no case the Government shall act against the expressed wish of the Trade Union concerned."

ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു് ഗവൺമെണ്ടിനു് യാതൊരു ഭയപ്പാടിനും വകയില്ല. 'Shall' എന്നോ 'must' എന്നോ ഒന്നും ഇതിൽ പറഞ്ഞിട്ടില്ല. 'May' എന്നേ പറഞ്ഞിട്ടുള്ളൂ. ആവശ്യമാണെങ്കിൽ ചെയ്യണമെന്നല്ലാതെ ചെയ്യുതന്നെ തിരണമെന്നു യാ

LIBRARY ARCHIVES Kerala Legislative Assembly

തൊരു നിർബന്ധവും ഇല്ല. തൊഴിലാളി യൂണിയനുകളുടെ അഭിപ്രായംകൂടി അറിഞ്ഞിട്ടുവേണം ഗവണ്മെന്റ് ബോർഡിലേക്ക് ഒരു ഡിസ്പ്യൂട്ട് റെഫർ ചെയ്യേണ്ടതു്; യൂണിയന്റെ അഭിപ്രായത്തിനെതിരായി റെഫർ ചെയ്യാൻ പാടുമില്ല, എന്നു വ്യവസ്ഥകൂടി ചെയ്യണമെന്നു മാത്രമാണ് ഈ ഭേദഗതികൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. ഇതിൽ അസിക്കായ്മായി ഒന്നുംതന്നെയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഈ രാജ്യത്തെ എന്റെ അനുഭവംകൊണ്ടു ബോദ്ധ്യപ്പെട്ടിട്ടുള്ളതു് തൊഴിൽതർക്കം ഉണ്ടാകുമ്പോൾ അതു് ഇൻഡസ്ട്രിയൽ കോർട്ടിലേക്കു് അയക്കുന്നതിനാണ് തൊഴിലാളികൾ ആവശ്യപ്പെടാറുള്ളതും താല്പര്യപ്പെടാറുള്ളതും. അയക്കാത്ത കേസുകളിലാണ് അവർക്ക് ഖേദവും വിരോധവും ഉണ്ടായി കണ്ടിട്ടുള്ളതു്. അതുകൊണ്ടു് തൊഴിലാളികളുടെ അഭിപ്രായത്തിനെതിരായി നിർബന്ധമായിട്ടു ഇൻഡസ്ട്രിയൽ കോർട്ടിലേക്കയക്കുന്നു എന്നു പറയുന്നതു് ശരിയല്ല. ട്രേഡ് യൂണിയൻ പ്രസ്ഥാനം ശരിയായി വികസിച്ചിട്ടില്ലാത്ത നമ്മുടെ രാജ്യത്തു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ വ്യവസ്ഥ ചെയ്യുന്നതുകൊണ്ടു് പല കുഴപ്പങ്ങളും ഉണ്ടാകും. ഈ നിയമം അനുസരിച്ചു് ഗവണ്മെന്റിന്റെ യുക്തം അനുസരിച്ചു് തൊഴിൽതർക്കം ഇൻഡസ്ട്രിയൽ കോർട്ടിലേക്കു് റെഫർ ചെയ്യാതിരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The question that clause 12 stand part of the Bill was put and carried.

Clause 12 was added to the Bill.

Clause 13

Sri. A. K. Patchu Pillai: Sir, I move:

"In Clause 13 (5) proviso, after 'may' delete 'from time to time, and 'by such further periods' and 'in the aggregate'.

ഈ ഭേദഗതിയനുസരിച്ചു് മാറ്റപ്പെടേണ്ടതായ വാക്കുകൾ മാറ്റിക്കഴിയുമ്പോൾ ഇപ്രകാരം വായിക്കാം.

"Provided that Government may extend the time for the submission of the report not exceeding two months."

ഈ നിയമത്തിൽ അധികം വകുപ്പുകളും ഇതിനുമുമ്പു് ഇൻഡ്യയിൽ പ്രാബല്യത്തിൽ ഇരുന്നിരുന്നതായ നിയമങ്ങളിൽനിന്നും പകർത്തിയെടുത്തിട്ടുള്ളതാണു്. ഇൻഡ്യയിലെ മറ്റു ഭാഗങ്ങളിലേയും ഇവിടത്തേയും നടപടികളെ സംബന്ധിച്ചു് വലുതായ ഒരു വ്യത്യാസം ഉള്ളതു് ബഹുമാനപ്പെട്ട മന്ത്രി ധരിക്കണം. ഈ രണ്ടു സ്റ്റേറ്റുകളേയും; അതായതു്, കൊച്ചിയേയും തിരുവിതാംകൂറിനേയും മറ്റു പ്രോവിൻസുകളുമായി താരതമ്യപ്പെടുത്തിനോക്കിയാൽ ജനസംഖ്യയിലും വ്യവസായങ്ങളുടെ സംഖ്യയിലും ഈ രാജ്യം വളരെ പിന്നോക്കമാണു്. ആ സ്ഥിതിക്കു് ഇവിടത്തെ സാഹചര്യങ്ങളും വച്ചുനോക്കിയാൽ ഈ രണ്ടു മാസത്തിൽ കൂടുതൽ നീട്ടാമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതു് ഒരുതരത്തിലും ആവശ്യമില്ലാത്ത ഒരേർപ്പാടാണെന്നു കാണാൻ സാധിക്കും. പ്രോവിൻസുകളെ അനുകരിച്ചു് നിയമങ്ങളും അതുപോലെ പകർത്താൻ ശ്രമിക്കാതെ ഇവിടത്തെ സ്ഥലകാലങ്ങൾക്കു് അനുസരണമായി ആവശ്യമുള്ള വ്യവസ്ഥകളാണു് ഈ ബില്ലിൽ ചേർക്കേണ്ടതു്. ഒരു കാരണവശാലും രണ്ടു മാസത്തിൽ കൂടുതൽ കൊടുക്കാതിരിക്കത്തക്ക വിധത്തിൽ വ്യവസ്ഥചെയ്യണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് ആവശ്യപ്പെടുന്നതു്. കൂടിപ്പോയാൽ അത്യാവശ്യമാണെങ്കിൽ രണ്ടു മാസം അനുവദിക്കാം. അതിൽ കൂടുതൽ അനുവദിക്കരുതു്. അതിനുവേണ്ടിയുള്ള ഈ ഭേദഗതി സ്വീകരിക്കണമെന്നു പേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഈ വകുപ്പു് ഇപ്പോൾ ഇരിക്കുന്ന പ്രകാരംതന്നെ ഇരിക്കുന്നതുകൊണ്ടു് രണ്ടു മാസത്തിൽ കൂടുതൽ കൊടുക്കാൻ ഗവണ്മെന്റിനു് സാദ്ധ്യമല്ല.

"Provided that Government may from time to time extend the time for the submission of the report by such further periods not exceeding two months in the aggregate"

എന്നാണു് പറഞ്ഞിട്ടുള്ളതു്. അതനുസരിച്ചു് രണ്ടുമാസത്തിൽ കൂടുതൽ നീട്ടിക്കൊടുക്കാൻ ഗവണ്മെന്റിനു അധികാരമില്ല. അതുതന്നെയാണു് ബഹുമാനപ്പെട്ട മെമ്പറും ആവശ്യപ്പെടുന്നതു്. അതുകൊണ്ടു് ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. പാച്ചുപിള്ള: 'From time to time' എന്നു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതായതു്, ആദ്യം ഒരാഴ്ച കൊടുക്കാം. അതു പോരെന്നുണ്ടെങ്കിൽ പത്തു ദിവസം കൊടുക്കാം, അതും പോരെന്നുണ്ടെങ്കിൽ പിന്നെയും നീട്ടിക്കൊടുക്കാം എന്നുള്ള ഉദ്ദേശത്തിലാണു് അതു ചേർത്തിട്ടുള്ളതു്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് ഒന്നിച്ചു വേണമെങ്കിലും രണ്ടുമാസം കൊടുക്കാമെന്നാണു്. ഭേദഗതി സ്വീകരിച്ചില്ലെങ്കിൽതന്നെയും രണ്ടുമാസത്തിൽ കൂടുതൽ കൊടുക്കാൻ ഗവൺമെണ്ടിനു് അധികാരമില്ലാത്തതുകൊണ്ടു് ഭേദഗതി ആവശ്യമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഭേദഗതി ഞാൻ പ്രസ്സുചെയ്യുന്നില്ല.

The amendment was, by leave, withdrawn.

The question that clause 13 stand part of the Bill was put and carried.

Clause 13 was added to the Bill.

Clause 14

Sri. A. K. Patchu Pillai: Sir, I move:

"In clause 14, change 'six' to 'three'.

ഈ വകുപ്പിൽ ആറുമാസം എന്നു പറഞ്ഞിട്ടുള്ളതിനെ മൂന്നു മാസം എന്നാക്കണമെന്നാണു് എന്റെ ഭേദഗതി. അങ്ങനെ ഭേദപ്പെടുത്തുന്നതു് തൊഴിലാളികൾക്കു് കൂടുതൽ ഗുണകരമായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അതിൽ കൂടുതലായി ഇതിനെ സംബന്ധിച്ചു് എനിക്കൊന്നും പറയാനില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു കേസ്സിന്റെ എൻകപയറിക്കു് ആറുമാസം എന്നു കാലാവധി വയ്ക്കുന്നതുകൊണ്ടു് ഏതൊരാന്നുമില്ലെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that clause 14 stand part of the Bill was put and carried.

The clause was added to the Bill.

Clause 15

Sri. Ponnara G. Sreedhar: Sir, I move:

"In clause 15, sub-clause (2) the proviso and sub-clause (3) be deleted".

ഈ നിയമനുസരിച്ചു് നിർമ്മിക്കപ്പെടുന്ന ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ ഗവൺമെണ്ടിന്റെ ആവശ്യപ്രകാരം ഗവൺമെണ്ടിനിഷ്ടമുള്ള ആളുകളെ ചേർത്താണു് ഉണ്ടാക്കുന്നതു്. ആ ട്രിബ്യൂണലിന്റെ തീരുമാനത്തെ ആക്ഷേപം ചോദ്യം ചെയ്യാൻ പാടില്ലെന്നും അതിനു ഒരു കോടതിയുടെ പദവിയാണു് ഉള്ളതെന്നും പറയുന്നുണ്ടു്. ഗവൺമെണ്ടിന്റെ ഇഷ്ടപ്രകാരം നിയമിക്കപ്പെടുന്ന ഒരുദ്യോഗസ്ഥൻ നൽകുന്ന ഒരു എവാർഡു് ഗവൺമെണ്ടു് അംഗീകരിച്ചു തന്നെ തീരണമെന്നാണു് എന്റെ ഭേദഗതികൊണ്ടു് ആവശ്യപ്പെടുന്നതു്. ട്രിബ്യൂണലിനെ ഗവൺമെണ്ടു് നിയമിക്കുന്നതാണെന്നു രണ്ടാമത്തെ വകുപ്പിൽ പറഞ്ഞിട്ടുണ്ടു്. അതിനു കോടതിയുടെ പദവിയുംകൂടി ഉള്ളപ്പോൾ അതിന്റെ അവാർഡു് പ്രയോഗത്തിൽ കൊണ്ടുവരുവാൻ വീണ്ടും ഗവൺമെണ്ടു് അംഗീകരിക്കണമെന്നു പറയുന്നതിന്റെ യുക്തി എനിക്കു മനസ്സിലാകുന്നില്ല. ട്രിബ്യൂണലിന്റെ അവാർഡു് പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള യാതൊരധികാരവും അതിനില്ല. അതിനുള്ള അധികാരം ഗവൺമെണ്ടിലാണു് സ്ഥിതിചെയ്യുന്നതു്. ഗവൺമെണ്ടിനിഷ്ടമുള്ള, ഗവൺമെണ്ടിന്റെ ആളുകളെ ചേർത്തുണ്ടാക്കിയിട്ടുള്ള ട്രിബ്യൂണലിന്റെ അവാർഡു് ഗവൺമെണ്ടിനു വേണമെങ്കിൽ സ്വീകരിക്കാതിരിക്കാമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. ഈ പ്രൊവൈസോ പറയുന്നതു് ഇപ്രകാരമാണു്.

"Provided that where Government is a party to the dispute and in their opinion it would be inexpedient on public grounds to give effect to the whole or any part of the award, they shall on the first available opportunity lay the award together with the statement of their reasons for not making a declaration as aforesaid before the Legislature and shall, as soon as may be, cause to be moved therein a motion for the consideration of the award; and the Legislature may confirm, modify or reject the award",

LIBRARY ARCHIVES Kerala Legislative Assembly

തിരുവിതാംകൂറിലെ പരിതസ്ഥിതികളാണ് നാം നോക്കേണ്ടതു്. ഒരഖിലേൻഡ്യാ വീക്ഷണകോണത്തിൽ നിന്നുകൊണ്ടു നോക്കുമ്പോൾ ഒരുപക്ഷെ ഇതു് സ്വീകാര്യമായിരിക്കാം. നമ്മുടെ ഗവമ്മെണ്ടിന്റെ കാര്യം പറയുകയാണെങ്കിൽ ഏറ്റവും കൂടുതൽ ജോലിക്കാരുള്ള വ്യവസായങ്ങളെല്ലാം ഗവമ്മെണ്ടു് ഏറ്റെടുത്തിരിക്കയാണു്. ദാരിദ്ര്യം കൂടിവരുമ്പോൾ പണം സമ്പാദിക്കാനുള്ള വ്യവസായങ്ങളെല്ലാം ഏറ്റെടുക്കുകയാണു് നമ്മുടെ ഗവമ്മെണ്ടിന്റെ നയം. ചിലപ്പോൾ നഷ്ടത്തിലാകാവുന്നതേ ഉള്ളു. ഇവിടത്തെ ഏറ്റവും കൂടുതൽ ജോലിക്കാരുള്ള വ്യവസായങ്ങളെല്ലാംതന്നെ ഒന്നുകിൽ ഗവമ്മെണ്ടിന്റെ വകയോ അല്ലെങ്കിൽ ഗവമ്മെണ്ടു് കൂടുതൽ ഓഹരികൾ എടുത്തിട്ടുള്ളവയോ ആണു്. അങ്ങനെയുള്ള വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ട്രിബ്യൂണലിന്റെ അവാർഡു് ഗവമ്മെണ്ടിനു് സ്വീകരിക്കാതിരിക്കാമെന്നാണു് പ്രൊവൈസൊ പറയുന്നതു്, ഗവമ്മെണ്ടു്, ഗവമ്മെണ്ടെന്ന നിലയിൽ രാജ്യരക്ഷയെ ഉദ്ദേശിച്ചു് പ്രവർത്തിച്ചുതായ ഒരു പ്രവൃത്തിയെ സംബന്ധിച്ചുണ്ടായിട്ടുള്ള കേസുകളിലാണെങ്കിലും അതിനു് എന്തെങ്കിലും ഒരു ന്യായം പറയാമായിരുന്നു. ഗവമ്മെണ്ടു് ഒരു വെറും മുതലാളിയെന്ന നിലയിലും തൊഴിലാളികളും തമ്മിലുള്ള ഒരു തർക്കത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള ഒരു കേസാണു്. ട്രിബ്യൂണൽ ഒരു കോടതിയാണെങ്കിൽ അതിന്റെ തീരുമാനം നിഷ്പക്ഷമായിരിക്കണമല്ലൊ. ഗവമ്മെണ്ടു് നിയമിക്കുന്ന ട്രിബ്യൂണലിനു് ഗവമ്മെണ്ടു് പറയുന്നതനുസരിച്ചു് പ്രവർത്തിക്കണമെന്നുള്ള ഒരു വിചാരം സാധാരണയായി ഉണ്ടാകാതിരിക്കയില്ല. ഗവമ്മെണ്ടിനോടു ചായ്വുള്ളതായിരിക്കും ട്രിബ്യൂണൽ സാമാന്യേന നില്ക്കുവാനിടയുള്ളതു്. അങ്ങനെയുള്ള ട്രിബ്യൂണലിന്റെ തീരുമാനത്തെ തിരുവിതാംകൂർ ഗവമ്മെണ്ടു് സ്വീകരിക്കാൻ ഭാവമില്ലെങ്കിൽ ന്യായംനടത്തണമെന്നുള്ള ആഗ്രഹം ഗവമ്മെണ്ടിനില്ലേയെന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള ബില്ലുകൾ ഇത്ര വേഗത്തിൽ ഇവിടെ പാസ്സാക്കികൊണ്ടുപോകുന്നതിന്റെ ഫലം എല്ലാവർക്കും മിക്കവാറും ഊഹിക്കാൻ കഴിയും. ഗവമ്മെണ്ടുതന്നെ ഒരു കക്ഷിയായിരുന്നാൽപോലും ഒരു കോടതിയാണു് തീരുമാനമെടുത്തിട്ടുള്ളതു്, അതു് നിഷ്പക്ഷമായിട്ടും നീതിപൂർവ്വകമായിട്ടും എടുക്കുന്ന ഒരു തീരുമാനമാണു്, ഗവമ്മെണ്ടു നിയമിച്ച ഉദ്യോഗസ്ഥൻതന്നെയാണു് ഈ തീരുമാനമെടുത്തിട്ടുള്ളതു്, എന്നീ വസ്തുതകളെ പരിഗണിച്ചു ഗവമ്മെണ്ടു് അതു അംഗീകരിക്കുകയാണു് വേണ്ടതു്. അതു ചെയ്യില്ലെങ്കിൽ ഈ രാജ്യത്തു് ഉണ്ടാകാൻപോകുന്നതെന്താണെന്നുംകൂടി ഞാൻ പറയാം. ഒരുമാതിരി യോഗ്യതയുള്ള ആളുകളെ ട്രിബ്യൂണലായി നിയമിച്ചിട്ടു് അവരുടെ അവാർഡു് സ്വീകരിക്കുകയില്ലെന്നുവന്നാൽ മേലാൽ ട്രിബ്യൂണലിലേക്കു് യോഗ്യതയുള്ള ആളുകളാരും വരുകയില്ലെന്ന ഒരു അവസ്ഥയാണുണ്ടാകുന്നതു്. നീതിബോധവും യോഗ്യതയുമുള്ള ആരും ട്രിബ്യൂണലിൽ വരാൻ തയ്യാറാവുകയില്ല. പിന്നെ ആരാണു് വരാനിടയുള്ളതെന്നുള്ള കാര്യം ഞാൻ ഇപ്പോൾ പറയണമെന്നു് വിചാരിക്കുന്നില്ല. അതിനാൽ ഈ പ്രൊവൈസോ എടുത്തുകളയണമെന്നാണു് എന്റെ ഭേദഗതി. അതു സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

Sri. A. Thanu Pillai: Sir, I support the amendment. Of course, labour would naturally object to compulsory adjudication. Anyway, compulsory adjudication is being accepted as principle of this Bill. In that case, Sir, this provision is really startling. The Government constitutes the Tribunal. The Tribunal is composed of persons who are either Judges of a High Court or District Judges or persons who are fit to occupy seats in the High Court. Now such a body is constituted after making a full enquiry. That body arrives at a decision. Now, Subclause (4) says that Government shall declare that decision to be binding. Why should there be a further declaration that it shall be binding ? Why not make that part of the law ? I do not see why that cannot be done. Anyway the provision here is that Government shall declare that decision binding. And that decision is put before Government so that they may be enabled to get out of that decision when Government is a party to that decision. Having said that the Government shall declare it to be binding, they want to make an exception in cases where Government themselves are a party. In a dispute between Government and Labour, Government clearly occupies the position of an employer. If in all cases where other employers are concerned Government can declare that the decision will be binding, if Government do not see any necessity in any case to hold the decision of a Tribunal other than binding, how can Government say that "we ourselves are a party and we should have the right to say that this award of the Tribunal will not bind us." I cannot understand any principle of legislation or jurisprudence that can support that contention. Of course, if it were another party—a private citizen—we would characteries that conduct as taking the law into one's

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

own hands. That is exactly what the Government wants to do. Suppose there is a case before the High Court or the Supreme Court.

Mr. Speaker: We will adjourn now and meet again at 2 p.m.

The House adjourned for lunch at 1-1 p.m. and re-assembled at 2 p.m. with Mr. Speaker in the Chair.

Sri. A. Thanu Pillai: Sir, I was stating that when once the matter has been referred to a tribunal and the decision is received, Government should not be allowed to say that they do not accept the award. The Tribunal constituted by the Government is in law to consist of persons who are fit to occupy a seat in the High Court. Taking into account all aspects of the matter, that Tribunal is given the power to decide and the Government are to accept their decision. It that Tribunal is given the power to decide and then if Government are not to accept it, it would be a principle not justifiable in any manner. Not only that, so far as Labour is concerned, legislation is intended to safeguard the interests of Labour and also to infuse confidence in Labour that their interests will be safe. At any rate, Government are safe. Now, after having got the tribunal of the kind we contemplated that Government should go back upon it cannot be supported. I can understand the anxiety of Government so far as the real public utility services are concerned. But even in their case, when once a matter is referred to a tribunal of this kind there cannot be any going back upon their decision That would be wrong. The safeguarding of public utility services must be certainly, if at all on a different basis. It is stated that the Government shall lay the award before the Legislature. Let us take the position so far as our Government are concerned. Our Government own certain industries, for instance, the Travancore Minerals Factory, the Rubber Factory and the Ceramic Factory. In cases arising in connection with those industries, what reason can there be for Government to back out on an award ? Now, this Clause as it is worded would enable the Government in any case to back out of the award. Then that would be something like a farce. That is to say, ridiculing what they have constituted. When they think of a tribunal and its decision to be final, Government should certainly be prepared to accept its award even in their own case. That is what is contemplated. We are progressing. Now, Labour should be infused with a spirit of confidence as regards their interests.

Then, with regard to bringing this matter before the Legislature, that, I say, is an outworn conception. Take our case here. The Government arrive at a decision. They say we cannot accept it. They have some idea to modify it or reject it. The matter is placed before this House and will it not be a farce. Naturally, the majority party in the Legislature will accept the Government's position. It will amount to a mere tamash. I do not know how it can be justified. We can as well say that the Government can dispose of it in any manner they pleased. But to bring here and say that they would like to dispose of it in any manner they liked would be really a farce.

With these words, I would support Mr. Sreedhar's amendment.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഫ്രഫർ-ൽ തിരുവിതാംകൂറിലെ റെപ്രസെൻറഠറീവു ബാഡി പാസ്സാക്കിയ നിയമം സംയോജനത്തിനുശേഷം കൊച്ചി ഭാഗത്തേക്കുകൂടി ബാധകമാക്കണമെന്നുള്ള ഉദ്ദേശം മാത്രം വച്ചുകൊണ്ടു് കൊണ്ടുവന്ന ഈ ബില്ലിനെക്കുറിച്ചു കായ്മായ എതിർപ്പാണും ഉണ്ടാകയില്ലെന്നാണു് ഞാൻ വിചാരിച്ചതു്. പ്രത്യേകിച്ചും ഒരുതവണ ഇതിനെപ്പറ്റിയുള്ള ആലോചനകൾ എല്ലാം കഴിഞ്ഞതിട്ടുള്ളതാണു്. എന്നാൽ ഇതിനെപ്പറ്റി എതിർപ്പുള്ളതുകൊണ്ടു് അതിനെല്ലാം സമാധാനം പറയേണ്ടതായിട്ടാണു് വന്നിട്ടുള്ളതു്. ഈ ബിൽ ഈ നിയമസഭയിൽ വാദപ്രതിവാദം ചെയ്യപ്പോൾ അന്നു നടന്ന വാദപ്രതിവാദങ്ങൾ എന്തൊക്കെയാണെന്നു് ഞാനൊന്നു് കണ്ണോടിച്ചു നോക്കി. ഇന്നു് ഇവിടെ പറഞ്ഞവിധത്തിലുള്ള അഭിപ്രായങ്ങളൊന്നും അന്നു പറഞ്ഞതായിട്ടു ഞാൻ കാണുന്നില്ല അതുകൊണ്ടു് ഏതെങ്കിലും തരത്തിലുള്ള വാദഗതിസ്ഥാപനം ഉണ്ടെന്നു ഞാൻ പറയുകയല്ല. അതുപോലെതന്നെ ഇന്നു് എതിർഭാഗത്തു് അലങ്കരിക്കുന്ന എന്റെ സുഹൃത്തു ശ്രീ. പട്ടം താണുപിള്ള അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കൊണ്ടുവന്ന ഈ വിടെ പാസ്സാക്കിയ ഈ ബില്ലിനെക്കുറിച്ചു് അദ്ദേഹത്തിൽനിന്നു ഇത്ര ശക്തിയായ എതിർപ്പുണ്ടാകുമെന്നും ഞാൻ വിചാരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: Does the Hon'ble Minister deny that there should be something like progress in matters of legislation? That piece of legislation passed during my period of office need not be stationary.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ട് വാദഗതിസ്ഥമുണ്ടെന്നു ഞാൻ പറയുന്നില്ല. കാലം മുന്നോട്ടുപോകുന്നു. അതോടുകൂടി പുരോഗമനം വ്യക്തികൾക്കും നിയമസഭകൾക്കും രാജ്യത്തും ഉണ്ടാകുന്നു. അതനുസരിച്ചു ബഹുമാനപ്പെട്ട സുഹൃത്ത് ശ്രീ. പട്ടം താണുപിള്ള തൊഴിലാളി കാര്യങ്ങളിൽ വലിയ ഒരു പുരോഗമനം ഒന്നൊന്നരക്കൊല്ലമായിട്ട് ഉണ്ടാകും എന്നു കരുതിയതിനു ഞാൻ മറുപടി പറയാം. അദ്ദേഹത്തിന്റെ ക്യാബിനറ്റ് തയ്യാറാക്കിക്കൊണ്ടുവന്ന ഒരു ബില്ലാണ് ഇതെന്നു ധരിച്ചുകൊണ്ട് ഞാൻ അതിന്റെ നാനാവശങ്ങളെപ്പറ്റിയും ചിന്തിച്ചിട്ടില്ല.

Sri. K. P. Nilakanta Pillai: Does the Member realise that this is the most important defect of an one party administration?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു കാരണം ഞാൻ ഇതു കേവലം ഔപചാരികമായ ഒരു കൃത്യമാണെന്നാണ് ആലോചിച്ചതു. ഒരു വാദം വന്നസ്ഥിതിക്കു അതിനെക്കുറിച്ചു മറുപടി പറയേണ്ടിയിരിക്കുന്നു.

സർ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ എന്നു പറയുന്നതു ഹൈക്കോടതിയാണെന്നോ അല്ലെങ്കിൽ നീതിന്യായം ചെയ്യുന്ന ഒരു കോടതിക്കു തുല്യമാണെന്നോ വിചാരിക്കുന്നതു തെറ്റാണു്. ഇൻഡസ്ട്രിയൽ പ്രശ്നങ്ങൾ ഒരു വസ്തുസംബന്ധിച്ചു കായ്ത്തെപ്പറ്റി രണ്ടുകക്ഷികൾ തമ്മിലുള്ള പ്രശ്നങ്ങളെപ്പോലെ അത്ര ഒരു സരളമായ ഒരു പ്രശ്നമല്ല. സങ്കീർണ്ണമായ പല പ്രശ്നങ്ങളും അതിൽനിന്നു ഉത്ഭവിച്ചേക്കാം. അങ്ങിനെ ഉത്ഭവിക്കുന്ന പ്രശ്നങ്ങൾക്കു ഒരു ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽകൊണ്ടു പരിഹാരമുണ്ടാക്കാമെന്നുള്ളതു് സുപരീക്ഷിതമായ ഒരു പദ്ധതിയാണു്. കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലം പരിക്ഷിച്ചുറപ്പിച്ചിട്ടുള്ള ഒരു പദ്ധതിയാണു്. ഒരു അഡ്ജൂഡിക്കേഷൻ വ്യവസ്ഥതന്നെ ഈ രാജ്യത്തു വന്നതു ഡിഫൻസ് ഓഫ് ഇൻഡ്യാ ആക്ടാണു അതിലെ രൂപവും അനുസരിച്ചാണു്. പിന്നീടു റൂൾ ഉൾ ഇങ്ങിനെയുള്ള പല നിയമനിർമ്മാണങ്ങളും ഉണ്ടായി. ആ നിയമനിർമ്മാണങ്ങൾ കേവലം പരിപൂർണ്ണങ്ങളല്ലെന്നും അതിൽ അനുഭവമനുസരിച്ചും കാലഗതിയനുസരിച്ചും മാറ്റങ്ങൾ വേണ്ടിവരുമെന്നും എല്ലാവർക്കും അറിയാവുന്നതാണു്. അതുകൊണ്ടു് സുപരീക്ഷിതമായ ഒരു പദ്ധതിയില്ലാത്തതുകൊണ്ടു് ചില റിസർവേഷൻ ഈ കായ്ത്തിൽ ചെയ്യേണ്ടിവരുന്നതിൽ അത്ഭുതപ്പെടാനില്ല. ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളതു് ഗവൺമെണ്ടു് കക്ഷിയായിട്ടുള്ള ഒരു കായ്ം ആലോചനയ്ക്കു കൊണ്ടുവന്നാൽ അതു് തള്ളിക്കളയാം എന്നല്ല. ഗവൺമെണ്ടു് കക്ഷിയായിട്ടുള്ള കായ്ത്തിലുള്ള എവാർഡു് ഗവൺമെണ്ടിനു് തള്ളുവാനോ നിയമസഭയുടെ ചർച്ചയ്ക്കു കൊണ്ടുവരുവാനോ പാടില്ല. ഇതിൽ പറഞ്ഞിട്ടുള്ളതു്.

Clause 14, (2) proviso:—" Provided that where Government is a party to the dispute and in their opinion it would be inexpedient on public grounds to give effect to the whole or any part of the award, they shall on the first available opportunity lay the award together with the statement of their reasons for not making a declaration as aforesaid before the Legislature etc.

അപ്പോൾ ഒരു പ്രത്യേക പരിഗണനയുമാത്രം പൊതുജനക്ഷേമത്തിനു്, പൊതുജനങ്ങളുടെ ഗുണത്തിനുവേണ്ടി അതിൽ എന്തെങ്കിലും വ്യത്യാസം വരുത്തണം എന്നുണ്ടെങ്കിൽ വരുത്താമെന്നുള്ള ഏകകായ്ത്തിനാണു് ഗവൺമെണ്ടിനു് ഈ ഏർപ്പാടു ചെയ്യുവാൻ സാധിക്കുന്നതു്. അങ്ങിനെ ചില സന്ദർഭങ്ങളും ഉണ്ടായേക്കാം. ലീവണ്ടിയുടെ കായ്മാണു് അല്ലെങ്കിൽ ട്രാൻസ്പോർട്ടിന്റെ കായ്മാണു് എന്നു വയ്ക്കുക. ഒരു ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ടിൽ ട്രൈബ്യൂണൽ ഡിപ്പാർട്ടുമെണ്ടിനു് സഹിക്കാൻ പാടില്ലാത്തവിധത്തിൽ ഒരു ബോണസ് വ്യവസ്ഥ അതിലെ തൊഴിലാളികൾക്കു കൊടുക്കുവാൻ നിശ്ചയിച്ചു എന്നുവന്നാൽ അതിനു് ധാരാളം പണം വേണ്ടിവരുന്നതാണു്. അങ്ങിനെവന്നാൽ അതു് നിയമസഭയുടെ മുമ്പാകെ സമർപ്പിക്കണം.. പൊതുജനക്ഷേമത്തെ പരിഗണിച്ചു് ഏതെങ്കിലും വിധത്തിൽ എന്തെങ്കിലും ഭേദഗതി ചെയ്യേണ്ടതുണ്ടെന്നു് ഗവൺമെണ്ടിനു് തോന്നിയാൽ അതു് നിയമസഭയുടെ മുമ്പാകെ കൊണ്ടുവരണമെന്നാണു് പറഞ്ഞിട്ടുള്ളതു്. നിയമസഭയിൽ കൊണ്ടുവന്നാൽ നിയമസഭയിൽ പാർട്ടിഗവൺമെണ്ടായതുകൊണ്ടു് മന്ത്രിമാർ കൊണ്ടുവരുന്നതു് നിയമസഭ അംഗീകരിക്കും എന്നു പറയുകയുണ്ടായി. അങ്ങിനെയാണെങ്കിൽ ഈ നിയമസഭതന്നെ വേണമെന്നില്ല. ബഡ്ജറ്റ് ഇവിടെ കൊണ്ടുവരേണ്ട ആവശ്യമുണ്ടു്. നിയമങ്ങളും ഇവിടെ കൊണ്ടുവന്നു

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

പാസ്സാക്കണം എന്ന നിയമം അനുശാസിക്കുന്നു. ഗവൺമെണ്ടിന്റെ എല്ലാ കാര്യങ്ങളും നിയമസഭയിൽ കൊണ്ടുവന്നു വാഗ്പ്രതിവാദത്തിൽ വിഷയമാക്കി പാസ്സാക്കണം എന്നുണ്ട്. നിയമസഭയുടെ ചച്ചയ്ക്കു വിധേയീഭവിക്കുന്ന കാര്യങ്ങൾ സഭയുടെ നാനാവശങ്ങളിൽനിന്നും ഉണ്ടാകുന്ന ശക്തിയായ വിമർശനങ്ങൾ അനുസരിച്ചേ ഗവൺമെണ്ടു് ചെയ്യുകയുള്ളു. ചിലപ്പോൾ പത്തോ പതിനഞ്ചോ ലക്ഷം ഉറുപ്പിക മാസംതോറും അല്ലെങ്കിൽ കൊല്ലംതോറും കൂടുതൽ ചെലവുവരുന്ന വ്യവസ്ഥയായിരിക്കും ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വിധിക്കുന്നതു്. അങ്ങിനെയുള്ള കാര്യങ്ങൾ നിയമസഭയുടെ അഭിപ്രായം അറിഞ്ഞിട്ടേ ചെയ്യുവാൻ പാടുള്ളു എന്നു പറയുന്നതു് വളരെ ന്യായമായ ഒരു വ്യവസ്ഥയാണു്. അങ്ങിനെയുള്ള ഒരു അവാർഡു് നിയമസഭയിൽ കൊണ്ടുവരികയും നിയമസഭ അതു് അപ്പടിതന്നെ സ്വീകരിക്കണം എന്നു പറയുകയും ചെയ്താൽ അതോടുകൂടി ആ സംഖ്യയ്ക്കു വക കാണുവാനുള്ള ചുമതലയും നിയമസഭയ്ക്കു ഉണ്ടു്. കൊല്ലംതോറും അല്ലെങ്കിൽ മാസംതോറും പത്തോ പതിനഞ്ചോ ലക്ഷം ഉറുപ്പിക ചിലവുവരുന്ന ഒരു കാര്യം ഗവൺമെണ്ടു് നിയമസഭയോടു് ആലോചിക്കാതെ ചെയ്താൽ മന്ത്രിമാർ ആരോടും ചോദിക്കാതെ അതു് സ്വീകരിച്ചു; പിന്നീടു് തുകയ്ക്കു് ആവശ്യപ്പെടുന്നു എന്നു് പറയും. ഈവക കാര്യത്തിൽ ഈ നിയമസഭയിലെ മെമ്പറന്മാരുടെ ആലോചനയും ഉണ്ടാകേണ്ടതാണു്. ഇങ്ങിനെയുള്ള അവാർഡിൽ വ്യത്യാസം വരുമെന്നു് ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ വകുപ്പിനെക്കുറിച്ചു ആലോചിക്കുതോറും ഈ വകുപ്പു് ഈ വിധത്തിൽതന്നെ പാസ്സാക്കുന്നതാണെന്നു് സ്പഷ്ടമാകുന്നുണ്ടു്. ആ നിർദ്ദേശം സാമേധയാ നടപ്പിൽ വരുത്തുവാൻ ഗവൺമെണ്ടിനധികാരമില്ല. അതിനു നിയമസഭയിൽ കൊണ്ടുവരണം. ഈ നിയമസഭയുടെ വോട്ടോടുകൂടി മാത്രമെ അതു നടപ്പിൽ വരുത്തുവാൻ പാടുള്ളു. നാട്ടിലെ ജനങ്ങളുടെ പ്രാതിനിദ്ധ്യമുള്ള ഈ നിയമസഭ തൊഴിലാളികൾക്കു ക്ഷേമകരമായവിധത്തിലല്ലാതെ പ്രവർത്തിക്കുമെന്നു വിചാരിക്കുവാൻ ന്യായമില്ല. തൊഴിലാളികൾ ജനങ്ങളിൽ ഒരു ഗ്രൂപ്പുമാത്രമാണു്. ജനങ്ങൾ അതിനേക്കാൾ വലുതാണു്. ജനങ്ങളുടെ ആവശ്യവും തൊഴിലാളികളുടെ ആവശ്യവും തമ്മിൽ വല്ല സന്ദർഭത്തിലും സംഘട്ടനം ഉണ്ടാകുകയാണെങ്കിൽ, അങ്ങനെയുള്ള സന്ദർഭങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കുള്ള പരിഗണന മുന്നിൽ വച്ചുകൊണ്ടു് ഈ നിയമസഭ അതു സംബന്ധിച്ചു തീരുമാനിക്കണമെന്നാണു് വച്ചിരിക്കുന്നതു്. ഇതു സംബന്ധിച്ചു് ഒരൊറ്റ അധികാരംപോലും ഗവൺമെണ്ടിന്റെ കയ്യിൽ കൊടുത്തിട്ടില്ല. ഈ വ്യവസ്ഥ ഏറ്റവും ഭദ്രമായ ഒരു വ്യവസ്ഥയാണെന്നു താൻ വിശ്വസിക്കുന്നു. ആ അധികാരം ട്രിബ്യൂണലിനു വിട്ടുകൊടുക്കേണ്ടതാണെന്നു പറയുന്നതു് വളരെ തെറ്റായ ഒരു കാര്യമാണു്. ഇത്തരത്തിൽ ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തിയതിൽ ഞാൻ അശേഷം ലജ്ജിക്കുന്നില്ല. ഈ വ്യവസ്ഥ ഒരു വിധത്തിലും ഗവൺമെണ്ടിനു തൊഴിലാളികളുടെ അവകാശങ്ങളിൽ കൈകടത്താൻ സാധിക്കുന്ന ഒരു വ്യവസ്ഥയാണെന്നു ഞാൻ വിചാരിക്കുന്നില്ല. നേരേമറിച്ചു് പൊതുജനങ്ങളുടെ ആവശ്യത്തിനു ന്യൂനത തട്ടിയേക്കാവുന്നവിധത്തിൽ ഏതെങ്കിലും നിർദ്ദേശങ്ങൾ ട്രിബ്യൂണലിൽനിന്നു വരികയാണെങ്കിൽ അതിനെ സംബന്ധിച്ചു് ഈ നിയമസഭയുടെ അഭിപ്രായം ആരായുകയും സഭയുടെ അഭിപ്രായപ്രകാരം മേൽനടപടി നടത്തുകയും ചെയ്യണമെന്നുള്ള ഈ വ്യവസ്ഥ ഏറ്റവും ആശാസ്യവും ആദരണീയവുമാണെന്നു എനിക്കു തോന്നുന്നു. അതിനാൽ ഈ സഭ എന്റെ ഈ അഭിപ്രായത്തോടു പരിപൂർണ്ണമായി യോജിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

The amendment was put and lost.

Sri. Ponnara G. Sreedhar : The Hon'ble Minister was telling me before that no such bill has been passed. There is an appellate tribunal. Of course, when there is an appellate tribunal, I cannot understand.....

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ പാസ്സായിട്ടുള്ളതു അപ്പലേറ്റ് ട്രൈബ്യൂണലിനെ സംബന്ധിച്ചുള്ള വ്യവസ്ഥയാണു്.

ശ്രീ. പൊന്നാ ജി. ശ്രീധർ: ഇവിടെ പറയുന്നതു് "an award declared to be binding under this section shall not be called in question in any manner." എന്നാണു്. ആ നിലയ്ക്കു് അവാർഡിന്മേൽ അപ്പീൽ കൊടുക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെ എന്തുതന്നെ പറഞ്ഞിരുന്നാലും അവാർഡിന്മേൽ അപ്പീൽ കൊടുക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുമെന്നുവേണം വിചാരിക്കുവാൻ.

ശ്രീ. പൊന്നറ ജി. ശ്രീധർ: സെൻട്രൽ പാർലിമെൻറ അങ്ങനെ പാസാക്കിയിരിക്കുന്ന നിലയ്ക്ക് ഇങ്ങനെയൊരു വകുപ്പ് ഇവിടെ പാസ്സാക്കാവുന്നതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടത്തെ അതേരീതിയിൽ സെൻട്രൽ ഗവമെണ്ട് പാസ്സാക്കിയിട്ടില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: സെൻട്രൽ അസംബളിയിൽ പാസ്സാക്കിയ ഒരു നിയമത്തെ സംബന്ധിച്ച് ഇവിടെ നിയമം പാസ്സാക്കാവുന്നതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് കൺകറൻറ ലിസ്റ്റിൽപെട്ട ഒരു നിയമമാണു്: ആ നിലയ്ക്ക് ഇവിടേയും നിയമം പാസ്സാക്കാം. എന്നാൽ സെൻട്രൽ പാർലമെൻറും സ്റ്റേറ്റ പാർലമെൻറും തമ്മിൽ ഒരേ കാര്യത്തിൽ പരസ്പരവിരുദ്ധമായ നിലയിൽ നിയമങ്ങളും ഉണ്ടാക്കുന്നപക്ഷം സെൻട്രൽ പാർലമെൻറിലെ നിയമങ്ങളും നിലനില്ക്കുമെന്നേയുള്ളു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നില്ല.

The question that clauses 15 to 18 stand part of the Bill was put and carried.

The clauses were added to the Bill.

Clause 19

ശ്രീ. എ. കെ. പാച്ചുപിള്ള: സർ, ക്ലൗസ് വകുപ്പ് നം-ാം ഉപവകുപ്പിൽ period എന്നതിനുശേഷം not exceeding one year എന്നു ചേർക്കണമെന്നുള്ളതാണു് എൻെറ ഭേദഗതി. ഇതിൽനിന്നു പ്രധാനമായി രണ്ടു സംഗതികളാണു് കാണുവാൻ സാധിക്കുന്നതു്. ഒന്നു തീരുമാനം ചെയ്യപ്പെട്ട അവാർഡു് എപ്പോൾ ഭുരംഭിക്കണമെന്നും, രണ്ടു എന്നു അവസാനിപ്പിക്കണമെന്നും. അവാർഡു് ഉണ്ടായതിനുശേഷം ഗവമെണ്ടു് അതു് ഡിക്ലയർചെയ്യുന്നതുമുതൽ നടപ്പിൽ വരുത്തണമെന്നു ഗവമെണ്ടുതന്നെയാണു് നിശ്ചയിക്കേണ്ടതെന്നു പറയുന്നു. എന്നു അവസാനിപ്പിക്കണമെന്നുള്ള കാര്യവും നിശ്ചയിക്കാനുള്ള അധികാരം ഗവമെണ്ടിനാണുള്ളതു്. ഗവമെണ്ടിൻെറ ഈ അധികാരത്തെ ക്ലിപ്തപ്പെടുത്തി ഒരു കൊല്ലത്തിൽ കൂടുതലുള്ള കാലാവധിയിൽ അതു നിലനില്ക്കുന്നതെന്നു് വരുത്തണമെന്നുള്ളതാണു എൻെറ ഈ ഭേദഗതിയുടെ ഉദ്ദേശം. അവാർഡിനെ സംബന്ധിച്ചു് എതെങ്കിലും ഒരു തീരുമാനം ഗവമെണ്ടു് ചെയ്തതിനുശേഷം അതു് ഒരു വർഷത്തേക്കു നിലനില്ക്കുമെന്നു ഗവമെണ്ടു് പറഞ്ഞുകഴിഞ്ഞാൽ, ആ കാലാവധിക്കകം, പുരോഗമിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളിലോകത്തു പല പരിവർത്തനങ്ങളും വന്നുചേരാനിടയുണ്ടു്; ആ പുരോഗതിക്കനുസരണമായി, തൊഴിലാളികളുടെ മുൻപോട്ടുള്ള കുതിച്ചുചാട്ടത്തിനു അനുരൂപമായി ഈ നടപടികളിൽ വ്യതിയാനം വരുത്തുവാനോ വ്യത്യസ്തമായ മാർഗ്ഗങ്ങൾ അവലംബിക്കുവാനോ സാദ്ധ്യമല്ലാതെവരും. അതുകൊണ്ടു ഇന്നു കൊണ്ടുവന്നിരിക്കുന്നതു അന്യായമായ ഒരു കാലാവധിയാണു. ഈ ദൃഷ്യം പരിഹരിക്കുവാൻ വേണ്ടിയാണു് ഒരു കൊല്ലത്തേക്കെന്നുള്ള ഒരു കാലാവധി ഞാൻ കൊണ്ടുവന്നിരിക്കുന്നതു്. ഒരു കൊല്ലത്തിലധികം പാടില്ല എന്നേ പറയുന്നുള്ളു. ഒരു കൊല്ലംതന്നെ വേണമെന്നില്ല. ഒരു കൊല്ലത്തിനകംതന്നെ പരിതസ്ഥിതികൾ അനുകൂലമാണെന്നുകണ്ടാൽ ഇതുസംബന്ധിച്ചുള്ള നടപടികൾ അവസാനിപ്പിക്കാൻ സാധിക്കും. ദീർഘമായ കാലാവധിവച്ചാൽ പ്രോഗ്രസ്സുചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കു പുരോഗതി ലഭിക്കുന്നതിനു ചിലപ്പോൾ അതു തടസമുണ്ടാക്കിയേക്കും. അനിശ്ചിതമായ കാലത്തേക്കു ഇങ്ങനെ അവാർഡുകൾ ദീർഘിപ്പിക്കുന്നതുകൊണ്ടു് ഗുണത്തേക്കാൾ ദോഷമാണുണ്ടാകുവാൻ എളുപ്പം. അതുകൊണ്ടു് ഒരു കൊല്ലത്തിനകം അവാർഡു് പുനഃപരിശോധന ചെയ്യത്തക്കവിധത്തിൽ ഈ വകുപ്പ് ഭേദപ്പെടുത്തുന്നതു നന്നായിരിക്കും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. ഈ ഭേദഗതി ഈ വിധത്തിൽ കൊണ്ടുവന്നതു പലപ്പോഴും ഒരു കൊല്ലത്തിലധികം നിലനില്ക്കുന്ന ചില വ്യവസ്ഥകൾകൂടി നിർബ്ബന്ധപൂർവ്വം എഴുതിച്ചേർത്തുകൊടുക്കേണ്ടതായി വരുമെന്നു കണ്ടതുകൊണ്ടാണു്. ഒരു ഉദാഹരണം പറയാം. ഒരു ഇൻറസ്ട്രിയൽ ട്രിബ്യൂണലിൻെറ മുൻപാകെ ഒരു തൊഴിൽശാലയിൽ പ്രോവിഡൻറ ഫണ്ടു എഴുതിച്ചേർത്തണമോ വേണ്ടയോ എ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

ന്നള്ളതിനെപ്പറ്റി ഒരു വാദമുഖം ഉണ്ടായി എന്നു വിചാരിക്കുക പ്രോവിഡന്റ ഫണ്ടു് ഏ പ്പെടുത്തണമെന്നു ട്രിബ്യൂണൽ റിപ്പോർട്ട് ചെയ്താൽ അതു ഒരു കൊല്ലക്കാലത്തേക്കുമാത്രമെ അതിന്റെ പ്രാബല്യമുണ്ടായിരിക്കാവൂ എന്നുവരുന്നതു ശരിയായിരിക്കുകയില്ല. ആ തിരുമാനം കൊണ്ടു് തൊഴിലാളികൾക്കു യാതൊരു ഗുണവും സിദ്ധിക്കുകയുമില്ല. ഈ പ്രോവിഡൻറ ഫണ്ടു് ആ തൊഴിൽ ശാലയിൽ നടപ്പിലാക്കുവാൻവേണ്ടി അതിന്റെ നിയമം അഞ്ചോ എട്ടോ കൊല്ലക്കാലത്തേക്കു ഉറപ്പിച്ചുപ്പെടുത്തേണ്ടതായ്വരും. ഇങ്ങനെയുള്ള കാര്യങ്ങൾകൂടി മനസ്സിൽവച്ചുകൊണ്ടാണു് ഈ വകുപ്പു കൊണ്ടുവന്നിട്ടുള്ളതു്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യങ്ങളും എനിക്കു മനസ്സിലാകുന്നുണ്ടു്. അവാർഡിന്റെ നടപടികളിന്മേൽ കാലാവധിനീട്ടി തൊഴിലാളികളുടെ ഇടയിൽ അസ്വസ്ഥത ഉണ്ടാക്കരുതെന്നാണു് അദ്ദേഹം പറഞ്ഞതു്. ഈ വക നിയമങ്ങളും തൊഴിലാളികളുടെ അസ്വസ്ഥത ഇല്ലാതാക്കാൻ വേണ്ടിയാണു് കൊണ്ടുവന്നിട്ടുള്ളതു്. ആ വസ്തുത വിസ്മരിച്ചു്, പത്തും പതിനഞ്ചും കൊല്ലക്കാലത്തേക്കു സ്റ്റേക്കുകളും മറ്റും നിരോധിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ മാത്രം മൗഢ്യന്മാരായ 'കിംഗ്കനൃട്ടമാര.ണ' ഇവിടത്തെ മന്ത്രിസഭയിൽ ഉണ്ടാകുന്നതെന്നു വിശ്വസിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല.

ശ്രീ. എ. കെ. പാപ്പുപിള്ള: പ്രാവിഡന്റ ഫണ്ടിന്റെ കാര്യത്തെ പ്പറ്റിയാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. ഓരോരോ കൊല്ലം കൂട്ടികൊടുക്കുവാനുള്ള ഒരു അവാർഡാണെന്നു വിചാരിക്കുക. രണ്ടുകൊല്ലത്തെ കാലാവധിയും നിശ്ചയിച്ചു എന്നു വിചാരിക്കുക. അതിനകം യുദ്ധംകൊണ്ടോ മറ്റുകാരണത്താലോ അന്നു നിലവിലിരുന്ന പരിതസ്തിതിപാടെ മാറുകയും തന്നിമിത്തം കൂടുതൽ ഭയങ്കരമായ ഒരന്തരീക്ഷം സംജാതമാകുകയും ചെയ്യുന്നുവെങ്കിൽ ആ അവാർഡിനെ പുനഃപരിശോധന ചെയ്യേണ്ട അവസരം കൊടുക്കേണ്ടതല്ലേ? പ്രോവിഡൻ ഫണ്ടു് ഒരു ദീർഘകാല പദ്ധതിയായിരിക്കാം. അങ്ങനെ ദീർഘകാലപദ്ധതികളല്ലാത്ത കാര്യങ്ങളിൽ അവാർഡുകൾ പുനഃപരിശോധന ചെയ്യുവാനുള്ള അവസരം ഉണ്ടാകേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള കാര്യങ്ങൾ വരുമ്പോൾ മറ്റൊരു അവാർഡു് ഉണ്ടാക്കുന്നതിനും ഈ നിയമത്തിൽ തടസമൊന്നുമില്ല. മാത്രമല്ല, ആറുമാസത്തേക്കോ, അല്ലെങ്കിൽ ഒരു കൊല്ലത്തേക്കോ കാലാവധിവച്ചു അവാർഡു് നടപ്പിൽ വരുത്തുന്നതിനും നിയമം തടസമായി നില്ക്കുന്നില്ല. ഗവൺമെണ്ടു് വകതിരിവോടുകൂടി ഇതിനെ സംബന്ധിച്ചുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചാൽ മതിയാകുന്നതാണു്.

The amendment was put and lost.

Sri. Ponnara G. Sreedhar: In clause 19, sub-clause (3) in the proviso, the words 'and party' found in the first sentence, be deleted, and the words 'The Trade Union the member of which are' to be substituted.

സർ, ഈ ഭേദഗതി, ഒരു ട്രിബ്യൂണലിന്റേയൊ അല്ലെങ്കിൽ ബോർഡിന്റേയൊ തീരുമാനത്തെ മാറ്റുന്നതിനു് എപ്പോഴാണ് അധികാരം, ഏതെല്ലാം രീതിയിലാണ മാറ്റുന്നതു എന്നുള്ള വസ്തുതകളെ കാണിച്ചിട്ടുള്ള വിഭാഗത്തിലാണു് ഞാൻ ഭേദഗതി ഹാജരാക്കിയിരിക്കുന്നതു്. ഇപ്പോൾ ഗവൺമെണ്ടിനു് സ്വീകാര്യമായിട്ടൊ, അല്ലെങ്കിൽ ആരുടെയെങ്കിലും അപേക്ഷയനുസരിച്ചൊ രീതുമാനം മാറ്റം ചെയ്യാവുന്നതാണെന്ന വ്യവസ്ഥ ചെയ്തിരിക്കുകയാണു്. ഞാൻ, 'ആരുടെ' എന്നുള്ളതിനു പകരം "വർക്കേഴ്സ് ട്രെയിഡ് യൂണിയന്റെ" അപേക്ഷപ്രകാരം മാത്രമെ ഭേദഗതി ചെയ്യാവൂ എന്നാണു് ഭേദഗതി ഹാജരാക്കിയിരിക്കുന്നതു്. ഈ ഭേദഗതിയുടെ ഉദ്ദേശം എന്താണെന്നു ഞാൻ പറയാതെതന്നെ മനസ്സിലാക്കാൻ സാധിക്കുന്നതാണു്. ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഗവൺമെണ്ടിനെ എനിക്കു ഒരു വസ്തുത ധരിപ്പിക്കുവാനുണ്ടു്. തൊഴിലാളികൾ എന്ന ഒരുകൂട്ടർ ഇവിടെ ഉണ്ടെന്നും അവരെ തള്ളിയാൽ ബാക്കിയുള്ളവർ എല്ലാം പൊതുജനങ്ങളാണെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകേട്ടു. പൊതുജനങ്ങളിൽനിന്നും തൊഴിലാളികളെ വേർതിരിച്ചു രണ്ടും രണ്ടുവർഗ്ഗക്കാരായി കരുതുന്നതു കഷ്ടമാണു്. തൊഴിലാളികളുടെ താല്പര്യങ്ങളെ സംരക്ഷിക്കുക എന്നുള്ളതിൽ പൊതുജനങ്ങളുടെ താല്പര്യങ്ങൾകൂടി സംരക്ഷിക്കപ്പെടുക എന്ന കൃത്യവും അടങ്ങുന്നുണ്ടെന്ന ബഹുമാനപ്പെട്ട ഗവൺമെണ്ടു് മനസ്സിലാക്കേണ്ടതാണു്. ഇന്നത്തെ ഗവൺമെണ്ടു്, ഈ ഗവൺമെണ്ടു മാത്രമല്ല, ലോകത്തിലുള്ള മന്ത്രിസഭകൾ രാജ്യങ്ങളിലേയും ഒഴിച്ചു്, എല്ലാ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാരുടെയും, മുതലാളിത്ത ഗവൺമെന്റുകളുടെയും പൊതുജനങ്ങളുടെയും ധാരണ. ആ വീക്ഷണഗതിയോടുകൂടിയാണോ ഞങ്ങൾ ഇവിടെ ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളത് ?

ഏതായിരുന്നാലും ഞങ്ങൾ ഭേദഗതികൾ ഹാജരാക്കുന്നതിന്റെ ഉദ്ദേശം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമെന്നുള്ളതുകൊണ്ട്, കൂടുതലായിട്ട് അദ്ദേഹത്തിന്റെ നിരർത്ഥക പ്രസ്താവനയെപ്പറ്റി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഏതെങ്കിലും ഒരു തൊഴിലാളി സംഘടന, ഞാൻ ഈ ബില്ലിനെ സംബന്ധിച്ചു ഹാജരാക്കിയിട്ടുള്ള ഏതെങ്കിലും ഭേദഗതിയെപ്പറ്റി, അതുകൊണ്ട് പുറപ്പെടുവിക്കുമെന്നു വിചാരിക്കാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല, ഇന്നുവരെ പുറപ്പെടുവിച്ചിട്ടുമില്ലാ. അദ്ദേഹത്തിന്റെ സ്വന്തം I. N. T. U. C. പോലും അതുകൊണ്ട് ആക്ഷേപിച്ചിട്ടില്ലാ. ഈ ബില്ലിലെ വ്യവസ്ഥകളെല്ലാംതന്നെ തൊഴിലാളിവർഗ്ഗം മുഴുവനും വെറുക്കുകയാണു് ചെയ്യുന്നതു്. തൊഴിലാളികളെ അടിവലിച്ചുപ്പെടുത്തണമെന്ന സദുദ്ദേശം ഗവൺമെന്റിനുണ്ടായിരിക്കാം. പക്ഷേ ആ ഉദ്ദേശത്തോടുകൂടിയാണോ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്നു ഒരു സംശയം എനിക്കില്ലാതില്ല. ഈ ബില്ലുകൊണ്ട് ഏതെങ്കിലും ഗുണം തൊഴിലാളികൾക്കു ഉണ്ടാകുമെന്നു വിശ്വസിക്കാൻ ഒരു നിവൃത്തിയും കാണുന്നില്ല. ഞാൻ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ വല്ലതും ഗുണം തൊഴിലാളിക്കു സിദ്ധിച്ചേക്കും.

ശ്രീ. പനമ്പിള്ളി ശോവിനമേനോൻ : സർ, എന്റെ മുമ്പിലിരിക്കുന്ന മി. പൊന്നപ്പ ശ്രിധറിന്റെ ഭേദഗതിയും അദ്ദേഹത്തിന്റെ പ്രസംഗവും തമ്മിൽ യാതൊരു ബന്ധവും ഇല്ലെന്നു തോന്നുന്നു. ഈ ബിൽ പാസാക്കുന്നതുകൊണ്ടു തൊഴിലാളികൾക്കു വളരെ പ്രയോജനം സിദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിയാണു് ഗവൺമെന്റു് ഇതിലേക്കു ഉദ്യമിച്ചിട്ടുള്ളതു്. അങ്ങനെ ഒരു വിശ്വാസം ഉള്ളതുകൊണ്ടു് അതനുസരിച്ചു പ്രവർത്തിക്കാതിരിക്കാൻ നിവൃത്തിയില്ല. നിലവിലിരിക്കുന്ന അവാർഡിന്റെ കാലാവധി മാറുന്നതിനുള്ള അധികാരമാണു് ഈ വകുപ്പിൽ ഉള്ളതു്. അതായതു് ഒരു അവാർഡ് എൻഫോർസു് ചെയ്യുകയും അതിനുശേഷം സംഗതികൾക്കു വലിയ വ്യത്യാസംവരികയും ചെയ്താൽ എന്നിരിക്കട്ടെ. അങ്ങിനെവന്നാൽ ആ സംഗതിയെപ്പറ്റി ഒന്നുകൂടി തീരുമാനിക്കുന്നതിലേക്കു ടൈബ്യൂണലാണു അയച്ചുകൊടുക്കാം. അങ്ങിനെ ചെയ്യുന്നതു എല്ലാ ഗവൺമെന്റിന്റെ ഒരു പതിവും അതു എല്ലാ ട്രേഡ് യൂണിയനും സമ്മതിക്കുന്നതുമാണു്. തൊഴിലാളികളെപ്പറ്റി പറയുകയാണെങ്കിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനം വേണ്ടിടത്തോളം പുരോഗമിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഇങ്ങിനെ സാധിച്ചില്ലെന്നു വരുമെന്നു കാണാം. അതായതു ചില സ്ഥലങ്ങളിൽ ട്രേഡ് യൂണിയൻ ഇല്ലാതിരിക്കും. ആ വിധത്തിലുള്ള തൊഴിലാളികൾക്കായിരിക്കും ചിലപ്പോൾ അതു കൂടുതൽ ആവശ്യമായി വരുന്നതു്. അങ്ങിനെയുള്ള തൊഴിലാളികളെപ്പറ്റിയാണെങ്കിൽ അതു സമ്മതിക്കുന്നതിൽ എനിക്കും വൈമനസ്യമില്ല. എന്നാൽ നേരേമറിച്ചു് ട്രേഡ് യൂണിയൻ ഉള്ള സ്ഥലങ്ങളിലെ തൊഴിലാളികളെപ്പറ്റി ഇങ്ങിനെ ഒരു ഭേദഗതി കൊണ്ടുവരേണ്ട ആവശ്യമില്ലെന്നാണു് എനിക്കു പറയാനുള്ളതു്. ആ കാരണത്താൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that clause 19 stand part of the Bill was put and carried.

Clause 19 was added to the Bill.

Clause 20

ശ്രീ. എ. കെ. പാപ്പുപിള്ള : സർ, നാലാമത്തെ ഭേദഗതിയാണു് ഞാൻ ഇവിടെ വായിക്കുന്നതു്.

In clause 20 (2) (b) after 'Government', add 'one month or in the case of the Board two months'.

കൺസിലിയേഷൻ ആഫീസർ അല്ലെങ്കിൽ ഒരു ബോർഡ് ഒരു തീരുമാനത്തിൽ എത്തിക്കഴിഞ്ഞാൽ എപ്പോൾ മുതലാണു് ആ തീരുമാനം പ്രവർത്തനത്തിൽ കൊണ്ടുവരേണ്ടതു് എന്നുള്ളതിനെ സംബന്ധിച്ചു ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. എന്നാൽ തീരുമാനത്തിൽ എത്താതിരിക്കുന്ന കേസുകളെ സംബന്ധിച്ചിടത്തോളം അതിന്റെ കാലാവധി നിർണ്ണയിക്കുന്നതിനെപ്പറ്റിയുള്ള ഒരു ഭേദഗതിയാണു് ഞാൻ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. അ

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. K. Pachu Pillai]

തായതു് അങ്ങിനെയുള്ള തീരുമാനത്തെ സംബന്ധിച്ചിടത്തോളം കൺസിലിയേഷൻ ആഫീസരാണെങ്കിൽ രണ്ടു മാസവും ബോർഡാണെങ്കിൽ ഒരു മാസവുമെന്ന ക്ലിപ്തപ്പെടുത്തണമെന്നാണു് എന്റെ ഭേദഗതികൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. എന്റെ ഭേദഗതി എത്രത്തോളം തത്വപരമാണെന്നുള്ളതിലേക്കു തെളിവിനായി ബഹുമാനപ്പെട്ട മന്ത്രി ബില്ലിലെ ഫ—ാം വകുപ്പിൽ എ.യും ബി.യും ഉപവകുപ്പുകളും ദയവായി ഒന്നു വായിച്ചുനോക്കിയാൽ കൊള്ളാം.

വകുപ്പ് ഫ—ൽ എ.യും ബി.യും ഉപവകുപ്പിന്റെ വെളിച്ചത്തിൽ നോക്കുന്നപക്ഷം അതു എത്രത്തോളം സാഹായകമായിരിക്കുമെന്നു നോക്കിയാൽ കാണാം. ഈ നിലക്കു് ഒരു ക്ലിപ്തകാലാവധിക്കുള്ളിൽ അതനുസരിച്ചു പ്രവർത്തനം നടത്തണമെന്നാണു് എന്റെ അഭിപ്രായം. ഈ അഭിപ്രായത്തെ സാധീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ ഈ ഭേദഗതിയെയും എതിർക്കുന്നു. ബില്ലിൽ ക്ലാസ്സു് ഫ ഠ—ൽ എ. ബി. എന്നുള്ള ഉപവകുപ്പു ഞാൻ ഇവിടെ വായിക്കാം.

"A conciliation proceeding shall be deemed to have concluded,—

(b) where no settlement is arrived at, when the report of the conciliation officer is received by Government *one month or in the case of the Board two months* or when the report of the Board is published under section 17, as the case may be; or

ഈ ഉപവകുപ്പനുസരിച്ചു ബഹുമാനപ്പെട്ട മെമ്പറിന്റെ അമെൻഡുമെന്റു് അസ്ഥാനത്തിലാണെന്നു കാണാൻകഴിയും. അതായതു് ഈ ഭേദഗതിയിൽ യാതൊരു അർത്ഥവും ഞാൻ കാണുന്നില്ല. അതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ഫ—ാം വകുപ്പിന്റെ എ. ബി. ഉപവകുപ്പുകളാണു് വായിച്ചുനോക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടതു്. അല്ലാതെ ഫ ഠ—ാം വകുപ്പിന്റെ എ. ബി. അല്ല.

Amendment No. 34 was put and lost.

The question that Clauses 20 and 21 stand part of the Bill was put and carried.

Clauses 20 and 21 were added to the Bill.

Clause 22

Sri. Ponnara G. Sreedhar: In clause 22 (1) sub-clause (a) be deletcd and consequential changes to be made in the remaining sub-clauses.

ഇതാണു് എന്റെ ഭേദഗതി.

സർ, പബ്ലിക്കു് യൂട്ടിലിറ്റി സർവ്വീസിൽ ജോലി നോക്കിക്കൊണ്ടിരിക്കുന്ന ഒരാൾക്കു വാദ്ധത്തലംഘനപ്രകാരം സ്ട്രൈക്കു് ചെയ്യുന്നതിനുള്ള അവകാശത്തെപ്പറ്റിയാണു് ബില്ലിന്റെ ഫ—ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു്. ആ വകുപ്പിന്റെ ക (എ) ഉപവകുപ്പു് എടുത്തുകളയണമെന്നാണു് എന്റെ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു്. മുമ്പു ഒരവസരത്തിൽ ഇപ്രകാരം യൂട്ടിലിറ്റി സർവ്വീസിൽ ഇരിക്കുന്നവരെപ്പറ്റി ഞാൻ പ്രതിവാദിച്ചിട്ടുണ്ടു്. അവരുടെ അവകാശം സംരക്ഷിക്കുന്നതിനു് ചില അവസരങ്ങളിൽ ഒരു സ്ട്രൈക്കുകൊണ്ടല്ലാതെ മറ്റു യാതൊരു ഉപാധിയും അവക്കില്ലാതെവന്നേക്കും. അങ്ങനെ നിവർത്തിയില്ലാതെ വരുന്ന അവസരത്തിൽ സ്ട്രൈക്കിനു വിധേയമാകുന്നവരെ ഏതെല്ലാം വിധത്തിലാണു് നിയന്ത്രിച്ചിരിക്കുന്നതെന്നു ഈ ബില്ലു് നോക്കിയാൽ മനസ്സിലാകുന്നതാണു്. ആദ്യമായി അതിൽ പറഞ്ഞിരിക്കുന്നതു്, എ.യിൽ, അവർ സ്ട്രൈക്കു് ചെയ്യുന്നതിനു ഒരു മാസത്തിനുമുമ്പു നോട്ടീസു് കൊടുത്തിരിക്കണം. അതുപോലെ ബി.യിൽ പറഞ്ഞിരിക്കുന്നതെന്തെന്നാൽ, നോട്ടീസു് കൊടുത്തു ക ര ദിവസത്തിനകം അവർ സ്ട്രൈക്കു് ചെയ്യിരിക്കണം. അതിനു വല്ല അലസതയും കാണിക്കുന്നപക്ഷം വീണ്ടും നോട്ടീസു് കൊടുക്കേണ്ടിയിരിക്കുന്നു. സി.യിൽ പറയുന്നതു കൊടുക്കപ്പെടുന്ന നോട്ടീസിൽ വച്ചിരിക്കുന്ന തീയതിയിൽത്തന്നെ അവർ സ്ട്രൈക്കു് ചെയ്യിരിക്കണം. സ്ട്രൈക്കു് ചെയ്യേണ്ടതു തങ്ങളുടെ അവകാശസംരക്ഷണത്തിനു അത്യാവശ്യമായി കാണുന്ന തൊഴിലാളികളും വല്ലവിധത്തിലും ഈ മൂന്നു നിയന്ത്രണങ്ങളും ഒരുവിധം കടന്നു എന്നിരിക്കട്ടെ. ഉടനെ തർക്കതീരുമാനത്തിലേക്കായിട്ടു ബോർഡിനേയൊ അല്ലെങ്കിൽ ട്രിബ്യൂണലിനേയൊ ആ തൊഴിൽതർക്കം ഏല്പി

LIBRARY ARCHIVES Kerala Legislative Assembly

ക്കും. ചിലപ്പോൾ എല്ലിച്ചില്ലെന്നും വരാം. എല്ലിക്കുകയാണെങ്കിൽ, പിന്നീട്ടും സ്ട്രൈക്ക ചെയ്യണമെങ്കിൽ മുൻപറഞ്ഞ നടപടികളെല്ലാതെയും നടത്തേണ്ടതുണ്ട്. ഉദാഹരണമായി എലക്ട്രിസിറ്റി ഡിപ്പാർട്ട്മെണ്ടിലെ ജീവനക്കാർക്ക് അവരുടെ അവശത പരിഹരിക്കുന്നതിനായി ഒരു സ്ട്രൈക്കിന്റെ ആവശ്യം വന്നുയെന്നിരിക്കട്ടെ. അതായത് അവരുടെ ബോണസ് പ്രശ്നംതന്നെ ഒരു കാരണമായിവച്ചുകൊണ്ട് സ്ട്രൈക്കിനൊരുങ്ങുന്നു. അങ്ങനെയായാൽ അവർ ഒരു മാസത്തിനുമുമ്പു നോട്ടീസ് കൊടുക്കുകയും അതനുസരിച്ചു സ്ട്രൈക്ക് നടത്തുവാൻ ആരംഭനടപടികളും കൈക്കൊണ്ടു എന്നുമിരിക്കട്ടെ. അപ്പോൾ ആ പ്രശ്നത്തെ സംബന്ധിച്ചു ഒരു തീരുമാനത്തിനു ബോർഡിലേക്ക് അയക്കുകയായി. ബോർഡിന്റെ അവസാന തീരുമാനം ഉണ്ടാകുന്നതിനു കാലതാമസം വളരെ ഉണ്ടായേക്കാം. തന്നിമിത്തം ഈ വർഷത്തെ ബോണസ് പ്രശ്നം പരിഹരിക്കുന്നതു അടുത്ത വർഷത്തിലായിരിക്കും. പിന്നീട്ടും സ്ട്രൈക്ക ചെയ്യണമെന്നുണ്ടെങ്കിൽ പഴയ പല്ലവി അതുയും പാടേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ സങ്കടപരിഹാരത്തിനു പകരം എന്നും നോട്ടീസും ആർബിറേഷനുമായി അവനു കഴിയും. ബില്ലിലെ ഇത്തരം വ്യവസ്ഥകളും വായിച്ചുനോക്കുന്ന ഒരു വ്യക്തിക്കു നാം ഒന്നുകിൽ ഒരു ഫാസിസ്റ്റ് രാജ്യങ്ങളിലൊ അല്ലെങ്കിൽ ഫാസിസത്തിലേക്കു ശീഘ്രത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു രാജ്യങ്ങളിലാ കഴികയാണെന്നു മനസ്സിലാക്കാം. പ്രജായത്തഭരണസിദ്ധാന്തം നിലവിലിരിക്കുന്ന യാതൊരു രാജ്യത്തും ഇത്തരത്തിലൊരു നിയമം ഉണ്ടാകുമെന്നു പ്രതീക്ഷിക്കാൻ ന്യായം കാണുന്നില്ല. ഇവിടത്തെപ്പോലെ ഉടമ്പടിലംഘനത്തിനു ഒരു തൊഴിലാളിയേയും ശിക്ഷിക്കാവുന്ന ഒരു നിയമം ഇൻഡ്യക്കു വെളിയിൽ കാണുവാൻ സാധ്യമല്ല.

വ്യാവസായികമായി വളരെ പുരോഗമിച്ചിട്ടുള്ള അമേരിക്കയിൽ, ഒരു കാൺട്രാക്ട് വർഷത്തേക്കുള്ള ജോലികഴിഞ്ഞു പുതിയ കൺട്രാക്ട് ഏഴുതുമ്പോൾ ആ കൺട്രാക്ട് പ്രകാരമുള്ള ആദ്യത്തെ രണ്ടു മാസത്തേക്കു സ്ട്രൈക്ക് പാടില്ലെന്നു മാത്രമേയുള്ളു. അല്ലാം നിയമം വിരോധിച്ചിട്ടില്ല. ആ വിധത്തിൽ ഒരു കൺവൻഷൻ ഉണ്ടെന്നേയുള്ളു. അവിടേയും ആർബിട്രേഷനെല്ലാം ഉണ്ട്. പക്ഷെ അതൊന്നും നിയമപ്രകാരമുള്ളതല്ല. ആർബിട്രേഷനു രണ്ടു കക്ഷികളും യോജിച്ചാണു പോകുന്നതു. ഫാക്ടസ് ഫൈൻഡിംഗ് കമ്മിറ്റിയും മറ്റും അവിടേയും ഉണ്ട്. പക്ഷെ കമ്മിറ്റി റിപ്പോർട്ട് സ്വീകരിച്ചേതീരു എന്ന നിയമമില്ല. ഇതുപോലെ തൊഴിലാളികൾക്കു ഉപകാരപ്രദമായ യാതൊന്നും ഉണ്ടാക്കാതെ, അവക്കു ഉപദ്രവകരമായ നിയമങ്ങളുണ്ടാക്കി കടശ്ശിയിൽ അവരുടെ ഏക ആയുധമായ സ്ട്രൈക്ക് ഒരു പരിതസ്ഥിതിയിലും ഉപയോഗിക്കാൻ പാടില്ലാത്ത നിലയിൽ ഈ വകുപ്പു കൊണ്ടുവന്നിരിക്കുകയാണു ചെയ്തിട്ടുള്ളതു. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു 'എ' വിഭാഗം ആണു. അതു ഇതാണു.

(a) without giving to the employer notice of strike, as hereinafter provided, within one month before striking; or

ഇതു മാറ്റി 'എ-യും, ബി-യും' കൂടി ചേർത്തു ഒന്നാക്കിയാൽമതി. ഒരു മാസമെന്നും പതിനാലു ദിവസമെന്നും പ്രത്യേകം പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഒരു മാസം എന്നുള്ളതു മാറ്റി പതിനാലു ദിവസത്തിനകം നോട്ടീസു കൊടുക്കണമെന്ന മാത്രംമതി. അതാണ എന്റെ രണ്ടാമത്തെ അമൻഡുമെന്റിലുള്ളതു. 22 സബ്ക്ലാസ് 2 (ഡി)-യിൽ ഏഴു ദിവസമെന്നുള്ളതു രണ്ടു ദിവസം എന്നാക്കണമെന്നാണു 87-ാമത്തെ എന്റെ അമൻഡുമെന്റ് കൺസിലിയേഷൻ ആഫീസർ അവിടെ പോയി ഏഴു ദിവസംകഴിഞ്ഞു, പിന്നീട് ഇതേതക്കംതന്നെ വേറെ ആക്കേണ്ടിവരുമെന്നു തീരുമാനിക്കുന്നതിനു അയക്കുക ഇങ്ങനെ പല കൈമറിഞ്ഞു കാലതാമസം വരാതിരിക്കുന്നതിനുള്ള ഭേദഗതി ഇവിടെ കൊണ്ടുവന്നപ്പോൾ അതിനെ തിരസ്കരിക്കയാണുണ്ടായതു. തൊഴിലാളികളുടെ സങ്കടം പരിഹരിക്കുന്നതിനു ഉടൻതന്നെ ആ തൊഴിൽതക്കത്തെ റഫർ ചെയ്യേണ്ടതാണെന്നുണ്ടായിരുന്നെങ്കിൽ സ്ട്രൈക്ക നിയന്ത്രിച്ചുകൊണ്ടുള്ള വകുപ്പു ഇരിക്കുന്നതുകൊണ്ടു വലിയ ദോഷം വരികയില്ലായിരുന്നു. അതുകൊണ്ടു ഈ ഭേദഗതി സ്വീകരിക്കണമെന്നാണു ഞാൻ അപേക്ഷിക്കുന്നതു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ വകുപ്പിൽ പിബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസിലുള്ള തൊഴിലാളികൾക്ക് സ്ട്രൈക്ക് ചെയ്യുന്നതിനുള്ള അവകാശത്തെ നിഷേധിച്ചിട്ടില്ലെന്നു ഞാൻ ഉദ്ധരിക്കുന്നു. ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളതു പതിനാലുദിവസത്തെ നോട്ടീസ്സ് കൊടുക്കാതെ സ്ട്രൈക്ക് ചെയ്യരുതെന്നാണ്. അങ്ങനെ പതിനാലുദിവ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Gov.nda Menon]

സത്തെ നോട്ടീസ് വേണമെന്ന പറഞ്ഞിട്ടുള്ളതു് ശരിയാണെന്ന ഈ സഭയിലെ എല്ലാ അംഗങ്ങളും സമ്മതിക്കുമെന്ന ഞാൻവിശ്വസിക്കുന്നു. കാരണം പൊതുജനങ്ങൾക്കു് വളരെ ആവശ്യമുള്ളതും അവക്കു് വളരെ താൽല്പര്യമുള്ളതുമായ തൊഴിലുകളാണ പബ്ലിക്കു് യൂട്ടിലിറ്റി സർവ്വീസ് നടത്തുന്നതു്. നോട്ടീസു് കൊടുത്ത നാ ദിവസത്തിനുള്ളിൽ ആയിരിക്കണം സ്ട്രൈക്ക് എന്നുകൂടി നിർബന്ധമുണ്ടു്. അതിൽ ആക്ഷേപകരമായിയാതൊന്നും കാണുന്നില്ല. സ്ട്രൈക്കിനു നോട്ടീസുകൊടുത്താൽ അതിനു കാലഹരണമില്ലാതെ നിലനിൽക്കുന്നതു തൊഴിലാളികൾക്കും ഇൻഡസ്ട്രികൾക്കും പൊതുജനങ്ങൾക്കും നന്നല്ല. എത്രയും പ്രധാനമായ ആവശ്യങ്ങൾ പൊന്തിവരുമ്പോളാണ സ്ട്രൈക്ക് നോട്ടീസ് കൊടുക്കുന്നതു്. അങ്ങനെയുള്ള ആവശ്യങ്ങൾ നിലനിൽക്കുന്ന അവസരത്തിൽ സ്ട്രൈക്ക് നോട്ടിസ് കൊടുത്തു് ഏന്നു ദിവസം കഴിഞ്ഞു് സ്ട്രൈക്കു് ആകണമെന്നേ അതിൽ നിർബന്ധമുള്ളു്. അതിൽ യാതൊരു തെറ്റുമില്ല. ഈ വകുപ്പു് പാസാക്കുന്നതു് ഫാസിസമാണെന്നും അമേരിക്കയിലെ നിയമങ്ങളോടു യോജിക്കുന്നതല്ലെന്നും പറയുകയാണെങ്കിൽ ഇത്ര പ്രധാനപ്പെട്ട വലിയ കാര്യങ്ങൾ മനസ്സിലാക്കാനുള്ള ശക്തിയില്ലെന്ന മാത്രമേ ഞാൻ പറയുന്നുള്ളു.

The amendment was put and lost.

Sri. Ponnara G. Sreedhar: I move.

In clause 22, sub-clause 4) shall be rewritten as follows:

"The notice of strike referred to shall be given by the Trade Union of the workers of the particular industry and where there is no functioning Trade Union, by a majority of the workers in the industry, to such person or persons and in such manner as may be prescribed."

ഇവിടെ ഹാജരാക്കിയിരിയ്ക്കുന്ന ബില്ലിൽ ഇങ്ങനെയാണുള്ളതു്.

"The notice of strike referred to in sub-section (1) shall be given by such number of persons to such persons or persons and in such manner as may be prescribed"

ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെ അസാദ്ധ്യമാക്കിയിത്തീർക്കണമെന്നുള്ള വിചാരത്തോടുകൂടിയാണ ഇന്നത്തെ ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്നുള്ളതിനു് ഉത്തമദൃഷ്ടാന്തങ്ങൾ ഇതൊക്കെത്തന്നെയാണു്. സ്വാതന്ത്ര്യമായ ട്രേഡ് യൂണിയൻ പ്രവർത്തനം നടന്നുകൂടെന്നും ഗവണ്മെൻറ പറയുന്നതനുസരിച്ചു് നടക്കുന്നതായ ട്രേഡ് യൂണിയനുകൾ മാത്രമേ പ്രവർത്തിക്കാവൂ, എന്നും ഉള്ള അധികൃതരുടെ ആഗ്രഹം സാധിക്കുന്നതിനാണ് ഈ രൂപത്തിൽ ഈ ബിൽ ഉണ്ടാക്കിയിട്ടുള്ളതെന്ന തോന്നുന്നു. ട്രേഡ് യൂണിയൻ ഇല്ലാത്ത വ്യവസായങ്ങളും ഈ നാട്ടിലുണ്ടെന്നു പറയുകയുണ്ടായി. വ്യവസായമെന്നു പറയാവുന്ന എല്ലാ വ്യവസായത്തിലും ട്രേഡ് യൂണിയനുകൾ ഇന്നു് ഉണ്ടു്. കാര്യമായിട്ടുള്ളതും അല്ലാത്തതുമായ ട്രേഡ് യൂണിയനുകളും ഉണ്ടു്. ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊള്ളരുതാത്തവരാണെന്ന തോന്നുന്നവെങ്കിലും ട്രേഡ് യൂണിയൻ എന്നുള്ള നിലയിൽ തൊഴിലാളികളുടെ വിശ്വാസം അവർ ആർജ്ജിച്ചിട്ടുള്ള ട്രേഡ് യൂണിയനുകൾ ധാരാളമുണ്ടു്. ആ വിധത്തിലുള്ള പലതും പ്രവർത്തനം നടത്തുന്ന അവസരത്തിൽ ഈ ബില്ലിൽ ട്രേഡ് യൂണിയൻ എന്നുള്ള പദംതന്നെ ആകപ്പാടെ ഒരു ഭാഗത്തു മാത്രമേ ഉപയോഗിച്ചിട്ടുള്ളു. ഒരു സെക്ഷനിൽ മാത്രമാണ ആ പദം ചേർത്തിട്ടുള്ളതു്. ബാക്കിഭാഗം നോക്കിയാൽ ട്രേഡ് യൂണിയൻ എന്നു് ഒരു വസ്തുതന്നെ ഈ നാട്ടിൽ ഇല്ലെന്നു തോന്നിപ്പോകും. ഒരു വ്യവസായത്തെ മുഴുവൻ ചേർത്തു് ഒരു ട്രേഡ് യൂണിയൻ ഉണ്ടാക്കുന്നതു്—ശക്തിയുള്ള ദേശവ്യാപകയൂണിയനുകൾ ഉണ്ടാകുന്നതു്—ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ അഭിലഷണീയമായ ഒരു സ്ഥിതിയായി തോന്നിയിട്ടില്ലെന്നു്, കാണുവാൻ സാധിക്കും. ആ വിധത്തിലുള്ള നാഷൽ ട്രേഡ് യൂണിയൻസിനു് എതിരായും പ്രത്യേകമായി ചെറിയ ചെറിയ ട്രേഡ് യൂണിയനുകൾ വളരുന്നതിനു് സഹായകമായിട്ടാണു് ഇതു കൊണ്ടുവന്നിട്ടുള്ളതു്. സ്ട്രൈക്ക് നോട്ടീസു നൽകേണ്ടതു്, എത്ര തൊഴിലാളികൾകൂടി ചേർന്നായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനുള്ള അധികാരം കൈവശം വച്ചിരിക്കുന്നതാണു് ഈ വിഭാഗം. ഇന്നു നിലവിലിരിക്കുന്ന ട്രേഡ് യൂണിയൻ ആക്ടിൽ ട്രേഡ് യൂണിയനേ റെക്കഗ്നൈസ് ചെയ്യുന്നതിനുള്ള നിയമങ്ങളുണ്ടു്. ഭൂരിപക്ഷം തൊഴിലാളികൾ ചേരുന്ന ട്രേഡ് യൂണിയനെ അംഗീകരിച്ചാൽമതി. രണ്ടോ മൂന്നോ ട്രേഡ് യൂണിയനുകൾ ഉണ്ടെങ്കിൽ ഏതിനാണു തൊഴിലാളികളുടെ പ്രാതിനിദ്ധ്യമുള്ളതെന്നു ഗവണ്മെൻറിനു തീരുമാനിക്കാം. ആ വിധമുള്ള ട്രേഡ് യൂണിയനുകളുടെ നോട്ടിസ് വേണമെന്നു പറയുന്നതിൽ ന്യായമുണ്ടെന്നു സമ്മതിക്കാം. തൊഴി

LIBRARY ARCHIVES Kerala Legislative Assembly

ലാളികളിൽ കുറെ ആളുകൾ ചേർന്നു വേണം നോട്ടീസയക്കേണ്ടതെന്നു പറയുന്നതു് അക്ക മമാണു്. ഇക്കാര്യത്തെപ്പറ്റി എനിക്കു വലിയ പരിജ്ഞാനമില്ലെന്നു ഞാൻ സമ്മതിക്കുന്നു. ബഹു. മന്ത്രി ഇതിനെപ്പറ്റി പഠിച്ചിട്ടുള്ളതു ഞാൻ ഒരുപക്ഷേ പഠിച്ചിട്ടില്ലെങ്കിലും, എ നിക്കു കാര്യങ്ങൾ മനസ്സിലാക്കാനും അന്യനെ മനസ്സിലാക്കിക്കൊടുക്കാനും വേണ്ടതു ഞാൻ പഠിച്ചിട്ടുണ്ടു്. ട്രേഡു യൂണിയനുകളെ ശരിയായ നിലയിൽ വളർത്തണമെന്നു് ഇന്നത്തെ ഗവണ്മെൻറിനു് ആഗ്രഹമുണ്ടായിരുന്നെങ്കിൽ, ഒരിക്കലും ഇങ്ങനെയുള്ള ഒരു ബില്ലിൽ എഴുതി ഉണ്ടാ ക്കുകയില്ലായിരുന്നു. ഇവിടെ ഹാജരാക്കാൻ ധൈര്യപ്പെടുകയില്ലായിരുന്നു. ട്രേഡ് യൂണി യനിൽ തൊഴിലാളികൾക്കു് വിശ്വാസമില്ലാതാക്കണമെന്നുള്ളതാണു് ഇതിൻെറ ഉദ്ദേശമെ ന്നുതോന്നുന്നു. ബഹു. മന്ത്രിയുടെ പ്രഭാഷണങ്ങളും കേട്ടാൽ, തൊഴിലാളികളെ സംരക്ഷി ക്കുവാൻ ദേവലോകത്തുനിന്നും അദ്ദേഹം മുപ്പൈടെ കുറെ ആളുകൾ ഇറങ്ങിവന്നിരിക്കുകയാ ണെന്നു് തോന്നിപോകും. ഞങ്ങളുള്ള കാലത്തോളം തൊഴിലാളികളാരും—ട്രേഡു യൂണിയ നിൽ പോകേണ്ടെന്നു കാണിക്കാനുള്ള ഒരു യത്നമാണു് ഈ പുതിയ ബില്ലു്. ഇപ്പോഴും നി ലവിലിരിക്കുന്ന നിയമം നിയമസഭയിൽ അവതരിപ്പിച്ച അവസരത്തിൽ ഞാൻ ഒന്നുംത ന്നെ ഉരിയാടിയില്ലെന്നു് ബഹുമാനപ്പെട്ട മന്ത്രി റിക്കാഡു നോക്കി പറയുകയുണ്ടായി. പക്ഷെ, അതു് വാസ്തവമായിരിക്കാം. റിക്കാഡുകൾ എൻെറ കൈവശമില്ലാത്തതിനാൽ തീർത്തുപറയുവാൻ നിവർത്തിയില്ലാ. എന്നാൽ അതു ഈ അവസരത്തിൽ ഉദ്ധരിച്ചതെ ന്തിനാണാവോ. അന്നു് പറയാത്തതിനാൽ വാദതടസ്ഥം വല്ലതുമുണ്ടോ എന്നോ—അതോ, അന്നു് നിലവിലിരുന്ന മന്ത്രിസഭയെ ഉദ്ധരിച്ചു് എൻെറ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചി ല്ലാ, എന്നു കാണിക്കുന്നതിനാണോ. അതാണു് കാരണമെങ്കിൽ, അദ്ദേഹത്തെപോലെ അ വസരസേവകനല്ല ഞാനെന്നു, ഇനിയെങ്കിലും അദ്ദേഹം മനസ്സിലാക്കിയാൽ നന്നു്. അ ക്കാലത്തുള്ള നിയമസഭയിൽ വളരെ ചുരുക്കമായെ ഞാൻ സംസാരിച്ചിട്ടുള്ളൂ. അതിനു് കാ രണം ദേഹാസ്വാസ്ഥ്യം ഒന്നുമാത്രമായിരുന്നു ഒട്ടും സുഖമില്ലാതിരുന്ന ദിവസങ്ങളിൽ എ ന്നെങ്കിലും അയിരുന്നു, ഈ നിയമം ഹാജരാക്കിയിരിക്കുന്നതെങ്കിൽ തീർച്ചയായും ഞാൻ സംസാരിച്ചിരിക്കാനിടയില്ല. അക്കാലത്തുണ്ടായിരുന്നതിൽ അധികം "യോഗ്യ"ന്മാരുള്ള ഇന്നത്തെ നിയമസഭയിൽ ഹാജരാക്കിയിരിക്കുന്ന എൻെറ ഈ ഭേദഗതിയുടെ ഫലം എ ന്തെന്നറിയുന്നതു് രസാവഹമായിരിക്കും. ശ്രീ. പനമ്പിള്ളിയെപോലുള്ള തൊഴിലാളി പ്രേമികൾ എൻെറ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വാസത്തിൽ അതിനെ ഞാൻ പ്രസ്സു ചെയ്യുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹു. മെമ്പർ ഇത്രയധികം ആക്ഷേപത്തി നു് വിഷയമാക്കിയ വകുപ്പിതാണു്.

"The notice of strike referred to in sub-section (I) shall be given by such number of persons to such person or persons and in such manner as may be prescribed".

ഒരു നോട്ടീസ്സു് വേണമെന്നു നിശ്ചയിച്ചിട്ടുണ്ടു്. ആ നോട്ടീസ്സയക്കേണ്ടതു് ആരാണു്, എത്ര പേർ ചേരണം എന്നുള്ളതു് എല്ലാം രൂൾ പ്രകാരം നിശ്ചയിക്കാമെന്നാണു പറഞ്ഞിരിക്കുന്നതു്. ബഹു. മെമ്പറുടെ ഭേദഗതിയിൽ പറയുന്നതു തൊഴിലാളികളുടെ ഭൂരിപക്ഷം ചേർന്നു നോട്ടീസ്സയക്കണമെന്നാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: എന്നല്ല. അങ്ങനെ ഒരു യൂണിയനേ ഇല്ലെന്നു പ റഞ്ഞു കഴിഞ്ഞതുകൊണ്ടു് അതുകൂടി ചേർത്തതാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹു. മെമ്പറുടെ ഭേദഗതിയിൽ ഒരു ഭാഗ ത്തു പറയുന്നതു ഭൂരിപക്ഷം തൊഴിലാളികൾ ചേർന്നു ഒരു നോട്ടീസ്സു് അയക്കണമെന്നാണു്. അങ്ങനെയുള്ള കായ്ക്കളിൽ പോലും ഗവണ്മെൻറു് കൊണ്ടുവന്നിട്ടുള്ള ഈ വകുപ്പാണു് തൊ ഴിലാളികൾക്കു ക്ഷേമകരമെന്നു ഞാൻ വിശ്വസിക്കുന്നു. കാരണം നൂറോ ഇരുന്നൂറോ തൊ ഴിലാളികൾ ഉള്ള ഒരു സ്ഥാപനത്തിനു ഒരു സ്ട്രൈക്കു നോട്ടീസ്സു് അയക്കണമെന്നുണ്ടെങ്കിൽ ൪൦ ശതമാനത്തിൽ കൂടുതൽ തൊഴിലാളികൾ അതിൽ ഒപ്പിട്ടിരിക്കണമെന്നു നിർബന്ധി ച്ചാൽ സ്ട്രൈക്കു നോട്ടീസ്സു് അയക്കുന്ന കായ്ം കേവലം അപ്രായോഗികമാക്കുകയാണു്. അ തിൻെറ സ്ഥാനത്തു രണ്ടോ നാലോ അഞ്ചോ ആളുകൾ ചേർന്ന നോട്ടീസു് അയക്കണ മെന്നു ഗവണ്മെൻറിനു രൂൾ പ്രകാരം നിർബന്ധിക്കാവുന്നതാണു്.

പിന്നീടു് അദ്ദേഹം പറഞ്ഞതു് ട്രേഡു് യൂണിയൻ എന്ന വാക്കു് ഇതിൽ ഉപയോ ഗിച്ചിട്ടില്ലെന്നാണു്. ട്രേഡു് യൂണിയനെ നിർബന്ധമായി അംഗീകരിപ്പിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

നിയമങ്ങൾ നടപ്പിലാക്കീട്ടുള്ള ഗവൺമെൻറിനെക്കുറിച്ചാണ് ഇതു ഉത്തരവാദിത്വമില്ലാതെ പറഞ്ഞതെന്നു വിമർശിക്കേണ്ടിവന്നതിൽ ഞാൻ വ്യസനിക്കുന്നു. ഈ നാട്ടിൽ ട്രേഡ്യൂണിയനുകൾ വികസിപ്പിക്കേണമെന്നും വളർത്തണമെന്നും അങ്ങനെയുള്ള ട്രേഡു യൂണിയനുകൾ പ്രവർത്തിക്കുന്നതിനു വേണ്ട എല്ലാ സഹായങ്ങളും നൽകണമെന്നും മുതലാളിമാരെക്കൊണ്ടു നിർബന്ധമായിട്ടുപോലും അംഗീകരിപ്പിക്കേണമെന്നും നിയമനിർമ്മാണങ്ങൾ മൂലം ഇൻഡ്യാഗവൺമെൻറ് നിർബന്ധിക്കുന്നുണ്ട് എതാനും നിയമനിർമ്മാണങ്ങൾ ഇവിടേയും ഉണ്ട്. അങ്ങനെയിരിക്കെ ഈ വകുപ്പിൽ ട്രേഡ് യൂണിയൻ എന്നുള്ള വാക്ക് ഉപയോഗിച്ചിട്ടില്ലെന്നുള്ള കാരണം വച്ചുകൊണ്ടു ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ ഗവൺമെൻറ് വെറുക്കുന്നു എന്നു പറയുന്നതു കേവലം ഉത്തരവാദിത്വമില്ലാത്ത ഒരു പ്രസ്താവനയാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല. ഈ ക്ലാസ് തൊഴിലാളികളുടെ താൽപ്പര്യങ്ങളെയും അവകാശങ്ങളേയും ഒരു വിധത്തിലും നിഹനിക്കുന്നില്ലെന്നും നേരെമറിച്ചു, ട്രേഡ് യൂണിയൻ സംഘടനമാത്രം ഒപ്പിട്ടു നോട്ടീസ്സ് അയക്കണമെന്നു വച്ചാൽ ട്രേഡ് യൂണിയൻ ഇല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവക്ക് ഉപദ്രവകരമായിത്തീരുമെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഭേദഗതിയെ ഞാൻ എതിർക്കുന്നു.

The amendment was put and lost.

The question that clause 22 stand part of the Bill was put and carried.

Clause 22 was added to the Bill.

Clause 23

Sri. Ponnara G. Sreedhar: Sir, I move.

In clause 23 (a), the number of days given be reduced to 'two' from 'seven'.

In clause 23 (b), the number of weeks given be reduced from 'six weeks' to 'two weeks'

സർ, ഇതെങ്കിലും വളരെ ഉത്തരവാദിത്വത്തോടുകൂടി പറയുന്നതാണെന്നു മനസ്സിലാക്കണം. നിരുത്തരവാദിത്വത്തോടുകൂടിയല്ല സാധാരണയായി ഈ മാതിരി കാര്യങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുന്നതു് എന്നു ബഹു. മന്ത്രി അറിയുന്നതു നന്നായിരിക്കുമെന്നു ഞാൻ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു. ഇതിൽ (എ) ഉപവകുപ്പിൽ ഏഴുദിവസമെന്നാണ് പറഞ്ഞിരിക്കുന്നതു്. during the pendancy of conciliation proceedings before a board and seven days after the conclusion of such proceedings എന്നാണ്. സാധാരണയായിട്ട് ഇതും "ബ്രീച്ച് ഓഫ് കാൺടാക്ട്" എന്നതുതന്നെയാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്. ഇതിൽ "ബ്രീച്ച് ഓഫ് കാൺടാക്ട്" ഉണ്ടെന്നു പറയുന്നതു് സാമാന്യനീതിക്കു വിരുദ്ധമാണ്. ഈ വിധത്തിൽ സാമാന്യമായ ഒരു കുറ്റത്തെ "ബ്രീച്ച് ഓഫ് കാൺട്രാക്ടായി പരിഗണിക്കയും, ഏഴുദിവസത്തേക്ക് സ്റ്റൈക്ക് ചെയ്യുകയോ കൺസീലിയേഷൻ പ്രൊസീഡിംഗ്സ് നടക്കുന്ന അവസരത്തിൽ ലാക്കൗട്ട് ചെയ്യുകയോ ചെയ്യാൻ പാടില്ലാ എന്നുള്ളതും ആണ് ആദ്യത്തേതു്, രണ്ടാമത്തേതിൽ ആറാഴ്ചയാണ് ബില്ലിൽ പറഞ്ഞിരിക്കുന്നതു്. എന്റെ ഭേദഗതി ഏഴുദിവസമെന്നുള്ളതു രണ്ടുദിവസമെന്നും ആറാഴ്ചയെന്നുള്ളതു് രണ്ടാഴ്ച എന്നും ആക്കണമെന്നുള്ളതാണ്. അതു സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഭേദഗതി സ്വീകരിക്കാൻ നിവർത്തിയില്ല. ഒരു അനുരഞ്ജനശ്രമം പരാജയപ്പെട്ടാൽ അതിനെ സംബന്ധിച്ചാലോചിച്ചു് വേണ്ട നടപടി എടുക്കുന്നതിനു സമയം ആവശ്യമാണ്. അതിനു ഒരാഴ്ചയെങ്കിലും സമയം വേണം അതു് ഒരു ബോർഡിനയക്കുകയോ അല്ലെങ്കിൽ അഡ്ജൂഡിക്കേഷനു വിടണമോ അല്ലെങ്കിൽ സ്റ്റൈക്ക് ചെയ്യുവാൻ അവർക്കു് അവകാശം സ്വീകരിക്കുന്നതിനോ ആവശ്യമായ തീരുമാനം ചെയ്യുന്നതിനു് ഏഴുദിവസംവേണമെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം. അതുപോലെതന്നെ പിന്നെയുള്ള ഭേദഗതിയും ഇതിനുമുമ്പുവരെ രണ്ടുമാസമെന്നായിരുന്നു വച്ചിരുന്നതു്. എന്നാൽ സെലക്ട് കമ്മറ്റിയുടെ അഭിപ്രായപ്രകാരമാണ് ആറാഴ്ച എന്നു വച്ചിരിക്കുന്നതു്. അതുകൊണ്ടു് ഭേദഗതിയിൽ പറയുന്നപ്രകാരം രണ്ടാഴ്ച എന്നുള്ളതു സ്വീകരിക്കാൻ നിവർത്തിയില്ല.

Both the amendments were put and lost.

The question that clauses 23 and 24 stand part of the Bill was put and carried.

Clauses 23 and 24 were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 25

Sri. Ponnara G. Sreedhar: Sir I move "Delete clause 25."

ഇതു നിയമവിരുദ്ധമായ സ്ട്രൈക്കുകൾക്കും ലോക്കൗട്ടുകൾക്കും പണംകൊണ്ടു സഹായിക്കുന്നതിനെ കൂറകരമാക്കുന്ന ഒരു വ്യവസ്ഥയാണു്. ഇങ്ങനെ ഒരു വ്യവസ്ഥ ഇതിൽ വയ്ക്കുന്നപക്ഷം സ്ട്രൈക്കും ലോക്കൗട്ടും ഉണ്ടാകയില്ലെന്നുള്ളതായിരിക്കും ഗവണ്മെണ്ടിന്റെ വിശ്വാസം. ഈ വിഭാഗം സാധുക്കൾക്കു ഉപദ്രവമുണ്ടാക്കുന്ന ഒന്നാണു്. നിയമവിരുദ്ധമായ സ്ട്രൈക്കു് എന്നു കേട്ടാൽ എന്തോ മഹാപാപകൃത്യങ്ങൾ നടത്തിയെന്നു തോന്നിപോകും. ഒരു സ്ട്രൈക്കു നടത്തുന്നതിൽ ക്രമവിരുദ്ധമായോ കൂറകരമായോ സാമാന്യനീതിക്കു വിരുദ്ധമായോ മനഃതന്നെയില്ലാ. തൊഴിലാളികൾ സ്ട്രൈക്കു ചെയ്യുന്നതു് സാധാരണയായി ദാരിദ്ര്യംകൊണ്ടോ, നിയമപരമായ അവരുടെ അവകാശങ്ങൾ പിടിച്ചു പറ്റുന്നതിനോ ആണു്. ഈപുതിയ നിയമമനുസരിച്ചുമാത്രമാണു് ചിലതരം സ്ട്രൈക്കുകൾ ഇല്ലീഗൽ ആക്കിയിരിക്കുന്നതു്. അതു സാമാന്യനീതിക്കു വിരുദ്ധമായ ഒരു നിയമവുമാണു്. അതുമാത്രമല്ല ഈ നിയമംകൊണ്ടു്, പാവങ്ങളായ തൊഴിലാളികൾ നീതിപരമായ ഒരു സ്ട്രൈക്കു ചെയ്യുമ്പോൾ അവരെ ഒരു മനുഷ്യൻ കുറച്ചുപണംകൊണ്ടോ മറ്റു വിധത്തിലുമോ സഹായിച്ചാൽ അതു കൂറകരമായിത്തീരുകയും ചെയ്യുന്നു. ഈ തിരുവനന്തപുരം പട്ടണത്തിൽതന്നെ ഒരു സ്ട്രൈക്കു നടക്കുന്നു എന്നു വിചാരിക്കുക. പ്രസ്തുത സ്ട്രൈക്കു നിയമപരമോ നിയമവിരുദ്ധമോ എന്നതു് അറിവാൻ നിവൃത്തിയില്ലാതിരിക്കും. അവർ ഏതെങ്കിലും സഹായത്തിനപേക്ഷിച്ചാൽ സാധാരണ ഭിക്ഷകൊടുക്കുന്ന മാതിരി വല്ലതും ആരെങ്കിലും കൊടുക്കുകയാണെങ്കിൽ അയാൾ ചിലപ്പോൾ കൂറക്കാരനായെന്നു് വന്നേക്കും. വാസ്തവത്തിൽ സ്ട്രൈക്കിനുവേണ്ടി സഹായിക്കുന്നതല്ല എന്നിരുന്നാൽതന്നെയും അയാൾ കൂറക്കാനാകും. ഒരു സ്ട്രൈക്കു് ലീഗൽ ആണോ ഇല്ലീഗൽ ആണോ എന്നു പ്രത്യേകം പ്രസ്ഥാവിച്ചിരിക്കണമെന്നു് പറഞ്ഞിട്ടുമില്ല. ഈവിധത്തിലുള്ള സ്റ്റാറ്റ്യൂട്ടുകളിൽ ഈ മാതിരിക്ലാസ്സുകൾ നിലവിലിരിക്കുന്നിടത്തോളംകാലം യാതൊരു സ്ട്രൈക്കിനും യാതൊരുവിധ സഹായവും ചെയ്യുവാൻ ആളില്ലാതെവരും. ഒരു സ്ട്രൈക്കു വിജയിക്കണമെങ്കിൽ തൊഴിലാളിക്കു അന്യരിൽനിന്നും ധനസഹായമുണ്ടായിരുന്നേതീരൂ. അതു ഉണ്ടാകാതിരിക്കുന്നതിനുള്ള ഒരു പുതിയ മാർഗ്ഗമായിട്ടാണു് ഞാൻ ഈ സെക്ഷനെക്കരുതുന്നതു്. അതുകൊണ്ടു് ഈ ക്ലാസ് വച്ചുകൊണ്ടിരിക്കാതെ ഇതിനെ ഡിലിറ്റുചെയ്യാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിയമവിരുദ്ധമായ സ്ട്രൈക്കു് പ്രോൽസാഹിപ്പിക്കരുതെന്നാണു് ഗവണ്മെണ്ടിന്റെ നയം. ഒരു കായ്യം ബഹു. മെമ്പർ പറഞ്ഞതു് ശരിയാണു്. അതു് കേവലം സാങ്കേതികമായ ഒരു വ്യവസ്ഥമാത്രമാണു്. എന്നാൽ സാന്മാർഗ്ഗികമായ ഒരു തെറ്റുചെയ്യാൽതന്നെ ടെക്കനിക്കലായി അതു ഒരു കുറ്റമാണു്. അതുപോലെതന്നെയാണു് നിയമവിരുദ്ധമായ ഒരു സ്ട്രൈക്കിനെ സഹായിക്കുന്നതും ടെകനിക്കലായി കുറ്റം തന്നെയാണു്. അതുകൊണ്ടു് ഈ ഭേദഗതിയെ ഞാൻ എതുക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഒരു രണ്ടായിരം തൊഴിലാളികൾക്കു് ഒരുമാസം ആഹാരം കൊടുത്താൽ അതു കുറ്റമാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു പണച്ചിലവുണ്ടാകയാണെങ്കിൽ അതു കൊടുക്കാൻ പാടില്ല. നിയമവിരുദ്ധമായ സ്ട്രൈക്കുകൾ ചെയ്തിട്ടുള്ളവർക്കു് അങ്ങിനെ കൊടുക്കാൻ പാടില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: അറയിൽ കിടക്കുന്ന നെല്ലു് എടുത്തു അവർക്കു ചോറുണ്ടാക്കിക്കൊടുത്താൽ അതു നിയമവിരുദ്ധമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് അന്നു നോക്കാം.

The amendment was put and lost.

The question that Clause 26 stand part of the Bill was put and carried.

Clause 26 was added to the Bill.

Clause 26

Sri. Ponnara G. Sreedhar: Sir, I move:

In clause 26, the portion of the sentence beginning with the words "with imprisonment and ending with the words 'one month or' and also the words 'or with both" found at the end, be both deleted.

LIBRARY ARCHIVES Kerala Legislative Assembly

[Sri. Ponnara G. Sreedhar]

ഈ ക്ലാസ് നിയമവിരുദ്ധമായ സ്ട്രൈക്കിൽ ഇടപ്പെട്ട ആളുകൾക്ക് ശിക്ഷ നൽകുന്നതിനെപ്പറ്റിയാണ് പറയുന്നത്. ഇതു ബഹു. മന്ത്രി പറയുന്നതു പോലെ വലുതായ സാമ്പാർഗ്ഗികദുഷ്പ്രവൃത്തികൾ ചെയ്യുന്നതിനുള്ള കുറങ്ങളൊന്നുമല്ല.

26. *Penalty for illegal strikes and lock-outs.*—(1) Any workman who commences, continues or otherwise acts in furtherance of a strike which is illegal under this Act shall be punishable with imprisonment for a term which may extend to one month, or with fine which may extend to fifty rupees, or with both.

(2) Any employer who commences, continues or otherwise acts in furtherance of a lock-out which is illegal under this Act shall be punishable with imprisonment for a term which may extend to one month, or with fine which may extend to one thousand rupees, or with both.

ഈ ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് തൊഴിലാളികളെയാണ് ശിക്ഷിക്കപ്പെടുന്നത് എന്നു മനസ്സിലാക്കണം. അവർക്കു ഒരു മാസം തടവോ ഒരുമാസം പിഴയോ രണ്ടും കൂടിയോ എന്നാണ് വച്ചിരിക്കുന്നത്. തൊഴിലാളികൾ @ ഠ്രപാ ഫൈൻ കൊടുക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. സ്ട്രൈക്ക് പറഞ്ഞാൽ മൂന്നും നാലും പേർ ചേർന്നാൽ ഒരു സ്ട്രൈക്കാകുകയില്ല. അപ്പോൾ തൊഴിലാളികൾ ബഹുഭൂരിപക്ഷം സ്ട്രൈക്ക് ചെയ്താൽ അവരെ ഈ @ ഠ്രപ വീതം ശിക്ഷിക്കാം. അതു ന്യായമാണോ എന്നാണാലോചിക്കേണ്ടത്. അതു മാക്സിമം പണിഷ്മെൻറ് അല്ലഎന്നു പറഞ്ഞേക്കാം. അതു വിധിക്കുന്നതിനുള്ള അവകാശം മജിസ്ട്രേട്ടിനുണ്ടെന്നതു നാം ഓർക്കണം. അദ്ദേഹം ഒരുപക്ഷേ മാക്സിമംതന്നെ ശിക്ഷിച്ചുഎന്നുവരാം. അങ്ങിനെ വരാതിരിക്കുന്നതിനാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഈ "ഒൺ മന്തു് ഓർ വിത്ത് ബോത്ത്" എന്ന ഭാഗംഎടുത്തുകളയണമെന്നാണെന്റെ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഈ ശിക്ഷയെങ്കിലും എടുത്തുകളയാൻ ഗവർമ്മെണ്ടിനു സന്മനസുണ്ടാകുമെന്നു വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ജെയിൽ ശിക്ഷ നിർബ്ബന്ധമായി വച്ചിട്ടില്ല. ജയിൽ ശിക്ഷയോ പിഴയോ രണ്ടുംകൂടിയോ കോടതിയുടെ യുക്തംപോലെ ചെയ്യാമെന്നാണ് പറഞ്ഞിട്ടുള്ളത്. ഗൗരവതരമായ കുറങ്ങൾക്ക് അതിനനുസരണമായ ശിക്ഷ കൊടുക്കുന്നതിലേക്കാണ് ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഈ ഭേദഗതി വേണമെന്നു തോന്നുന്നില്ല.

The amendment was put and lost.

The question that Clause 26 stand part of the Bill was put and carried.

Clause 26 was added to the Bill.

Clause 27

Sri. A. K. Patchu Pillai: I move:

In clause 27, change 'six months' to 'one month'.

സർ, ക്ലോസ് 27-നെ നമ്പർ ക്ലാസ് പാസാക്കിയതനുസരിച്ച് ഏതെങ്കിലും ഒരു തൊഴിലാളി നിയമവിരുദ്ധമായി സ്ട്രൈക്ക് ചെയ്യുന്നപക്ഷം ഒരു മാസംവരെ ശിക്ഷിക്കാം എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ക്ലോ-ാം വകുപ്പനുസരിച്ച് ഈ സ്ട്രൈക്കിനു പ്രേരിപ്പിക്കുന്ന ഒരു കുറ്റം ചെയ്യപ്പെടുന്നപക്ഷം അയാൾക്ക് ആറുമാസംവരെ ശിക്ഷകൊടുക്കാമെന്നാണിവിടെ പറഞ്ഞിരിക്കുന്നത്. ഒരു കുറ്റം ചെയ്യുന്ന ആളിനു് ഒരു മാസം ശിക്ഷയും എന്നാൽ ആ കുറ്റത്തിനു സാന്മാർഗ്ഗികമായ പ്രേരണ നൽകിയെന്ന കുറ്റത്തിനു് ന്യ മാസം എന്നും വച്ചിരിക്കുന്നതു തമ്മിൽ യാതൊരു പൊരുത്തവുമില്ലാതിരിക്കുന്ന ഒരു സംഗതിയാണു്. ബഹു. മന്ത്രി പറയുമായിരിക്കാം തൊഴിലാളി നേതാക്കന്മാരാണു് പ്രേരണ നൽകുന്നതെന്നു്. അവർക്കു് കൂടുതൽ ഉത്തരവാദിത്വമുള്ളതുകൊണ്ടു മാതൃകാപരമായ ശിക്ഷ അവർക്കു കൊടുത്തില്ലെങ്കിൽ സ്ട്രൈക്കു വളരുന്നു വരുന്നതിനിടയാകുമെന്നും പറഞ്ഞേക്കാം. എന്നാൽ അവർക്കും ഒരു വസ്തുബോധമുണ്ടു്. ഇന്നു് ആ ബോധം വളരെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ സ്റ്റേറ്റിൽ തൊഴിലാളികൾ ആരംഭിക്കുന്ന പ്രവർത്തനങ്ങളിൽ അവർ

LIBRARY ARCHIVES Kerala Legislative Assembly

പല പ്രേരണകളും, അവരുടെ വസ്തുതാൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനു് വേണ്ടതായ സഹായഹസ്തങ്ങളും തന്നേ കൊടുക്കേണ്ടതും ആവശ്യമാണു്. അല്ലെങ്കിൽ തൊഴിലാളിസംരംഭങ്ങളും പുരോഗമിക്കുകയില്ല. അങ്ങിനെ ഏതെങ്കിലു ഒരു ട്രേഡ്‌യൂണിയൻ പ്രവർത്തകന്മാർ അവരെ സഹായിക്കുകയാണെങ്കിൽ അവരെ ഇത്ര ഭീകരമായ വിധത്തിൽ കഠോരംചെയ്യുന്ന ആളിനെക്കാളും ആറിരിട്ടി കൂടുതൽ ശിക്ഷ നൽകുക എന്നുള്ളതു് വളരെ കഷ്ടമായ ഒരു സംഗതിയാണു്. ഈ മാതിരി പക്ഷപാത ബുദ്ധിയോടു തൊഴിലാളി പ്രവർത്തകന്മാരെ വീക്ഷിക്കരുതു്. അതു ശരിയായിരിക്കുകയില്ല. അതുകൊണ്ടു് ഈ സംഗതിയിലേക്കു ബഹു. മന്ത്രിയുടെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിലാളികളെ സഹായിക്കുന്നവരെ ശിക്ഷിക്കുന്നതിലേക്കു വേണ്ടിയല്ല ഈ വകുപ്പു ഇതിൽ ചേർത്തിരിക്കുന്നതു്. ഞാൻ മുമ്പു പറഞ്ഞതുപോലെ നിയമവിരുദ്ധമായ പ്രവർത്തനങ്ങളും നടത്തുന്ന തൊഴിലാളിയെ സഹായിക്കുന്നതു് ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ടു ഞാൻ ഭേദഗതിയെ എതിർക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ആർഡിനറി കോഴ്സ് ഓഫ് ഈവൻസിൽ ഒരു കുറ്റം ചെയ്ത ആളിനോ ആ കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്ന ആളിനോ കൂടുതൽ ശിക്ഷ കൊടുക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു് ഒരാളെ പ്രേരിപ്പിക്കയല്ല. അനേകം ആളുകളെ പ്രേരിപ്പിക്കുകയാണു്.

The amendment was put and lost.

Sri. K. P. Nilakanta Pillai: I demand a poll because it involves a principle.

A poll was taken when the House divided as follows.—

Ayes—12

Sri. K. P. Nilakanta Pillai	Sri. C. V. Iyyu
,, A. Thanu Pillai	,, Ittiera Ambookan
,, Sankaran Nadar	,, A Atchuthan
,, D. Gnanasigamony	,, Elias
,, K. Sivarama Pillai	

Sri. K. P. Nilakanta Pillai: I rise to a point of order. When the poll is being counted, we see an array of persons coming into the House.

Mr. Speaker: They can go to their seats.

(Poll continued).

Sri. R. K. Ram
,, A. K. Patchu Pillai
,, Ponnara G. Sreedhar

Noes—34

Sri. T. K. Narayana Pillai	Sri. A. V. Joseph
,, A. J. John	,, Alexandar Vakayil
,, P. Govinda Menon	,, N. S. Kochukunju
,, E. John Philipose	,, T. T. Kesavan Sastri
,, K. Ramakrishna Pillai	,, T. M. Sannalan
,, V. A. Abdul Aziz	,, M. Raman Pillai
,, K. R. Elankath	,, P. K. Raman
,, N. V. Chacko	,, K. Sekhara Panicker
,, P. K. Krishnankutty Menon	,, Paul Thaliath
,, G. P. Nilakanta Pillai	,, N. P. Varghese
,, P. Kunjukrishnan	,, P. M. Varghese
,, T. V. Devan	,, M. I Paul
,, A. Easwara Pillai	,, Varghese Augustine
,, Eapen Arakkal	,, Mohammed Mustafa
,, A. K. George	,, C. Narayanan
,, Tariathu Kunjithomman	,, P. Nanoo
,, P. Gopalan	
,, T. S. Bandhu	

Neutral—Nil

The amendment was declared lost.

LIBRARY ARCHIVES Kerala Legislative Assembly

Sri. Ponnara G. Sreedhar: Sir, I move that clause 27 be deleted and consequential changes in the numbering made.

സെക്ഷൻ ൨൭, ൨൮ ഡെലീറ്റ ചെയ്യണമെന്നുള്ള ഭേദഗതി ഞാൻ അയച്ചിട്ടുണ്ട്. സെക്ഷൻ ൨൭ സ്ട്രൈക്ക ചെയ്യാൻ പ്രേരിപ്പിക്കുന്ന ആശയക്കുള്ള ശിക്ഷയെക്കുറിച്ചാണ്. സെക്ഷൻ ൨൮ ധനംകൊണ്ടും മറ്റും സ്ട്രൈക്കിനെ സഹായിക്കുന്നതിനുള്ള ശിക്ഷയാണ്. സെക്ഷൻ ൨൯ ഒമിറ്റ ചെയ്യണമെന്നു പറഞ്ഞതിനുള്ള കാരണങ്ങളും തന്നെയാണ് ഇതിനും പറയുവാനുള്ളതു്. ആ കാരണങ്ങൾക്കു് ബഹു. മന്ത്രി പറഞ്ഞ ഉത്തരത്തിനു് ചില മറുപടി പറയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഈ ശവമെണ്ണും ഇൻഡ്യാഗവമെണ്ണും ടെയിഡ് യൂണിയൻ പ്രവർത്തനങ്ങളെ സഹായിക്കുവാൻ മുമ്പോട്ടു വന്നിരിക്കുന്നതായി തമ്പോറടിക്കുന്ന ഈ അവസരത്തിൽ ടെയിഡുയൂണിയനുകളുടെ ശരിയായ വളർച്ചക്കു് ഹാനിതട്ടതക്കവണ്ണമാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതു്. ഒരു സ്ട്രൈക്കിനെ സഹായിക്കുന്നതിനോ പ്രേരിപ്പിക്കുന്നതിനോ ആ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ യൂണിയനല്ലാതെ വെളിയിൽനിന്നു മറാരും തന്നെ വരാറില്ല. ഒരു യൂണിയൻ സ്ട്രൈക്കിനു പ്രേരിപ്പിച്ചാൽ അവർക്കു് അതിൽ മറുവശമുണ്ടെന്നു വിചാരിക്കുന്നതു് ശരിയല്ല. അങ്ങിനെ ആയിരുന്നുവെങ്കിൽ രാഷ്ട്രീയമായ ഉദ്ദേശത്തോടുകൂടി അന്യസംഘടനകളുടെ പ്രവർത്തനഫലമായി സ്ട്രൈക്കുണ്ടാക്കിയാൽ ൩ മാസമോ ൫ വർഷമോ ശിക്ഷ വിധിക്കുന്നതിൽ എനിക്കു് യാതൊരു വിരോധവുമില്ല. ടെയിഡുയൂണിയൻ പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സംഘടന തൊഴിലാളികളുടെ കായ്ത്തിൽ പ്രവർത്തിക്കുന്നതായാൽ അതിനെ കുറ്റകരമാക്കുന്നതു് നീതീകരിക്കത്തക്കതല്ല. അവർ ഉൾപ്പെട്ട സംഘടനയെ സഹായിക്കുന്നു എന്ന കുറ്റംമാത്രമേ അവർ ചെയ്യുന്നുള്ളു. ഒരുപക്ഷേ അതു നിയമത്തിനു വിരുദ്ധമായിരിക്കാം. ഈ ക്ലാസ് കൊണ്ടുവന്നിരിക്കുന്നതു തൊഴിലാളികളുടെ പ്രവർത്തനങ്ങളെ സഹായിക്കുവാൻ വരുന്ന ടെയിഡു യൂണിയൻ പ്രവർത്തനത്തെ അസാദ്ധ്യമാക്കുവാൻ വേണ്ടിമാത്രമാണ്. ഇപ്രകാരം ൩ മാസം ശിക്ഷയും ൫,൦൦൦ രൂപാ ഫൈനും വിധിക്കുന്നതു് തീച്ചയായും ടെയിഡുയൂണിയനുകളെ ഇല്ലാതെയാക്കുവാൻ വേണ്ടിയാണെന്നു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. വിരോധമുള്ള ഒരു യൂണിയനെ വേണമെങ്കിൽ വളരെവേഗം നടപടിയെടുത്തു നശിപ്പിക്കുവാൻ സാധിക്കും. ഒരു നിയമവിരുദ്ധമായ സ്ട്രൈക്കു് ഉണ്ടാക്കുവാൻ ഒരു മുതലാളി വിചാരിച്ചാൽമതി. മുതലാളിക്കു് തൊഴിലാളികളെ നിയമവിരുദ്ധമായ വിധത്തിൽ സ്ട്രൈക്കിൽ ഉൾപ്പെടുത്തുന്നതിനും അവരെ സ്ട്രൈക്കിനുപ്രേരിപ്പിച്ചു എന്നു സ്ഥാപിക്കുന്നതിനുംനിഷ്പ്രയാസം സാധിക്കുന്നതാണ്. തൊഴിലാളികൾ മിന്നൽ പണിമുടക്കു ഉണ്ടാക്കുന്നതു വാസ്തവത്തിൽ ആരോടും ആലോചിച്ചുകൊണ്ടല്ല. ആ സമയത്തെ ബുദ്ധിമുട്ടുകൊണ്ടു് ചിലപ്പോൾ യൂണിയനോടുപോലും ആലോചിക്കാതെയിരിക്കും തൊഴിലാളികൾ മിന്നൽ പണിമുടക്കു നടത്തുന്നതു്. യൂണിയൻ പ്രവർത്തകർക്കു യാതൊരു കാരണവശാലും ഇതിൽനിന്നും പിൻമാറുവാൻ സാദ്ധ്യമല്ല. യൂണിയൻ പ്രവർത്തകർക്കു ൩ മാസം ശിക്ഷയും ൫,൦൦൦ രൂപ ഫൈനുമായിരിക്കും ഈ വകുപ്പു് ഇതേ വിധത്തിൽ ഈ ബില്ലിൽ ഉണ്ടായിരുന്നാലുള്ള അനുഭവം. അതുകൊണ്ടു് ഈ ക്ലാസ് എടുത്തുകളയേണ്ടതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൊഴിലാളികൾക്കു സ്ട്രൈക്കുചെയ്യാനുള്ള അവകാശം ഈ ബിൽമൂലംഎടുത്തിട്ടില്ല. മിന്നൽപണിമുടക്കു ഈ ബില്ലുപ്രകാരം ഒരു കുറ്റമല്ല. സ്ട്രൈക്കു നിയമവിരുദ്ധമാകുന്നതു മൂന്നവസരങ്ങളിൽ മാത്രമാണ്. ഒരു തൊഴിൽതർക്കം ഉണ്ടാവുകയും ആ തർക്കം തീരുമാനിക്കുന്നതിനു ഗവർമ്മെണ്ടിന്റെ കൺസിലിയേഷൻ ആഫീസർമാരോ കൺസിലിയേഷൻ ബോർഡോ അല്ലാത്തപക്ഷം ഇൻഡസ്ട്രിയൽ ട്രിബ്യൂണലോ പ്രവർത്തനം തുടങ്ങിയതിന്റെശേഷം, ഏതുകാര്യം തീരുമാനിക്കുന്നതിനുവേണ്ടിയോ ഈ ആഫീസറന്മാർ അല്ലെങ്കിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതു് ആ കാര്യത്തിനു വേണ്ടിയുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ, സ്ട്രൈക്കുചെയ്യുന്നതു മാത്രമാണ് നിയമവിരുദ്ധമാക്കിയിട്ടുള്ളതു്. മറുകാര്യങ്ങളിൽ സ്ട്രൈക്കുചെയ്യുന്നതിൽ വിരോധമില്ല. നാം ഇതുവരെ പാസാക്കിയിട്ടുള്ള വകുപ്പുകളുടെയെല്ലാം അടിയിൽകിടക്കുന്ന തത്വം തൊഴിലാളികളും മുതലാളികളും തമ്മിൽ തർക്കമുണ്ടാകുമ്പോൾ അതു തീരുമാനിക്കുവാൻ വേണ്ടി ആവശ്യമായ നടപടികൾ എടുക്കണമെന്നുള്ളതാണ്. കൺസിലിയേഷൻ ആഫീസറന്മാരോ, ബോർഡോ, ഇൻസ്ട്രിയൽട്രിബ്യൂണലോ അഥവാ അഡ്ജൂഡിക്കേഷനോ തൊഴിലാളി മുതലാളി തർക്കമുണ്ടാകുമ്പോൾ അതു തീരുമാനിക്കുവാൻ ശ്രമിക്കണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

തത്വമാണ് നാം ഈ ബിൽ അംഗീകരിച്ചതുമൂലം സ്വീകരിച്ചിട്ടുള്ളത്. ഈ തത്വം അംഗീകരിച്ചതിനുശേഷം അങ്ങിനെയുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ സ്തംഭനം ചെയ്യരുതെന്നും അങ്ങിനെ ചെയ്യുന്നതു നിയമവിരുദ്ധമാണെന്നും പറയേണ്ടിയിരിക്കുന്നു. അങ്ങിനെ സ്തംഭനംചെയ്യുന്നതു നിയമവിരുദ്ധമാണെന്നു ഈ സഭ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതിനു പ്രേരണനൽകുന്ന പ്രവർത്തനങ്ങളും നിയമവിരുദ്ധമാക്കേണ്ടതു് നിയമസഭയുടെതന്നെ കർത്തവ്യമാണ്. ട്രെയിഡ്‌യൂണിയൻ പ്രവർത്തകന്മാർ അങ്ങിനെ പ്രേരണ നൽകരുതെന്നാണ് ക്ലോ–൬, ക്ലോ–൭ വകുപ്പുകളിൽ പറഞ്ഞിരിക്കുന്നതു്. ക്ലോ–൬ൽ അതിനു വേണ്ട പ്രേരണ നൽകരുതെന്നും ക്ലോ–൭ൽ ധനസഹായം ചെയ്യരുതെന്നും പറഞ്ഞതിന്റെ ശേഷം അതു എടുത്തുകളയുക എന്നുവച്ചാൽ മദ്ധ്യസ്ഥതയിൽ കാര്യങ്ങൾ തീർക്കുക എന്ന തത്വത്തെ അംഗീകരിക്കുന്നില്ലെന്നാണ് മനസ്സിലാക്കേണ്ടതു്.

The amendment was put and lost.

The question that Clause 27, stand part of the Bill was put and carried, Clause 27 was added to the Bill.

Clause 28

ശ്രീ. എ. കെ. പാച്ചുപിള്ള: I move that clause 28th deleted. സർ, ഈ ക്ലോസിനെപ്പറ്റി ചർച്ചചെയ്യുന്ന അവസരത്തിൽ, ൧൯൫൮-ൽ തിരുവിതാംകൂർ സ്റ്റേറ്റ് കാൺഗ്രസ്സിനെ അമർച്ചചെയ്യുവാൻ സർ. സി. പി. രാമസ്വാമി അയ്യരവർകൾ ചില നിയമങ്ങൾ ഇവിടെ പാസ്സാക്കുകയുണ്ടായെന്നുള്ള സംഗതി എന്റെ ഓർമ്മയിൽ വരുന്നു. അദ്ദേഹം ൧൯൫൮–ലെ ഒന്നാം ആക്ടും പത്താം ആക്ടുംകൊണ്ടു് ഈ സംഘടനയെ നിയമവിരുദ്ധമാക്കി. അങ്ങിനെയുള്ള ഒരു നിയമവിരുദ്ധസംഘടനയ്ക്കു് സഹായംചെയ്യുന്നവരെ നിർമാർജനംചെയ്യുന്നതിനുവേണ്ടി ൧൯൫൮–ലെ പത്താം ആക്ടു് ഇവിടെ പാസാക്കുകയുണ്ടായി. അതനുസരിച്ചു അപ്രകാരം പ്രവർത്തിച്ചിട്ടുള്ളവരുടെമേൽ നടപടി നടത്തുകയുമുണ്ടായി. അതുപോലെ നിയമവിരുദ്ധമാക്കിയിട്ടുള്ള ഏതെങ്കിലും ഒരു സംഘടനയ്ക്കു് അല്ലെങ്കിൽ സ്ഥാപനത്തിനു ധനസഹായംചെയ്യ എന്നുള്ള കാരണത്താൽ അവയെ ഇല്ലായ്മചെയ്യുന്നുവെന്നു് മാത്രമല്ല, അവയ്ക്കു ധനസഹായം ചെയ്യുന്നവരെപ്പോലും നിർമാർജനംചെയ്യാൻ ഉതകുന്ന അധികാരം ഗവൺമെണ്ടു കവനെന്റ്കക്ഷനവിധത്തിലുള്ള ഒരു ആക്ടായിരിക്കും ഇതു്. സ്തംഭനകൾ പല കാരണങ്ങളാലും ഉണ്ടാകാതെ തരമില്ല. അതിൽ ഉൾപ്പെട്ടവർ മിക്കവാറും പട്ടിണിക്കാരായിരിക്കും. ഏതെങ്കിലുംകാരണംകൊണ്ടു് അവർ സ്തംഭനവിളംബരംചെയ്തതിന്റെ ശേഷം പട്ടിണികിടക്കുന്നതായിക്കണ്ടു് അവർക്കു വല്ല അരിയോ നെല്ലോ കൊടുത്തു് ആരെങ്കിലും സഹായിച്ചാൽ ഈ വകുപ്പിന്റെ ഉപദ്രവത്തിനകത്തുവരുന്ന ഒരു സംഗതിയാണതു്. അതു് ഒരു സാങ്കേതിക കാരണമായിരിക്കുമെന്നു പറയുമെങ്കിലും അതിന്റെ ഫലം ആറുമാസംവരെ ജയിലിന്റെ ഇരുമ്പഴിക്കുള്ളിൽ അടയ്ക്കപ്പെടുന്ന ഭവിഷ്യത്താണ് എന്നു എല്ലാവരും ശരിയായി മനസ്സിലാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇപ്രകാരം നോക്കുന്നപക്ഷം ഭീതിയകൊണ്ടു എന്തെങ്കിലും ദാനംചെയ്യുന്നവർപോലും ശിക്ഷക്കു വിധേയരായിത്തീരും. തൊഴിലാളികൾ സമരത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ആരെങ്കിലും അവർക്കു പതിനഞ്ചുരൂപാകൊടുത്തിട്ടു് സാധുക്കളുടെകാര്യം വിജയിക്കട്ടെയെന്നു വിചാരിച്ചാൽ ആ ആൾ കുറക്കാരനായിത്തീരുന്നു. ബഹു. മന്ത്രി ദേശീയപ്രസ്ഥാനത്തിന്റെ പ്രക്ഷോഭണങ്ങൾ കൊച്ചിയിൽ നടത്തിക്കൊണ്ടിരുന്നപ്പോൾ അന്യരിൽനിന്നും സഹായധനം വാങ്ങിയിട്ടില്ലെയെന്നു ഞാൻ ചോദിക്കുന്നു. അന്നു നിലവിലിരുന്ന ഗവൺമെണ്ടിനു വേണമെങ്കിൽ അതിനെപ്പറ്റി നടപടി നടത്താമായിരുന്നു. ഇപ്രകാരം പരസഹായംകൂടാതെ ഏതു ബഹുജനപ്രസ്ഥാനമാണ് മുമ്പോട്ടു പോയിട്ടുള്ളതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഒരു പ്രസ്ഥാനം നിയമത്തിനു വിധേയമായിട്ടാണോ അല്ലയോ പ്രവർത്തിക്കുന്നതെന്നു തീരുമാനിക്കുന്നതു് അന്നു അധികാരത്തിലിരിക്കുന്ന ഗവൺമെണ്ടിന്റെ മതിവിഗതികളനുസരിച്ചാണ്. അങ്ങനെയുള്ള അഭിപ്രായങ്ങളനുസരിച്ചു ആരെങ്കിലും നിയമവിരുദ്ധമായ സ്തംഭനക്കിനു ധനസഹായം ചെയ്താൽ സെക്ഷൻ ക്ലോ അനുസരിച്ചു കുറക്കാരനായിത്തീരും. ഇപ്രകാരം ധനസഹായം ചെയ്യുന്നവരെല്ലാം വെള്ളത്തിലായിപ്പോകും. അങ്ങനെയാകുമ്പോൾ ഒരു പൊതുപ്രസ്ഥാനവും മുമ്പോട്ടുപോകയില്ല. അതുകൊണ്ടു് ഇതിന്റെ ഭവിഷ്യത്തിനെ ശരിയായി മനസ്സിലാക്കി ഈ ക്ലോസ് പിൻവലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്നമ്പിള്ളി ഗോവിന്ദമേനോൻ: വസ്തുതകളെ വിസ്മരിച്ചുകൊണ്ടാണ് ബഹു: മെമ്പർ വീണ്ടും പ്രസംഗിക്കുന്നത്. അഡ്ജൂഡിക്കേഷനു റഫർചെയ്യുതിന്റെശേഷം സ്ട്രൈക്കുചെയ്യുന്നതു കുറ്റകരമാണെന്നു തീരുമാനിച്ചതിന്റെശേഷമാണ് ഈ വകുപ്പു നാം പാസാക്കുന്നത്. അതുകൊണ്ട് സർ. സി. പി. കൊണ്ടുവന്ന നിയമങ്ങളെപ്പറ്റി പറയുന്നതു പ്രസക്തമല്ല. അന്നു സ്റ്റേറ്റ കാൺഗ്രസ്സിനെ നിയമവിരുദ്ധമാക്കണമെന്നു ഈ നിയമസഭ ഒരു നിയമം പാസ്സാക്കിയാൽ അതിനു ധനസഹായം ചെയ്യുന്നതു കുറ്റകരമാണെന്നുള്ള ഒരു നിയമവും ഈ സഭ പാസ്സാക്കേണ്ടതാണ്. അതുപോലെ അഡ്ജൂഡിക്കേഷൻ വേണമെന്നു തീരുമാനിച്ചതിന്റെശേഷം സ്ട്രൈക്കിനെ പ്രോത്സാഹിപ്പിക്കുന്നതു കുറ്റകരമാണ്.

The amendment was put and lost.

The question that Clause 28 stand part of the Bill was put and carried.

Clause 28 was added to the Bill.

Clause 29 to 31

The question that Clauses 29 to 31 stand part of the Bill was put and carried.

Clauses 29 to 31 were added to the Bill.

Cluase 32

Sri. Ponnara G. Sreedhar: Sri, I move,

"In clause 32, at the end, add the following.—

"Provided that no Trade Union or its officials and committee members shall de deemed guilty of such offence for any action of theirs".

ഈ ഭേദഗതിയുടെ ഉദ്ദേശംമാത്രം ഞാൻ മുക്കത്തിൽ പറയാം. നിയമവിരുദ്ധമായ ഏതെങ്കിലും പ്രവൃത്തികൾചെയ്യ എന്ന കുറ്റം ചുമത്തി ഏതെങ്കിലും കമ്പനിയേയോ അസോസേഷ്യനെയോ മറ്റേതെങ്കിലും സംഘടനയെയോ ശിക്ഷിക്കാമെന്നാണ് ഈ വകുപ്പിൽ പറയുന്നതു. ട്രെയിഡ്യൂണിയൻ എന്തെങ്കിലും ചെയ്താൽ അവരെ പിടിക്കുന്നതിനുള്ള സകല ഏർപ്പാടുകളും ഈ ബില്ലിൽ ചെയ്തിട്ടുണ്ട്. അതാണ് വളരെ രസകരമായിരിക്കുന്നതു. ട്രെയിഡ്യൂണിയൻ പ്രവർത്തനങ്ങളെ കുറ്റകരമാക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു. ട്രെയിഡ്യൂണിയൻപ്രവർത്തനം വികസിപ്പിച്ചുകൊണ്ടുവരണമെന്ന ആഗ്രഹംകൊണ്ടാണ് ഞാൻ ഈ ഭേദഗതി സ്വീകരിക്കണമെന്നാവശ്യപ്പെടുന്നതു.

ശ്രീ. പന്നമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഭേദഗതി ആവശ്യമാണെന്നു എനിക്കു തോന്നുന്നില്ല. ഈ നിയമംവകുപ്പു പ്രത്യേകമായിട്ടുള്ള ഒരു തെളിവുനിയമം കൊണ്ടുവന്നിരിക്കുകയാണ്. അല്ലാതെ അതു ട്രെയിഡ്യൂണിയൻ പ്രവർത്തനത്തെ തടസപ്പെടുത്താനുള്ളതല്ല. ഒരു കമ്പനിയോ അസോസിയേഷനോ കുറ്റക്കാരാണെന്നുകണ്ടാൽ.....

ശ്രീ. പൊന്നറ ജി. ശ്രീധർ: ട്രെയിഡ്യൂണിയൻ പ്രവർത്തനങ്ങളെ ഇതു ബാധിക്കുകയില്ലേ?

ശ്രീ. പന്നമ്പിള്ളി ഗോവിന്ദമേനോൻ: ബാധിക്കുകയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: എങ്കിൽ എനിക്കു പരാതിയില്ല. ഞാൻ എന്റെ ഭേദഗതി പിൻവലിക്കുന്നു.

The amendment was withdrawn with the leave of the House.

The question that Clauses 32 to 34 stand part of the Bill was put and carried.

Clauses 32 to 34 were added to the Bill.

Clause 35

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ ക്ലാസിനു മറ്റൊരു ഭേദഗതിക്കുടി ഞാൻ അയച്ചിരുന്നു. പക്ഷെ അതു ഈ ലിസ്റ്റിൽ കാണുന്നില്ല. രണ്ടാം ഉപവകുപ്പിനെ സംബന്ധിച്ചു ഭേദഗതിമാത്രമേ ഈ ലിസ്റ്റിൽ ചേർത്തുകാണുന്നുള്ളൂ. ഒന്നാം ഉപവകുപ്പിനെ സംബന്ധിച്ചും അതുപോലൊരു ഭേദഗതി ഞാൻ അയച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

With the permission of the Speaker I would like to move that amendment. It does not find a place in the list here. It is to omit the portion coming after the word "entitled" on page 19 first line that is, in clause 35.

Mr. Speaker: The original before me does not contain that. The other amendment may be moved.

Sri. Ponnara G. Sreedhar: Sir, I move,

"In clause 35, sub-clause (2) the remaining portion of the sentence after the words 'by this section' found in the 3rd line, be deleted."

ഈ നിയമംകൊണ്ട് ഗവമ്മെണ്ടു കറെ കരിങ്കാലികളെ (തൊഴിലാളിഭാഷയിൽത്തന്നെ ഞാൻ സംസാരിക്കുകയാണ്.) വളത്താനാണുദ്ദേശിച്ചിരിക്കുന്നതെന്നു തോന്നിപ്പോകുന്നു. യൂണിയൻ നിർദ്ദേശങ്ങൾക്കു വിപരീതമായി തൊഴിലാളി താല്പര്യങ്ങൾക്കു വിപരീതമായി പ്രവത്തിക്കുന്ന ആളുകൾക്ക് ചില സംരക്ഷണകൾ ചെയ്തുകൊടുക്കുകയാണ് ഈ വകുപ്പുകൊണ്ടു ഗവമ്മെണ്ടു ചെയ്തിരിക്കുന്നതു്. ഒരു പൊതു സ്ട്രൈക്ക് നടക്കുമ്പോൾ അതിനു വിപരീതമായി അതിൽ പങ്കെടുക്കാതിരിക്കുന്നവരെയാണു തൊഴിലാളികൾ സാധാരണയായി കരിങ്കാലി എന്നു വിളിക്കുന്നതു്. അങ്ങനെ തൊഴിലാളികളുടെ പൊതു താല്പര്യത്തിനു എതിരായിപ്രവത്തിക്കുന്ന കരിങ്കാലികളെ സംരക്ഷിക്കുന്നതിനുള്ള ഒരു നിയമമാണിതു്. ഒന്നാം ഉപവകുപ്പിൽ പറയുന്നതു്,

"Or be liable to be placed in any respect, either directly or indirectly, under any disability or at any disadvantage as compared with other members of the union or society, anything to the contrary in the rules of a trade union or society not with standing." എന്നാണു്. ഇതനുസരിച്ചു് ഒരു അസോസ്യേഷനോ, സൊസൈറ്റിയൊ ട്രേഡ്യൂണിയനൊ എന്തായാലും ശരി അതിലെ മറ്റംഗങ്ങൾക്കുള്ള എല്ലാ അവകാശങ്ങളും ഈ കരിങ്കാലിക്കും കൊടുക്കണം എന്നാണു് clause നിർദ്ദേശിക്കുന്നതു്. അതായതു് യൂണിയന്റെ കമ്മിറ്റി മെംബറാകാനും, സെക്രട്ടറിയാകാനുംപോലും അയാൾക്കും അവകാശമുണ്ടെന്നാണു്. വേറൊരുഭാഗത്തു പറയുന്നുണ്ടു് സ്ട്രൈക്കിൽ പങ്കെടുക്കാതിരിക്കുന്നതിൽ ഒരുവനു് എതെങ്കിലും കുഴപ്പം നേരിടുകയാണെങ്കിൽ ഒരു സിവിൽ കോടതിമുഖാന്തിരം അയാൾക്കു് സങ്കടപരിഹാരം നേടാവുന്നതാണെന്നും സങ്കടപരിഹാരത്തിനു ആവശ്യം വേണ്ടിവരുന്ന തുക യൂണിയനിൽനിന്നും ഈടാക്കിക്കൊടുക്കാമെന്നും. ഭേദഗതിയോടുകൂടിയാണെങ്കിൽ ഈ ഉപവകുപ്പു് ഇങ്ങനെ വായിക്കാം.

"Nothing in the rules of a trade union or society requiring the settlement of dispute in any manner shall apply to any proceeding for enforcing any right or exemption secured by this section."

അതായതു് ഇതിൽ നാംവരിയിൽ by this section എന്നുള്ളതു കഴിഞ്ഞു് ബാക്കിയുള്ളതെല്ലാം എടുത്തുകളയണമെന്നാണു് ഭേദഗതി. ഈ വ്യവസ്ഥ ഈ വിധംതന്നെ ഇരിക്കുന്നതു് ഞാൻ നേരത്തെ പറഞ്ഞതുപോലെ തൊഴിലാളികൾക്കു് ഗവമ്മെണ്ടിന്റെ തൊഴിലാളിനയത്തിൽ കൂടുതൽ അവിശ്വാസം ജനിക്കുന്നതിനുമാത്രമേ ഉതകുകയുള്ളു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഈ ഭേദഗതിയേയും എതിർക്കുന്നു. ഭേദഗതി നാ 3-ാം വകുപ്പു് രണ്ടാം ഉപവകുപ്പിനെ സംബന്ധിച്ചാണെങ്കിലും മെംബർ പ്രസംഗിച്ചതുമുഴുവൻ മൂന്നാം ഉപവകുപ്പിനെ സംബന്ധിച്ചാണു്. നിയമാനുസൃതമായി പ്രവത്തനം നടത്തുന്ന യൂണിയനംഗങ്ങളെ നിയമമനുസരിച്ചു പ്രവത്തിച്ചുവെന്നുള്ള കാരണംകൊണ്ടു് കറക്കാരായി ഗണിക്കുകയില്ലെന്നു മാത്രമേ ഇതിൽ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ടു് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

The question that Clauses 35and 36 stand part of the Bill was put and carried.
Clauses 35 and 36 were added to the Bill.

Clause 37

Sri. K. Karunakaran: Sir, I move.

"In clause 37 (1) delete the word 'registered' before the words 'Trade Union' and add after the said words 'Trade Unions' the words 'in which that workman is a member."

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. Karunakaran]

സർ, ഈ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു അഡ്ജൂഡിക്കേഷൻ നടപടികളെ കാലതാമസപ്പെടുത്തുകയൊ തടസ്സപ്പെടുത്തുകയൊ ചെയ്യുന്നതുകളെ അകറ്റിനിറുത്തുക എന്നുള്ളതാണു്. അഡ്ജൂഡിക്കേഷൻ വ്യവസ്ഥയിൽ വിശ്വാസമില്ലാത്തവരും രാഷ്ട്രീയലക്ഷ്യങ്ങൾക്കു വേണ്ടി തൊഴിലാളികളെ ചൂഷണംചെയ്യുന്നവരുമായ ഒരു വിഭാഗം ആളുകൾ ഈ രാജ്യത്തുണ്ടെന്നുള്ളതു പരമാർത്ഥം മാത്രമാണു്. അഡ്ജൂഡിക്കേഷൻ നടപടികൾ കാലതാമസപ്പെടുത്തിക്കൊണ്ടുപോയാൽ അഡ്ജൂഡിക്കേഷനിൽ തൊഴിലാളികൾക്കുള്ള വിശ്വാസം നശിക്കുമെന്നുള്ളതിനാൽ ഏതെങ്കിലും ഒരു തൊഴിലാളിയെക്കൊണ്ടു അനാവശ്യമായ തർക്കംകൊടുത്തു നടപടി ദീർഘിപ്പിക്കുവാൻ സാധിക്കും. ഉദാഹരണമായി, ഒരു തൊഴിൽശാലയിലെ തൊഴിൽ തർക്കം അഡ്ജൂഡിക്കേഷനു് റഫർ ചെയ്തതിനുശേഷം ആ അഡ്ജൂഡിക്കേഷൻ നടപടികൾ പുരോഗമിച്ചുകൊണ്ടുപോകുന്നതു വേഗത്തിൽ ആനുകൂല്യങ്ങൾ സമരംകൂടാതെ നേടുകയും ചെയ്യുമ്പോൾ തൊഴിൽ ശാലയിലെ സംഘടനയ്ക്കു കൂടുതൽ ശക്തിയുണ്ടാകുന്നതിനെ ഭയപ്പെടുന്ന കക്ഷികൾ അഡ്ജൂഡിക്കേഷനെ എതിർത്തുനില്ക്കുന്ന അല്പം ചില തൊഴിലാളികൾ ഉണ്ടെങ്കിൽ അവരെ കൂട്ടുപിടിച്ചു തർക്കം കൊടുപ്പിക്കാനും കൂടുതൽ സാക്ഷികളെകൊടുത്തു അഡ്ജൂഡിക്കേഷൻ നടപടികൾ ദീർഘിപ്പിക്കാനും തടസ്സപ്പെടുത്താനും സാധിക്കും. കൊച്ചി വിഭാഗത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, യൂണിയനുകൾ രജിസ്റ്റർ ചെയ്തിരിക്കണമെന്നുള്ള യാതൊരു നിർബ്ബന്ധവ്യവസ്ഥയും ഇപ്പോഴില്ല. അതിനാൽ പലതും രജിസ്റ്റർ ചെയ്തിട്ടില്ല. തൻമൂലം ഈ നിയമം പാസ്സായാലുടനെ അഡ്ജൂഡിക്കേഷൻ കോടതിയിൽ ഹാജരാകുന്നതിൽനിന്നും പല യൂണിയൻ ഭാരവാഹികളെയും മാറിനിറുത്താൻ സാധിക്കും. എന്നു മാത്രമല്ല, യൂണിയനില്ലാത്ത സ്ഥലങ്ങളുമുണ്ടു്. അങ്ങനെയുള്ള ഒരു സ്ഥലത്തു ഒരു തൊഴിൽക്കുഴപ്പം ഉണ്ടാവുകയാണെങ്കിൽ, അതിനുവേണ്ടി അഡ്ജൂഡിക്കേഷൻ കോടതിയിൽ ഹാജരായി വാദിക്കുന്നതിനു തല്ക്കാലികമായി ഒരു സംഘടന രൂപീകരിച്ചു പ്രവർത്തിക്കാൻ സാധിക്കാതെവരും. യൂണിയൻ രജിസ്റ്റർ ചെയ്തായിരിക്കണമെന്നു വ്യവസ്ഥചെയ്യുന്നതുകൊണ്ടു ഈവക കുഴപ്പങ്ങൾ പലതുമുണ്ടാകും. ഇന്നൊരു മുന്നു മാസത്തെ കാലതാമസമെങ്കിലുംകൂടാതെ ഒരു യൂണിയൻ രജിസ്റ്റർ ചെയ്തുകിട്ടാൻ സാദ്ധ്യമല്ല. ആ നിലയ്ക്കു അഡ്ജൂഡിക്കേഷൻകൊണ്ടു തൊഴിലാളികൾക്കു ഉണ്ടാകാവുന്ന ഗുണത്തെ തടസ്സപ്പെടുത്താനും കാലതാമസപ്പെടുത്താനും മുതലാളിവർഗ്ഗത്തിനിന്നപോലും സൗകര്യമുണ്ടാക്കി കൊടുക്കുന്ന ഒരു വ്യവസ്ഥയാണിതു്. ആ വ്യവസ്ഥ ഇല്ലാതാക്കാൻ വേണ്ടിയുള്ളതാണു എന്റെ ഭേദഗതി. അതു സഭ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഈ ഭേദഗതി സ്വീകരിക്കുന്നു. ഈ ഭേദഗതിക്കു അനുകൂലമായി ബഹുമാനപ്പെട്ട മെംബർ പറഞ്ഞതിൽ കൂടുതലായി എനിക്കൊന്നും പറയാനില്ല.

Sri. A. Thanu Pillai: Should not Trade Unions be registered in Cochin?

Sri. Panampilli Govinda Menon: Not compulsory.

Mr. Speaker: Shall I take it that the House has no objection in accepting the amendment?

The amendment was adopted.

The question that Clause 37 as amended stand part of the Bill was put and carried.

Clause 37 as amended was added to the Bill.

Clause 38

The question that Clause 38 stand part of the Bill was put and carried.

Clause 38 was added to the Bill.

Clause 39

Sri. Ponnara G. Sreedhar: Sir, I move. In clause 39, sub-clause (2), delete whole of sub-part (b), and renumber the next sub-part as(b).

ചില രൂപം ഉണ്ടാക്കുന്നതിനു് ഗവണ്മെണ്ടിനു് അധികാരം നൽകുന്നതായ ക്ലാസ്സിന്റെ ഒരു വിഭാഗം എടുത്തുകളയണമെന്നാണു് ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്.

In particular and without prejudice to the generality of the foregoing powers, such rules may provide for all or any of the following matters, namely,—

LIBRARY ARCHIVES Kerala Legislative Assembly

(b) the constitution and functions of and the filling of vacancies in Works Committees, and the procedure to be followed by such Committees in the discharge of their duties;" എന്നുള്ള താണു് ആ വിഭാഗം. ഈ ബിൽ മുഴുവൻ വായിച്ചുനോക്കുകയാണെങ്കിൽ ഈ വർക്സ് കമ്മറിയുടെ ജോലിയെപ്പറ്റി ഒന്നും കാണുന്നില്ല. മൂന്നാം സെക്ഷനിലാണു് വർക്സ് കമ്മറിയെപ്പറ്റി പറഞ്ഞിരിക്കുന്നതു്. അവരുടെ ജോലി എന്താണെന്നു ഒന്നും പറഞ്ഞിട്ടില്ല. കടശ്ശിയിൽ വർക്സ് കമ്മിറ്റിയുടെ ഘടന, അതിന്റെ ജോലി, അതിൽ ഒഴിവുവന്നാൽ എങ്ങനെല്ലാം വിധത്തിലാണു് നടത്തേണ്ടതു് എന്നുള്ളതിനെപ്പറ്റിയെല്ലാം റൂംസുണ്ടാക്കുവാനുള്ള അധികാരം ഗവണ്മെണ്ടിനുണ്ടായിരിക്കുമെന്നാണു് പറഞ്ഞിരിക്കുന്നതു. ടേഡ് യൂണിയൻ പ്രസ്ഥാനംതന്നെ ഇല്ലായ്ചെയ്യുന്നതിനുള്ള ഒരു നടപടിയായിട്ടാണു് തൊഴിലാളികൾ ഇതിനെ വീക്ഷിക്കുന്നതു്. ഇതു് വായിച്ചുകഴിഞ്ഞാൽ യാതൊരു ആവശ്യവുമില്ലാതെ വർക്സ് കമ്മിറ്റി ഉണ്ടാക്കുന്നതായിട്ടാണു് കാണാൻ കഴിയുന്നതു്. അവക്കു് യാതൊരു ജോലിയുമില്ല. സെക്ഷൻ നാംപ്രകാരം ഒരു അനുരഞ്ജന നടപടി അവർ എടുക്കണമെന്നുണ്ടു്. ഈ വർക്സ് കമ്മിറ്റി ഉണ്ടാക്കുന്നതു് മുതലാളികളാണു്. ഗവണ്മെണ്ടിന്റെ നിർദ്ദേശമനുസരിച്ചു് മുതലാളികൾ ഒരു വർക്സ് കമ്മിറ്റി ഉണ്ടാക്കണം. എത്ര മുതലാളികളുടെ പ്രതിനിധികളുണ്ടോ അത്രയും തൊഴിലാളികളുടെ പ്രതിനിധികളും വേണമെന്നാണു് പറഞ്ഞിട്ടുള്ളതു്. ഇങ്ങിനെയൊരു വർക്സ് കമ്മിറ്റിയുണ്ടാക്കിയിട്ടു് ടെയിഡ് യൂണിയന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടാണു് ഈ ക്ലാസ്സു് ഡിലീറ്റ് ചെയ്യണമെന്നു് ഞാൻ പറയുന്നതു്. ഇതു് കഴിയുന്നതുംവേഗം ഡിലീറ്റ് ചെയ്കയാണു് വേണ്ടതു്. അതുകൊണ്ടു് ഈ ഭേദഗതി സഭയുടെ അംഗീകരണത്തിനായി ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, വർക്സ് വേണമെന്നു് സഭ തീരുമാനിച്ചുകഴിഞ്ഞു. വേണമെന്നു് തീരുമാനിച്ചുകഴിഞ്ഞതിനുശേഷം അതിനു് ആവശ്യമായ റൂംസു് ഉണ്ടാക്കുവാനുള്ള അധികാരം കൂടാതെ നിവർത്തിയില്ല. റൂം ഉണ്ടാക്കുന്ന കാര്യത്തെപ്പറ്റി അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാം. എന്നാലും റൂംസു് ഉണ്ടാക്കുവാനുള്ള അധികാരം കൂടാതെ നിവർത്തിയില്ല. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കുവാൻ നിവർത്തിയില്ല.

The amendment was put and lost.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞാൻ അടുത്ത ഭേദഗതി മൂവു് ചെയ്യുന്നു. In clause 39 (3), the amount be reduced to ten from 'fifty'

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതിനെ എതിർക്കുന്നു.

The amendment was put and lost.

The question that Clauses 39 and 40 stand part of the Bill was put and carried.

Clauses 39 and 40 were added to the Bill.

Clause 41

Sri. Panampilli Govinda Menon: I move the following amendment. Renumber clause 41 as sub-clause (1) of that clause. In sub-clause (1)—

(*i*) omit the word 'and' occurring in line 1 and insert the word 'and between the figures '1122' and the word 'the' occurring first in line 3;

(*ii*) omit the words and figures 'and the Travancore-Cochin Industrial Disputes Ordinance, 1950 (V of 1950)' occurring in line 3, 4 and 5.

After sub-clause (1) insert the following sub-clause.—

"(2) Not withstanding the expiry of the Travancore-Cochin Industrial Disputes Ordinance, 1950 (V of 1950) all orders made, action taken arbitration, conciliation or adjudication proceedings or other legal proceedings commenced or things done in the exercise of any power conferred by or under the said Ordinance shall, for all purposes, be deemed to have been made, taken commenced or done in the exercise of the powers conferred by or under this Act; and any arbitration, conciliation or adjudication proceedings or other legal proceedings pending immediately prior to the commencement of this Act may be continued or enforced as if this Act had commenced on the 11th day of February 1950."

ഈ ഭേദഗതിയുടെ ഉദ്ദേശം സ്പഷ്ടമാണു്. ആർഡിനൻസു് പ്രകാരമുള്ള ഡിപ്പാർട്ട്മെണ്ടു നടപടികളെ സാധുകരിക്കുന്നതിനു് വേണ്ടിയാണിതു്. അല്ലെങ്കിൽ അതിനെപ്പറ്റി വാദമുണ്ടായി എന്നുവരാം.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: Sir, how does it arise? When Clause 41 is to be retained in its entirety, what is the position in including in sub-clause (2) these provisos—

"Provided that such repeal shall not affect any right, etc....."

All that is necessary is contained in clause 41 (1) according to the amendment.

Sri. Panampilli Govinda Menon: The reason is this. There are two Acts. The Travancore Industrial Disputes Act that was repealed by an Ordinance and the Cochin Adjudication Proclamation and Cochin Trade Disputes Act. These Acts were in force. Steps were taken under the Ordinance. I may frankly say that I doubt whether the Ordinances expired yesterday or today.

Sri. A. Thanu Pillai: When you retain the Proviso to Clause 41 as it is, do you want a new sub-clause as sub-clause (2)?

Sri. Panampilli Govinda Menon: The Proviso will be useful if this Act comes into force on a day on which the Ordinance has not expired. There is some doubt whether the Ordinance has expired or not. So, this saving Clause is necessary.

Sri. A. Thanu Pillai: Is it not unnecessary duplication?

Sri. D. Gnanasigamony: Sir, to me it appears as duplication because provisos (a), (b), (c) and (f) are practically clauses (a) to (e) of the General Clauses Act Section 4. If it is repealed the General Clauses Act will apply word for word. Evidently, the Hon'ble Minister wants to cover it by the Proviso that is, sub-clause (2). Therefore, it appears to me that this proviso must go or sub-clause (2) must go. Even otherwise this sub-clause (e) is unnecessary because that will be covered by the sub-clauses (b) or (e). If the Act is repealed the General Clauses Act will apply. So it appears to me that it is unnecessary. The Hon'ble Minister fears that the Ordinance has expired. Even then, this clause will not save. In this connection I would like to refer to the Privy Council reference to this matter as reported in the A.I.R. 1949 (Federal Court) at Page 187.

"In my opinion, this contention is not sound.....Act V of 1949 enacted an amendment in the Original Act of 1947 which had died a natural death on 16th March 1948. Unless that Act was revived, no amendment made in it could be of any effect. The only apt manner of reviving the expired Act was by enacting a fresh statue expressly saying that that Act is herewith revived."

If the contention of the Hon'ble Minister that the Act has expired is not going to save the situation, Sub-clause (e) is unnecessary because there is the General Clauses Act. It would be better if this Government follows the practice obtained in England in this respect. In the course of the same judgment the Chief Justice had occasion to remark like this:

Page 178:

"In England it is the practice to pass an Expiring Laws Continuance Act each session and to put into a schedule each temporary Act which it is intended to continue. When however an Act is not continued by a further statute, before the expiration of the time mentioned in the temporary Act, but a Bill has been introduced for its extension which has not been passed and, therefore, has not become a statute, it is provided by the Acts of Parliament Expiration Act, 1808, that if the Bill subsequently becomes a statute it would be considered as if it has been a statute from the date the Bill was introduced."

So that, such an Act may with advantage be passed here also and these difficulties may not arise. Otherwise, according to the rules the accepted objects of legislation would come to an end.

Sri. Panampilli Govinda Menon: Clause 41 deals with the effect of repealing the three Acts mentioned therein.

Sri. A. Thanu Pillai: As a point of information may I know whether the Ordinance did not say that the Cochin Trades Disputes Act was repealed and the Travancore-Cochin Industrial Disputes Ordinance, 1950 was extended?

Sri. Panampilli Govinda Menon: But then, there is a point of view that the result of the Ordinance saying that the previous Act has been repealed will be only to keep the Act under suspension. Therefore, it is sought to be provided in the way in which it has been provided. The second portion of the Clause deals with the effect of repealing the Ordinance.

LIBRARY ARCHIVES Kerala Legislative Assembly

Sri. A. Thanu Pillai: May I know whether the Ordinance did not specifically mention that the Cochin Act was repealed?

Sri. Panampilli Govinda Menon: That is one point of view. Then, Sir, Mr. Gnanasigamony referred to certain cases. The application of that decision of the case in point can be considered only if we know what the Act was and what the Amendment was. Whatever that be, this is one way of getting over the trouble.

The amendment was put and carried.

The question that Clause 41 as amended stand part of the Bill was put and carried.

Clause 41 as amended was added to the Bill.

Clause 10

Amendment No. 16 was withdrawn.

Sri. Panampilli Govinda Menon: Sir, I move:

"In clause 10, sub-clause 4 (a) may be omitted and sub-clause 4 (b) re-numbered as sub-clause (4)."

The result of this amendment will be that the express power given to withdraw a reference is taken away.

The amendment was put and carried.

The question that Clause 10 as amended stand part of the Bill was put and carried.

Clause 10 as amended was added to the Bill.

Schedule

Sri. Ponnara G. Sreedhar: I move:

Delete the whole of the Schedule.

Sri. Panampilli Govinda Menon: Sir, I oppose it.

Sri. A. Thanu Pillai: Sir, I support that amendment. Whatever may be considered today as utility service as provided in Clause 2, sub-clause (1), what is sought to be secured by the Schedule is that Government should have the power to declare certain other services also as public utility service. The grounds given are on public emergency or public interest. My submission is that in matters relating to public emergency this is not the place to provide. There must be other laws to deal with situations which may be characterised as emergency. We have got the Public Safety Act and I think that ample power is given therein. Therefore, there is no occasion for it here. Then, there is the ground of public interest. That is more objectionable. In Clause 2 (1) (v) it is provided like this:—

"any industry specified in the Schedule which Government may, if satisfied that public emergency or public interest so requires, by notification in the Gazette declare to be a public utility service for the purposes of this Act, for such period as may be specified in the notification."

Beyond this Government wants the power to declare at any time any industry as utility service industry in the name of public interest. This, I think, is too tall an order. This I think is objectionable.

Sri. Panampilli Govinda Menon: We have already accepted the following a clause 2 (1) (v):

"any industry specified in the Schedule which Government may, if satisfied that public emergency or public interest so requires,....."

Sri. A. Thanu Pillai: We did not deal with the Schedule then. That is not the way we should view the passing of certain provisions. Suppose if the Schedule is deleted before the passing of the Bill?

Sri. Panampilli Govinda Menon: In passing clause 2 (1) (v) we adverted to the question whether on consideration of public emergency, or on consideration of public utility, power should be vested with Government or not and declared certain services as public utility services. Not that the House is being prevented from again adverting to the question. There is nothing wrong or vicious included in the Schedule. A few industries have been included in the Schedule. After all, they are only three in number. Nobody can question

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

that the Transport Service is a public utility concern. When an emergency or occasion requires that service can be brought under this provision. I therefore oppose the amendment.

The amendment was put and lost.

The question that the Schedule stand part of the Bill was put and carried.

The Schedule was added to the Bill.

The Preamble and the Title were also adopted.

Sri. Panampilli Govinda Menon : I move that the Bill as amended be passed.

The motion was put and carried.

The Bill as amended was passed.

The Agricultural Income-Tax Bill—(*cont.*)

Mr. Speaker : There are three lists of amendments to the Bill. The supplemental lists have also been made available to the Members. Certain amendments received only today have also been duly distributed, I believe.

Sri. A. Thanu Pillai : Sir, I should like to make a suggestion. Any way, you will remember that we were given very little time to give notice of amendments. So, if the Bill is taken into consideration tomorrow morning we can look at all these amendments and come prepared.

The House accepted the suggestion.

The House adjourned at 4-15 p.m. to meet again at 11 a.m. on Tuesday, the 18th April 1950.

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly